# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2013 വാല്യം 40 ലക്കം 5 | ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് | പേജ് 16 വില 5.00 രൂപ


# എല്ലാറ്റിനും തീവില എന്തുകൊണ്ട്? എന്തുചെയ്യണം?

**മു**ൻകാലങ്ങളിലൊന്നും നേരിടേണ്ടിവന്നിട്ടില്ലാത്ത അതീവദുസ്സഹമായ വിലക്കയറ്റത്തിന് ജനങ്ങൾ ഇന്ന് ഇരയായിരിക്കുന്നു. ഏതൊരു വിലക്കയറ്റത്തിന്റെ വേളയിലും വിലകയറാതെ തുടരുന്ന എന്തെങ്കിലും നിത്യോപയോഗ സാധനങ്ങളുണ്ടാകാറുണ്ട്. എന്നാൽ ഇപ്പോൾ, വിലമാനംമുട്ടെ ഉയരാത്തതായി ഒരു സാധനവും അവശേഷിക്കുന്നില്ല എന്നതാണ് സ്ഥിതിവിശേഷം. അരിയുടെ വില കുതിച്ചുയരുകയാണ്. പച്ചക്കപ്പയും പച്ചമത്തിയുംപോലും സാധാരണക്കാരന് അപ്രാപ്യമായിരിക്കുന്നു. ഫലത്തിൽ പരിമിതമായ ദിവസവരുമാനംകൊണ്ട് ജീവിതംതള്ളിനീക്കുന്ന ലക്ഷോപലക്ഷം പാവപ്പെട്ടവർ നിസ്സഹായരായി പകച്ചുനിൽക്കുന്നു എന്നതാണ് സാഹചര്യം. കഴിഞ്ഞ രണ്ടുമാസത്തിലേറെയായി നിർത്താതെ പെയ്യുന്ന മഴയിൽ ഉൽപ്പാദന–നിർമ്മാണ മേഖലകളെല്ലാം സ്തംഭനാവസ്ഥയിലായി എന്നതിനാൽ പതിനായിരങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന ഈ ദുരിതവേളയിൽത്തന്നെയാണ് വിലക്കയറ്റം വിശ്വരൂപമെടുത്തിരിക്കുന്നത്.

വിലക്കയറ്റം തടയുവാൻ നടപടികളെടുക്കാൻ സർക്കാരുകൾ തയ്യാറാകുന്നില്ല എന്നുമാത്രമല്ല നിസ്സഹായാവസ്ഥയിലായിരിക്കുന്ന ജനങ്ങളെ അവഹേളിക്കുന്നതിന് മുൻപന്തിയിലുണ്ടുതാനും. അട്ടപ്പാടിയിൽ കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 42 നവജാതശിശുക്കൾ മരണപ്പെട്ടതോ, കുട്ടനാട് കഴിഞ്ഞ രണ്ടുമാസത്തിലേറെയായി വെള്ളത്തിലാണ് എന്നതോ, മത്സ്യത്തൊഴിലാളികൾ കഴിഞ്ഞ രണ്ടുമാസമായി കടലിൽപോയിരുന്നില്ല എന്നതോ ഒന്നും നമ്മുടെ ഭരണാധികാരികൾക്ക് മന:പ്രയാസം ഉണ്ടാക്കുന്നില്ല. അട്ടപ്പാടിയിലെ അമ്മമാർ പോഷകാഹാരം കഴിക്കുന്നില്ലെന്നും അവർ മദ്യപിക്കുന്നതുകൊണ്ടാണ് കുഞ്ഞുങ്ങൾ മരണപ്പെടുന്നതെന്നും കണ്ടെത്താൻ അവർക്ക് ഏറെ വിഷമിക്കേണ്ടിവന്നില്ല. നവജാതശിശുക്കൾ മരണപ്പെടുന്നതിന്റെ ഏറ്റവും അടിസ്ഥാന കാരണം അമ്മമാർ അനുഭവിക്കുന്ന പോഷകാഹാരക്കുറവാണ് എന്നതാണ് യാഥാർത്ഥ്യമെന്നിരിക്കേ അട്ടപ്പാടിയിലെ ജനങ്ങളെ വിടാതെ പിടിമുറുക്കിയിരിക്കുന്ന ദാരിദ്ര്യമാണ് ഇതിലൂടെ വെളിച്ചത്തുവരുന്നത്. അല്ലാതെ സുഭിക്ഷതയുടെ നടുവിൽ പട്ടിണികിടക്കാൻ എന്തായാലും അട്ടപ്പാടിയിലെ അമ്മമാർ തയ്യാറാവില്ലല്ലോ. കുട്ടനാട്ടിൽ മത്സരിച്ച് ഒരു ദിവസത്തെ റോഡ് ഷോ നടത്തിയതോടെ സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും ഉത്തരവാദിത്തം അവസാനിച്ചു. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ അശേഷം പരിഗണിക്കുന്നില്ല ഭരണാധികാരികൾ എന്നതാണ് ഓരോ സംഭവങ്ങളും തെളിയിക്കുന്നത്.

ഇതിനിടയിലാണ് ആസൂത്രണക്കമ്മീഷൻ ഇന്ത്യയിലെ ദാരിദ്ര്യക്കണക്കുകൾ പുറത്തുവിട്ടിരിക്കുന്നത്. നഗരങ്ങളിൽ 33.3 രൂപയും ഗ്രാമങ്ങളിൽ 27.2 രൂപയും ദിവസവരുമാനമുള്ളവരെ ചവിട്ടിക്കയറ്റി ദാരിദ്ര്യരേഖയ്ക്ക് മുകളിലാക്കി ക്രമീകരിച്ചിരിക്കുന്നു ആസൂത്രണക്കമ്മീഷൻ. ഇന്നത്തെ വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ ഒരു കിലോ അരിയോ ഒരു കിലോ കപ്പയോ വാങ്ങുവാൻപോലും മതിയാകുന്ന ഒരു തുകയല്ലിത് എന്നത് വ്യക്തമായിരിക്കെ ഇതിന്റെ അർത്ഥമെന്താണ്? രാജ്യത്തെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾക്കുനേരെ മനഃപൂർവ്വം കണ്ണടയ്ക്കുന്നതാണ് ഈ

(ശേഷം 4–ാംപേജിൽ)




വിലക്കയറ്റത്തിനും അഴിമതിക്കുമെതിരെ സംസ്ഥാനവ്യാപകമായി ജില്ലാകേന്ദ്രങ്ങളിൽ ജൂലൈ 31 ന് അധികാരകേന്ദ്രങ്ങൾക്കുമുമ്പിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു. കോട്ടയത്തെ കളക്ട്രേറ്റ് മാർച്ച് (മുകളിൽ) വിശദമായ റിപ്പോർട്ട് ഉൾപ്പേജിൽ..



## സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണം

(1923 ആഗസ്റ്റ് 5 – 1976 ആഗസ്റ്റ് 5)

**"കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പരിത്യാഗത്തിന്റെ ആദർശമല്ല. കമ്മ്യൂണിസ്റ്റുകളെന്ന നിലയിൽ നാം യാതൊന്നും ത്യജിക്കുന്നില്ല. വിലകെട്ടതും അതിസാധാരണവും ക്ഷുദ്രവുമായ ഒരു ജീവിതം ഉപേക്ഷിച്ചിട്ട് ശ്രേഷ്ഠമായ ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുന്നു– അതുമാത്രമാണ് നാം ചെയ്യുന്നത്. അതിനെ ത്യാഗമെന്ന് വിളിക്കുന്നതെങ്ങനെ?"**

# രാഷ്ട്രീയാശ്ലീലമായി മാറിയ സോളാർ തട്ടിപ്പും സോളാർ സമരവും

**ക**ഴിഞ്ഞ രണ്ട് മാസമായി കേരള രാഷ്ട്രീയത്തെ 'പിടിച്ചുകുലുക്കുന്ന' സോളാർ വിവാദത്തിന്റെ പിറകിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം അഭിമുഖീകരിക്കുന്ന ഗൗരവതരമായ ഒരു പ്രശ്നവും അന്തർഭവിച്ചിട്ടില്ല എന്ന് കഴിഞ്ഞ ലക്കം യൂണിറ്റിയിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. സോളാർ തട്ടിപ്പിന് കൂട്ടുനിന്നവർക്കും അതുയർത്തി രാഷ്ട്രീയമുതലെടുപ്പിന് ശ്രമിക്കുന്നവർക്കും സങ്കുചിത ലക്ഷ്യങ്ങൾ മാത്രമേയുള്ളൂവെന്നും ഞങ്ങൾ വ്യക്തമാക്കിയിരുന്നു. ഇവ അക്ഷരംപ്രതി ശരിവയ്ക്കുന്ന സംഭവവികാസങ്ങളാണ് തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സോളാർ വിവാദത്തിന്റെ യഥാർത്ഥ രാഷ്ട്രീയ താൽപ്പര്യമെന്തെന്ന് പിന്നിടുന്ന മാസത്തെ സംഭവഗതികൾ വ്യക്തമാക്കിയിരിക്കുന്നു.

സോളാർ തട്ടിപ്പിന്റെ ഉത്തരവാദിത്വമേറ്റെടുത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൽ.ഡി.എഫ് നടത്തുന്ന സമരത്തിന്റെ വേദിയിൽ നിന്ന് വളരെ പൊടുന്നനെയാണ് കേരളാ കോൺഗ്രസ്സിന്റെ നേതാവായ കെ.എം.മാണിയെ എന്തുകൊണ്ട് മുഖ്യമന്ത്രിയാക്കിക്കൂടാ എന്ന് സിപിഐ(എം)പൊളിറ്റ് ബ്യൂറോ മെമ്പർ കോടിയേരി ബാലകൃഷ്ണന്റെ വക ചോദ്യമുയർന്നത്. തന്റെ യോഗ്യത തിരിച്ചറിഞ്ഞ സിപിഐ(എം)നിലപാടിൽ സന്തോഷമുണ്ടെന്ന് ലജ്ജാവിവശനായി മന്ത്രി മാണി മറുപടി പറഞ്ഞതോടെ കേരള രാഷ്ട്രീയത്തിൽ പൊടുന്നനെ ഒരു തിരയിളക്കം രൂപപ്പെട്ടു. സോളാർ സമരത്തിന്റെ തനിരാഷ്ട്രീയം അങ്ങിനെ മറനീക്കി പുറത്തുവന്നു. മന്ത്രിസഭയെ മറിച്ചിടില്ലെന്ന തങ്ങളുടെ മുൻനിലപാടിന് മറിയ രാഷ്ട്രീയ സാഹചര്യത്തിൽ പ്രസക്തിയില്ലെന്ന് എസ്.രാമചന്ദ്രൻ പിള്ള ദില്ലിയിൽ പ്രസ്താവിച്ചു. കെ.എം.മാണി മാന്യനായ രാഷ്ട്രീയനേതാവാണെന്നായി സിപിഐ സംസ്ഥാനസെക്രട്ടറി സഖാവ് പന്ന്യൻ രവീന്ദ്രൻ. പി.സി.ജോർജ്ജാകട്ടെ കോൺഗ്രസ്സിനും മുഖ്യമന്ത്രിക്കുമെതിരെയുള്ള ആക്രമണത്തിന്റെ ശക്തിവർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. അങ്ങിനെ ആകെക്കൂടി മാണിയെ മുഖ്യമന്ത്രിയാക്കാനുള്ള ഒരു പുറപ്പാടിന്റെ നീക്കം അന്തരീക്ഷത്തിൽ ശക്തിപ്പെട്ടു. പ്രതിപക്ഷത്തെ സിപിഐ(എം) ഉൾപ്പടെയുള്ള കക്ഷികളുടെ അടിയന്തിരനേതൃയോഗങ്ങൾ വിളിച്ചുചേർക്കപ്പെട്ടു. നിരവധിയായ തട്ടിക്കിഴിക്കലുകളുടെ ഒടുവിൽ ഒരു ചേരിമാറ്റം തങ്ങളെ രാഷ്ട്രീയമായി സഹായിച്ചേക്കില്ല എന്ന് മാണിയുടെ പാർട്ടി വിലയിരുത്തി പിൻവാങ്ങിക്കഴിഞ്ഞപ്പോൾ പൊടുന്നനെ പ്രതിപക്ഷനിരയിലെ ഏവരും ആദർശാത്മക രാഷ്ട്രീയത്തിന്റെ വക്താക്കളായി മാറി. മന്ത്രിസഭയെ മറിച്ചിടാൻ തങ്ങളില്ല എന്നായി പ്രസ്താവന. നിലവിലുള്ള മന്ത്രിസഭയി

(ശേഷം 2–ാംപേജിൽ)

# സോളാർ തട്ടിപ്പും സോളാർ സമരവും

(ഒന്നാം പേജിൽ നിന്ന്)

ൽ നിന്ന് പുറത്തുവന്ന് ഇടത്പക്ഷത്തിന്റെ നേതൃത്വത്തിൽ പുതിയതൊന്ന് തട്ടിക്കൂട്ടാൻ മാണി തയ്യാറാണെന്ന് പരസ്യമായി പ്രഖ്യാപിച്ചാൽ ഈ തത്വാധിഷ്ഠിതക്കാരെല്ലാം കൂടെക്കൂടുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതു തന്നെയായിരുന്നു ലക്ഷ്യവും. അത് പാളിപ്പോയത് ഇടതുപക്ഷത്തിന്റെ ആദർശംകൊണ്ടല്ല, മറിച്ച് മാണി തയ്യാറല്ല എന്നതുകൊണ്ട് മാത്രമാണ്. സങ്കുചിതമായ പാർലമെന്ററി താൽപ്പര്യം മാത്രമേ സോളാർ സമരത്തിന്റെ പിറകിലുള്ളൂ എന്ന് അങ്ങിനെ വ്യക്തമായി.

അഴിമതിക്കെതിരായ സത്യസന്ധമായ നിലപാടിന്റെ കണികപോലും ഇടതുപക്ഷത്തിന്റെ സമരത്തിനില്ല. മറിച്ച് ജനങ്ങളുടെ നികുതിപ്പണം ഖജനാവിൽ നിന്ന് കുത്തിച്ചോർത്തുന്ന രാഷ്ട്രീയ അഴിമതിയുടെ കാര്യത്തിൽ ഭരണ – പ്രതിപക്ഷ സമവായം സോളാർ തട്ടിപ്പിന്റെ തലേന്നും ജനങ്ങൾ കണ്ടതാണ്. യൂസഫലി എന്ന വ്യവസായ പ്രമുഖൻ പോർട്ട് ട്രസ്റ്റിന്റെ ഏകദേശം 400 കോടിരൂപയോളം വിലയുള്ള ഭൂമി നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഗുരുതരമായപ്രശ്നം ഉയർന്നുവന്നപ്പോൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പരസ്യമായി യൂസഫലിക്കുവേണ്ടി രംഗത്തുവരുന്നത് നാം കണ്ടു. ബോൾഗാട്ടി പദ്ധതിയിൽ നിന്ന് പിന്മാറാൻ അനുവദിക്കില്ല എന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. എന്തായിരുന്നു 'അഴിമതി വിരുദ്ധ പ്രസ്ഥാനമായ' സിപിഐ(എം)ന്റെ നിലപാട്? ഒരു കാരണവാശാലും യൂസഫലിയെ തങ്ങൾ വിഷമിപ്പിക്കില്ലെന്നും പദ്ധതിയിൽ നിന്ന് പിന്മാറേണ്ടതില്ലെന്നും പിണറായി വിജയൻ പരസ്യമായി പ്രഖ്യാപിച്ചു. ക്രമക്കേട് തങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമേ ചെയ്യുന്നുള്ളൂ എന്നും അദ്ദേഹം പ്രസ്താവിച്ചു. സിപിഐ(എം)ന്റെ ഗ്രൂപ്പ് യുദ്ധത്തിൽ വി.എസ്സ് പക്ഷത്തിനെതിരെ ഒരു വടിയായി യൂസഫലിയുടെ ഭൂമി തട്ടിപ്പിനെ ഉപയോഗിക്കാൻ തയ്യാറെടുത്ത് പത്രസമ്മേളനം നടത്തിയ നേതാക്കന്മാർ പൊടുന്നനെ അപ്രത്യക്ഷരായി. എല്ലാവരുടെയും തെറ്റിദ്ധാരണ മാറിയതിൽ സന്തോഷമുണ്ടെന്നും പദ്ധതിയിൽ നിന്ന് പിന്മാറില്ല എന്നും യൂസഫലി പ്രഖ്യാപിച്ചു. അങ്ങിനെ എല്ലാ വിവാദവും പൊടുന്നനെ കെട്ടടങ്ങി. 'അഴിമതി വിരുദ്ധ മാധ്യമങ്ങളും' പൊടുന്നനെ നിശ്ശബ്ദരായി.

ഇതേ കാര്യങ്ങളുടെ ആവർത്തനമാണ് കളമശ്ശേരി എച്ച്.എം.ടിയുടെ ഭൂമിയുടെ കാര്യത്തിലും ഈയിടെ സംഭവിച്ചത്. ഇടത് സർക്കാരിന്റെ കാലത്ത് എച്ച്.ഡി.ഐ.എൽ എന്ന കമ്പനിക്ക് എച്ച്.എം.ടിയുടെ ഭൂമി നൽകിയത് അഴിമതിയാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടതാണ്. അന്ന് ഭൂമി കൈവശപ്പെടുത്തിയ കമ്പനി ഇപ്പോൾ പ്രസ്തുത ഭൂമി വിൽക്കാൻ പത്രപരസ്യം നൽകിയിരിക്കുന്നു. എളമരം കരിമിന്റെ നേതൃത്വത്തിൽ നടന്ന ഇടപാട് റിയൽ എസ്റ്റേറ്റ് കച്ചവടം മാത്രമായിരുന്നുവെന്ന് അന്നുയർന്ന വിമർശനം അക്ഷരംപ്രതി ശരിയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ബോധപൂർവ്വം മൗനം പാലിച്ചുകൊണ്ട് ഇടത് കൂട്ടരെ സംരക്ഷിക്കുന്നു. ഈ പരസ്പര സഹായ സഹകരണ രാഷ്ട്രീയം ദൃഢമായി നിൽക്കുമ്പോൾ സോളാറിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് ഇടത് മുന്നണി ഇത്ര വീറ് കാട്ടുന്നത്.

തട്ടിപ്പും വെട്ടിപ്പുമായി നടന്ന സോളാർ നടത്തിപ്പുകാർക്ക് കോൺഗ്രസ്സ് നേതാക്കളുമായി വഴിവിട്ട ബന്ധമുണ്ടായിരുന്നുവെന്നത് സംശയരഹിതമായി സ്ഥാപിക്കപ്പെട്ടതാണ്. ഈ അവിഹിത ഏർപ്പാടിന്റെ സംഭവപരമ്പരകളുടെ പ്രചാരണപരമായ ആനുകൂല്യം ഉപയോഗപ്പെടുത്തി കോൺഗ്രസ്സിനെ രാഷ്ട്രീയമായി കൈകാര്യം ചെയ്യുക എന്ന പരിമിതമായ രാഷ്ട്രീയലക്ഷ്യം മാത്രമേ സോളാർ സമരത്തിനുള്ളൂ. പാർലമെന്റ് തെരഞ്ഞെടുപ്പിൽ കുറെ സീറ്റുകൾ തരപ്പെടുത്താനുള്ള വീണുകിട്ടിയ ഒരു അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുക എന്നത് മാത്രമാണ് ലക്ഷ്യം. അഴിമതിയെ ഇല്ലാതാക്കുക എന്ന ഒരു അജണ്ട ഈ സമരത്തിന് തീരെയില്ല. ചന്ദ്രശേഖരൻ വധത്തോടെ ജനങ്ങളിൽ നിന്നൊറ്റപ്പെട്ടവർക്ക് ഒരു തിരിച്ചുവരവ് സാധിച്ചെടുക്കുക എന്ന ഉദ്ദേശമാണുള്ളത്. അത് നേടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി വേണമെങ്കിൽ ഒരു തെരഞ്ഞെടുപ്പാകാം.

ഞങ്ങൾ തെരഞ്ഞെടുപ്പിന് തയ്യാർ എന്ന പിണറായി വിജയന്റെ പ്രസ്താവന മറയില്ലാതെ കാര്യം വെളിവാക്കി. യുഡിഎഫിനെ മറിച്ചിടാനുള്ള കരുനീക്കങ്ങളും പയറ്റിനോക്കിയെങ്കിലും ഫലം കണ്ടില്ല. എന്തായാലും ലക്ഷ്യം കസേര തന്നെ. തട്ടിപ്പ് നടത്തിയവരും കൂട്ടുനിന്നവരും ശിക്ഷിക്കപ്പെടണമെന്നോ ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കണമെന്നോ യാതൊരു നിർബ്ബന്ധവുമില്ല.

മുഖ്യമന്ത്രി രാജിവയ്ക്കുക, ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുക എന്ന ഡിമാന്റുന്നയിച്ച് സമരമാരംഭിച്ച പ്രതിപക്ഷത്തിന് പതിവുപോലെ തെരുവിലെ അക്രമപ്പേക്കൂത്തോടെയാണ് സമരം തുടങ്ങിയത്. പിന്നെ രാപ്പകൽ സമരമായി. അത് സെക്രട്ടേറിയറ്റിനുമുന്നിൽ നിന്നാരംഭിച്ച് ജില്ലാ കേന്ദ്രങ്ങൾ കറങ്ങിത്തിരിഞ്ഞ് വീണ്ടും സെക്രട്ടേറിയറ്റിനുമുന്നിലെത്തും. ഓരോ ഘട്ടങ്ങളിലും സൗകര്യപൂർവ്വം പിൻവാങ്ങി വിശ്രമിച്ച് വീണ്ടും കോലാഹലമുണ്ടാക്കി വീണ്ടും വിശ്രമിച്ച് പാർലമെന്റ് തെരെഞ്ഞെടുപ്പ് വരെ കാലം കഴിക്കുക എന്നതാണുദ്ദേശമെന്ന് വ്യക്തം. ഉമ്മൻചാണ്ടിയെ സരിതയും ശാലുമേനോനുമായും കൂട്ടിയിണക്കി ഒരു നാലാംകിട സിനിമയുടെഹരം പകരാൻ ഉള്ള ശ്രമം സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന സെക്രട്ടേറിയറ്റ് നടയിലെ പരിപാടികൾ മുതൽ താഴെത്തലം വരെ ദൃശ്യമായിരുന്നു. സമരവേദിയിൽ നടക്കുന്ന രാഷ്ട്രീയ പ്രസംഗങ്ങളും വിശദീകരണങ്ങളും വഴി നാടിന്റെ രാഷ്ട്രീയ – സാമൂഹ്യരംഗത്ത ഒരശ്ലീലമായി സോളാർ സമരം മാറിക്കഴിഞ്ഞു.

രാഷ്ട്രീയ മാന്യതയും ധാർമ്മികതയും കണികയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ മുഖ്യമന്ത്രി രാജിവയ്ക്കുകയാണ് വേണ്ടതെന്ന് ഞങ്ങൾ കഴിഞ്ഞ യൂണിറ്റിയിൽ പറഞ്ഞിരുന്നു. പിന്നിട്ട മാസത്തെ സംഭവവികാസങ്ങൾ ഈ അഭിപ്രായം അത്എത്രമാത്രം രാഷ്ട്രീയവും ധാർമ്മികവുമായ ഒരനിവാര്യതയാണെന്ന് തെളിയിക്കുകയും ചെയ്യുന്നു. സോളാർതട്ടിപ്പ് കേസിൽ കോടതിയുടെ പങ്കും ഇന്ന് വിമർശനവിധേയമായിരിക്കുകയാണ്. സരിത എഴുതി നൽകിയ മൊഴിയുടെ സ്വഭാവം സംശയമുണർത്തുന്നതാണ്. അതിൽ പോലീസ് ഇടപെടൽ ഉണ്ടായിട്ടുണ്ടോ? ഉന്നതരെ ഒഴിവാക്കാൻ സരിത വില പേശിയോ? ഇങ്ങനെ പല കാര്യങ്ങളും ഇനിയും വ്യക്തമാകാനുണ്ട്. എന്തായാലും, നീതിന്യായ സംവിധാനം കൂടി ഈ തട്ടിപ്പിൽ പരോക്ഷമായെങ്കിലും ഇടപെട്ടിട്ടുണ്ടെങ്കിൽ അത് അതീവഗൗരവമുള്ള ഒരു വിഷയമണ്. ഇതിന്റെയല്ലാം പിന്നിൽ നടന്നിട്ടുള്ള അന്തർനാടകങ്ങൾ സ്വതന്ത്രവും നീതിപൂർവ്വകവുമായ അന്വേഷണത്തിലൂടെ പുറത്തുവരണം. അതിന് കളമൊരുക്കേണ്ട യുഡിഎഫ് ഭരണം അത് ചെയ്യുന്നില്ല.

എന്നാൽ രാജിവച്ചുകൊണ്ട് ധാർമ്മികതയും രാഷ്ട്രീയ സദാചാരവും അനുവർത്തിക്കാത്ത ഒരാളെ കഴുത്തിന് പിടിച്ച് അത് പഠിപ്പിക്കുവാൻ മുഷ്ക് കാട്ടുന്നത് എന്തുതരം ജനാധിപത്യമാണ്. യുഡിഎഫും മുഖ്യമന്ത്രിയും പ്രദർശിപ്പിക്കുന്ന രാഷ്ട്രീയ ജീർണ്ണതയെ സംബന്ധിച്ച് ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാം, ഇത്തരം ആളുകളെ ഒറ്റപ്പെടുത്താനായി ശരിയായ നിലപാട് കൈക്കൊള്ളാൻ ജനങ്ങളെ പ്രേരിപ്പിക്കാം, അതിന് ജനാധിപത്യം അനുവർത്തിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കാം. എന്നാൽ വ്യക്തികൾക്കു നേരെയുള്ള കൈയ്യേറ്റങ്ങളുടെ സ്വഭാവത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ജനാധിപത്യത്തിന് ഭൂഷണമല്ല.

കേരള യാത്ര അവസാനിക്കുമ്പോൾ മന്ത്രിയാകാമെന്ന മോഹനപ്രതീക്ഷയുമായാണ് രമേശ് ചെന്നിത്തല ഇറങ്ങിപ്പുറപ്പെട്ടത്. രണ്ടാം സ്ഥാനക്കാരനെന്ന പദവിയും പ്രമുഖമായ വകുപ്പും ലഭിക്കാതെ വന്നപ്പോൾ രമേശ് ചെന്നിത്തലയും കൂട്ടരും ഗ്രൂപ്പുപോരിന് ആക്കംകൂട്ടി. കൃത്യം ഒരാഴ്ച പിന്നിട്ടപ്പോൾ സോളാർ തട്ടിപ്പിന്റെ വാർത്തകൾ പുറത്തുവന്നു. തട്ടിപ്പ് പുറത്തുവന്നതിനുപിന്നിൽ ഈ വക താൽപ്പര്യങ്ങൾക്കൊക്കെ പങ്കുണ്ട് എന്ന സംശയം ബലപ്പെടുന്നതിവിടെയാണ്. തട്ടിപ്പുകൾ എല്ലാക്കാലത്തും നടക്കുന്നുണ്ട്. ഇക്കുറിയും നടക്കും. പക്ഷേ, എന്തെങ്കിലും പുറംലോകം അറിയണമെങ്കിൽ ഗ്രൂപ്പ് യുദ്ധം മുറുകണം. ഇടതുപക്ഷത്തിന്റെ തനിനിറം പുറത്തുവന്നത് അച്യുതാനന്ദൻ ഗ്രൂപ്പ് തുനിഞ്ഞിറങ്ങിയപ്പോഴായിരുന്നല്ലോ. ഈ ഗ്രൂപ്പിനെതിരെയുള്ള പടനീക്കമാണ് ഇപ്പോൾ യൂസഫലിയുടെ ഭൂമി ഇടപാട് പുറത്തുകൊണ്ടുവരാനിടയാക്കിയതും.

നമ്മുടെ രാഷ്ട്രീയ രംഗത്തെ വലിയൊരപചയത്തിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. എല്ലാ തിന്മകൾക്കും പിന്നിൽ ഭരണപക്ഷ-പ്രതിപക്ഷ സമവായമുണ്ട്. കൂടെ നിൽക്കുന്നവർ കാലുവാരുമ്പോൾ സത്യം പുറത്തുവരുന്നു. ഗ്രൂപ്പ് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ എല്ലാ പ്രശ്നങ്ങളും അവസാനിച്ചതായി അവർ പ്രഖ്യാപിക്കും. തട്ടിപ്പിന്റെയും അഴിമതിയുടെയും കൊലപാതകത്തിന്റെയും പെൺവാണിഭത്തിന്റെയുമൊക്കെമേൽ മൂടുപടമിടാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കും. കോടതികൾപോലും ഈ ഹീനപദ്ധതിയിൽ പങ്കാളികളാകും.

ഓരോ സമരവും ജനങ്ങളിൽ ഉയർന്ന അവകാശബോധവും രാഷ്ട്രീയ പ്രബുദ്ധതയും സൃഷ്ടിക്കുന്നതാകണം. ഉയർന്ന ധാർമ്മിക മൂല്യങ്ങൾ സമൂഹത്തിലേയ്ക്ക് പ്രസരിപ്പിക്കുന്നതാകണം. ഇവിടെ സമത്തിന്റെ പേരിൽ ജനങ്ങളുടെ നിലവാരം ഒന്നുകൂടി താഴ്ത്താനാണ് ശ്രമിക്കുന്നത്. ഓരോ സമരവും ജനങ്ങളെ കൂടുതൽ സമരോത്സുകരാക്കുകകൂടി വേണം. എന്നാൽ സങ്കുചിത ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ഈ സമരങ്ങൾ ജനങ്ങളെ സമത്വിമുഖരാക്കുന്നു. ദൂരവ്യാപകമായ പ്രത്യാഘാതമാണ് ഇത് സൃഷ്ടിക്കുന്നത്.

നയപരമായ വിഷയങ്ങൾ ഒഴിവാക്കി അഴിമതിപോലുള്ള വിഷയങ്ങളിൽമാത്രം ഊന്നൽ നൽകുന്നതും ദുരുദ്ദേശപരമാണ്. ഭരണപക്ഷത്തിന്റേതായാലും പ്രതിപക്ഷത്തിന്റേതായാലും നയങ്ങൾ ഒന്നുതന്നെയാണ്. ഇരുകൂട്ടരും ഒന്നുപോലെ മുതലാളിവർഗ്ഗസേവകരുമാണ്. പദാവലികളിലും വിശദാംശങ്ങളിലും മാത്രമേ വ്യത്യാസമുള്ളൂ. അപ്പോൾ എങ്ങനെയാണ് ജനദ്രോഹപരമായ നയങ്ങൾക്കെതിരെ പൊരുതുക? അത് സാദ്ധ്യമല്ല. എന്നാൽ നിഷ്ക്രിയമായിരിക്കാൻ ഒട്ട് കഴിയുകയുമില്ല. അപ്പോൾ ജനങ്ങൾ കൈയൊഴിയും. പിന്നെ ചെയ്യാവുന്നത് ചില വിഷയങ്ങളിൽ കടിച്ചുപിടിച്ച് ഒട്ടും ആത്മാർത്ഥതയില്ലാത്ത ചടങ്ങുസമരം നടത്തി ജനങ്ങൾക്കു വേണ്ടിയുള്ള പോരാളികളെന്ന പ്രതീതി സൃഷ്ടിക്കുകയാണ്. എല്ലാം വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ വോട്ടായി മാറും എന്ന കണക്കുകൂട്ടലിലാണ് നടത്തപ്പെടുന്നത്. കരുണാകര ഭരണത്തിൽ ജനങ്ങൾ പൊറുതിമുട്ടിയപ്പോൾ, എങ്കിൽ ഞങ്ങളെവോട്ട് ചെയ്ത് അധികാരത്തിലെത്തിച്ചോളൂ എന്ന് അന്നത്തെ 'ഇടതുപക്ഷക്കാർ' ആഹ്വാനം ചെയ്തത് ഈ പാർലമെന്ററി രാഷ്ട്രീയക്കസർത്തിന്റെ ഉദാഹരണമാണ്. ഇന്ദിരാഗാന്ധി ദാരുണമായി കൊല്ലപ്പെട്ടപ്പോൾ കുറ്റവാളികളെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കുന്നതിനുപകരം അനുഭാവതരംഗം മുതലെടുക്കാൻ മകനെത്തന്നെ മുൻനിർത്തി അധികാരക്കസേര ഉറപ്പാക്കാൻ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച കോൺഗ്രസ്സും ഇതേ രാഷ്ട്രീയം തന്നെയാണ് അനുവർത്തിക്കുന്നത്.

മാദ്ധ്യമങ്ങളുടെ പങ്കുകൂടി പരിശോധിക്കേണ്ടതുണ്ട്. കലക്കവെള്ളത്തിൽ മീൻ പിടിക്കാനാണ് ബൂർഷ്വാമാദ്ധ്യമങ്ങൾ ശ്രമിക്കുന്നത്. ജനങ്ങളിൽ തരംതാണ കൗതുകമുണർത്തി പത്രം വിൽക്കാനും ചാനലുകൾക്കുമുന്നിൽ ആളുകളെ പിടിച്ചിരുത്താനും മാദ്ധ്യമങ്ങൾ ശ്രമിക്കുന്നു. ഐഎസ്ആർഒ ചാരക്കേസിൽ മാദ്ധ്യമങ്ങൾ വഹിച്ച പങ്ക് ഏറെ വിമർശനവിധേയമായിരുന്നല്ലോ. കൂടുതൽ വികാരമുണ്ടാക്കാൻപോന്ന ഒരു വിഷയം കിട്ടുന്നതുവരെ മാത്രമേ അവർ എത്ര പ്രധാനപ്പെട്ട വിഷയവും ചർച്ചചെയ്യൂ. ഒന്നിലും പരിഹാരമുണ്ടാകണമെന്ന് താൽപ്പര്യമില്ല. ഇത് അങ്ങേയറ്റം നിരുത്തരവാദപരമായ നിലപാടാണ്. ബൂർഷ്വാ ജനാധിപത്യത്തിന്റെ സർവ്വാംഗീണമായ അധഃപതനത്തെയാണ് ഇത് വെളിവാക്കുന്നത്.

അഴിമതി ഉൽപ്പാദിപ്പിക്കുന്ന ഒരു വ്യവസ്ഥയിൽ അതിന് ആത്യന്തികമായി പരിഹാരം പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. ജീവിതദുരിതങ്ങൾ അധികരിപ്പിക്കുന്ന മുതലാളിത്ത വ്യവസ്ഥയെ മാറ്റിത്തീർക്കാതെ അഴിമതി തുടച്ചുനീക്കാനാവില്ല. എന്നാൽ അതുവരെ നിഷ്ക്രിയമായിരിക്കുകയല്ല വേണ്ടത്. ജനങ്ങളുടെ അസംതൃപ്തിയും രോഷവും ശരിയായ ദിശയിലേയ്ക്ക് നയിക്കാനാണ് സാമൂഹ്യമാറ്റത്തിനായി നിലകൊള്ളുന്നവർ ശ്രമിക്കേണ്ടത്. നീറുന്ന ജീവിത പ്രശ്നങ്ങൾ മുൻനിർത്തിയുള്ള ശക്തവും വ്യാപകവുമായ സമരങ്ങൾ വളർത്തിയെടുക്കണം. അഴിമതിക്കെതിരായ സമരവും ഇതിന് അനുപൂരകമായേ നടത്താൻ കഴിയൂ. അതിന് ഉയർന്ന ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ സാംസ്ക്കാരിക മുന്നേറ്റം സൃഷ്ടിച്ചെടുക്കണം. ഒരു കുറ്റവാളിയും രക്ഷപ്പെടില്ല എന്നുറപ്പാക്കാൻ അതിലൂടെ മാത്രമേ സാധിക്കൂ.

മുതലാളിവർഗ്ഗ രാഷ്ട്രീയം സ്വാർത്ഥതയിലധിഷ്ഠിതമാണ്. എന്ത് ഹീനമാർഗ്ഗമവലംബിച്ചും സ്വന്തം ലാഭം പെരുപ്പിക്കാൻ ശ്രമിക്കുന്ന മുതലാളിവർഗ്ഗത്തെയാണത് സേവിക്കുന്നത്. നേരെമറിച്ച്, തൊഴിലാളിവർഗ്ഗ രാഷ്ട്രീയം സാമൂഹികതയിലും നിസ്വാർത്ഥതയിലും അധിഷ്ഠിതമാണ്. മുതലാളിത്ത വ്യവസ്ഥ ഇന്നത്തെ മനുഷ്യന്റെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ അശക്തമാണ്. അത് കാലഹരണപ്പെട്ടു കഴിഞ്ഞു. അതുകൊണ്ടുതന്നെ അത് സമൂഹത്തിൽ ജീർണ്ണത പടർത്തിക്കൊണ്ടിരിക്കും. കോൺഗ്രസ്സിന്റെ രാഷ്ട്രീയം പ്രതിനിധാനം ചെയ്യുന്നത് ഈ ജീർണ്ണമായ സാമൂഹ്യവ്യവസ്ഥയെ അണ് എന്നുള്ളതുകൊണ്ടാണ് ഭയാനകമായ അഴിമതിയുടെ വാർത്തകൾ ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്നത്. ഏതെങ്കിലുമൊരു ഭരണാധികാരി അഴിമതി രഹിതനായതുകൊണ്ടുമാത്രം മുതലാളിത്തത്തിൽ അഴിമതി ഇല്ലാതാക്കാനാവില്ല. ജീർണ്ണത പടർത്തുന്ന വ്യവസ്ഥിതി മാറേണ്ടതുണ്ട്. ഈ വ്യവസ്ഥയെ സംരക്ഷിക്കാൻ വേണ്ടി നിലകൊള്ളുന്നവർ വ്യക്തിപരമായി അഴിമതിരഹിതരാണെങ്കിലും അവരും സമൂഹത്തെ ദുഷിപ്പിക്കുന്നതിൽ പങ്കുവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷക്കാർ എന്നവകാശപ്പെട്ടുകൊണ്ട് ആ ചുമതല നിറവേറ്റുന്നവരും ഇതേ ദ്രോഹം തന്നെയാണ് സമൂഹത്തിന് ചെയ്യുന്നത്.

ചുരുക്കത്തിൽ, അഴിമതിക്കെതിരെ കോലാഹലമുണ്ടാക്കി വോട്ടുപിടിക്കാനും അധികാരക്കസേരകൾ ഉറപ്പാക്കാനും ശ്രമിക്കുന്ന കാപട്യക്കാർ മാത്രമല്ല, വ്യക്തിപരമായ നിലപാടുകളിലൂടെയും പരിശ്രമത്തിലൂടെയും അഴിമതിക്ക് അന്ത്യം കുറിക്കാം എന്നു കരുതുന്ന ശുദ്ധഗതിക്കാരും അബോധപൂർവ്വം ഈ ജീർണ്ണതയ്ക്ക് ആക്കം വർദ്ധിപ്പിക്കുകയാണ്. തൊഴിലാളിവർഗ്ഗ മൂല്യങ്ങളിൽ അടിയുറച്ച ബൃഹത്തായ ജനമുന്നേറ്റം സൃഷ്ടിച്ചെടുക്കുക എന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്തുകൊണ്ടേ അഴിമതിക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കാനാകൂ. തട്ടിപ്പിന്റെയും അഴിമതിയുടെയും ഞെട്ടിക്കുന്ന വിവരങ്ങൾ ഓരോദിവസവും പുറത്തുവന്നുകൊണ്ടിരിക്കുമ്പോൾ ഈ ശരിയായ ദിശയിലുള്ള പ്രവർത്തനമാണ് അത് നമ്മോടാവശ്യപ്പെടുന്നത് എന്ന് തിരിച്ചറിയുക.

## ആഗസ്റ്റ് 5-ന് സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ സമ്മേളനം

# മഹാനായ ആചാര്യന്റെ പാഠങ്ങൾ സ്വാംശീകരിക്കുവാൻ വേണ്ടിയുള്ള ജീവിതസമരമേറ്റെടുക്കുക

**- സഖാവ് മണിക് മുഖർജി**




അനുസ്മരണസമ്മേളനത്തിനുമുന്നോടിയായി കോഴിക്കോട് നഗരത്തിൽ നടന്ന പ്രകടനം

**ഈ** യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികനും ഇൻഡ്യൻ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽസെക്രട്ടറിയും, തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവും ആചാര്യനും മാർഗ്ഗദർശിയും സമുന്നത മാർക്സിസ്റ്റ് ചിന്തകരിൽ ഒരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് അന്തരിച്ചിട്ട് 37 വർഷം തികയുന്ന ദിനമായ ആഗസ്റ്റ് 5 സ.ശിബ്ദാസ് ഘോഷ് അനുസ്മരണദിനമെന്ന നിലയിൽ രാജ്യവ്യാപകമായി സമുചിതം ആചരിക്കപ്പെട്ടു. മഹാനായ ഗുരുനാഥന്റെ അമൂല്യങ്ങളായ പാഠങ്ങൾ പുനരാവർത്തി പഠിക്കാനുള്ള അവസരമെന്ന നിലയിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ആഗസ്റ്റ് 5ന് പാർട്ടി ഓഫീസുകളിലും സെന്ററുകളിലും സഖാക്കൾ ചെങ്കൊടിയുയർത്തി. സഖാവ് ഘോഷിന്റെ ചിത്രത്തിൽ പൂക്കളർപ്പിച്ചു. അദ്ദേഹത്തിന്റെ ചിത്രം ആലേഖനം ചെയ്ത ബാഡ്ജ് ധരിച്ചു. മഹാനായ നേതാവിന്റെ പാഠങ്ങൾ അനുസ്മരിക്കുന്ന സമ്മേളനങ്ങൾ സംഘടിപ്പിച്ചു.

പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ പാർട്ടി പോളിറ്റ്ബ്യൂറോ അംഗം സഖാവ് മണിക് മുഖർജി മുഖ്യപ്രസംഗം നടത്തി. കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ സ്വാഗതം പറഞ്ഞു. സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവരും സംസ്ഥാനകമ്മിറ്റിയംഗങ്ങളും വേദിയിൽ ഉപവിഷ്ടരായിരുന്നു.

യോഗത്തിന് മുന്നോടിയായി നഗരത്തിൽ ആവേശോജ്ജ്വലമായ പ്രകടനം നടന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടെ നൂറ് കണക്കിന് പേർ പ്രകടനത്തിൽ പങ്കെടുത്തു. തുടരെ പെയ്തുകൊണ്ടിരുന്ന കനത്ത മഴയെ വകവയ്ക്കാതെ നൂറുകണക്കിന് പേർ യോഗത്തിൽ പങ്കെടുത്തു.

സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിത്രത്തിൽ പൂക്കളർപ്പിച്ചുകൊണ്ടാണ് യോഗം ആരംഭിച്ചത്. സ.മണിക് മുഖർജിയും, സ.സി.കെ.ലൂക്കോസും, എല്ലാ ജില്ലകളിലെയും പാർട്ടി കമ്മിറ്റികളുടെയും കോംസൊമോൾ സംസ്ഥാനകമ്മിറ്റിയുടെയും, എഐയുറ്റിയുസി, എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ, മെഡിക്കൽ സർവ്വീസ് സെന്റർ എന്നീ സംഘടനകളുടെ സംസ്ഥാന ഘടകത്തിന്റെയും പ്രതിനിധികൾ പുക്കളർപ്പിച്ചു. തുടർന്ന് സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനം ആലപിക്കപ്പെട്ടു. തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനത്തോടെയാണ് യോഗം അവസാനിച്ചത്.

സഖാവ് മണിക് മുഖർജി തന്റെ പ്രസംഗത്തിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ അമൂല്യങ്ങളായ സംഭാവനകളെപ്പറ്റി പറഞ്ഞു. എസ്‌യുസിഐ(സി) രൂപീകരിച്ച വർഷമായ 1948-ൽത്തന്നെ സ.ശിബ്ദാസ് ഘോഷ്, കമ്മ്യൂണിസ്റ്റ് ക്യാമ്പിന്റെ സ്വയംവിമർശനം എന്ന ചരിത്രപ്രധാനമായ കൃതിയിലൂടെ, അന്നത്തെ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിലുണ്ടായിരുന്ന ഗുരുതരമായ പരിമിതികൾ ചൂണ്ടിക്കാട്ടുകയുണ്ടായി. സാർവ്വദേശീയ നേതൃത്വത്തിന്റെ ചിന്താപ്രക്രിയ ദ്വന്ദ്വാത്മകമായിരിക്കുന്നതിന് പകരം വലിയൊരളവ് വരെ യാന്ത്രികമായി തീർന്നിരിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നേതൃത്വത്തെ വിമർശിക്കുകയെന്നാൽ അത് വിപ്ലവവിരുദ്ധ നിലപാടാണെന്ന തെറ്റായ ധാരണയ്ക്ക് പ്രാബല്യം വന്നു. നേതൃത്വവും അണികളും തമ്മിലുണ്ടാകേണ്ട ദ്വന്ദ്വാത്മക ബന്ധത്തിന് പകരം, യാന്ത്രികമായി നേതൃത്വത്തെ അനുഗമിക്കുന്നതാണ് വിപ്ലവകരമായ അച്ചടക്കവും കൂറും എന്ന ധാരണ പ്രബലമായി. സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇതര പാർട്ടികളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും ഇത്തരം യാന്ത്രിക ധാരണ നിലവിൽ വന്നു. പാർട്ടിയണികളുടെ പ്രത്യയശാസ്ത്ര-സാംസ്കാരിക ബോധ നിലവാരം പര്യാപ്തമാംവിധം ഉയർത്തിക്കൊണ്ട് ഈ പരിമിതി പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഗുരുതരമായ ഭവിഷ്യത്തുകൾ നേരിടേണ്ടിവരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. മഹാനായ സ്റ്റാലിന് ശേഷം സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തിരുത്തൽവാദികൾകടന്നുകയറിയത് പ്രസ്ഥാനത്തിനുള്ളിലുണ്ടായിരുന്ന ഈ ദൗർബ്ബല്യം മുതലെടുത്തുകൊണ്ടാണ്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിലെ മുഖ്യവിപത്തായി പ്രത്യക്ഷപ്പെട്ട ആധുനിക തിരുത്തൽവാദത്തിന്റെ വേരുകൾ സ.ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനുള്ളിൽ ബൂർഷ്വാ വ്യക്തിവാദത്തിന്റെ സ്വാധീനം നിലനിൽക്കുന്നതുകൊണ്ടാണ് തിരുത്തൽവാദം ഉടലെടുക്കുന്നത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വ്യക്തിതാല്പര്യവും സാമൂഹ്യതാല്പര്യവും തമ്മിൽ താദാത്മ്യപ്പെടുത്താനുള്ള സമരത്തിലൂടെ മാത്രമേ ബൂർഷ്വാവ്യക്തിവാദത്തിന്റെ സ്വാധീനത്തെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുകയുള്ളു എന്ന് അദ്ദേഹം വ്യക്തമാക്കി. കമ്മ്യൂണിസ്റ്റ് ധാർമ്മിക നിലവാരത്തെപ്പറ്റി സഖാവ് ശിബ്ദാസ് ഘോഷ് അവതരിപ്പിച്ച ഈ വികസിതമായ ധാരണ ആർജ്ജിക്കാതെ ഇന്ന് ലോകത്ത് ഒരു രാജ്യത്തും ശരിയായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുന്നോട്ട്കൊണ്ടുപോവുക സാദ്ധ്യമല്ല.

ബൂർഷ്വാവ്യക്തിവാദം സോഷ്യലിസ്റ്റ് സമൂഹത്തിനുള്ളിൽ വരുത്തിത്തീർക്കുന്ന ഹാനിയെപ്പറ്റിയും അദ്ദേഹം മുന്നറിയിപ്പ് നൽകിയിരുന്നു. സോഷ്യലിസ്റ്റ് വ്യക്തിവാദം എന്നാണ് അതിന് അദ്ദേഹം നാമകരണം ചെയ്തത്. സാംസ്കാരിക വിപ്ലവത്തിലൂടെ തൊഴിലാളിവർഗ്ഗത്തെ സോഷ്യലിസ്റ്റ് വ്യക്തിവാദത്തിന്റെ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി അപകടപ്പെടാനുള്ള സാധ്യതയുണ്ടെന്നദ്ദേഹം പറഞ്ഞു. ചൈനയിലെ മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തെ ഉജ്ജ്വലം എന്ന് വിശേഷിപ്പിച്ച അവസരത്തിൽത്തന്നെ, സോഷ്യലിസ്റ്റ് വ്യക്തിവാദമെന്ന പ്രതിഭാസത്തെ തിരിച്ചറിയുന്നതിനും അതിനെ നിർമ്മാർജ്ജനം ചെയ്യാനുള്ള സമരം അഴിച്ചുവിടാനും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞിട്ടില്ലെന്ന കാര്യവും അദ്ദേഹം എടുത്തുപറഞ്ഞു. അതുകൊണ്ടുതന്നെ, ആധുനിക തിരുത്തൽവാദികൾ നേതൃത്വം കൈയടക്കുകയെന്ന അപകടസാദ്ധ്യത ആത്യന്തികമായി ഇല്ലാതായിട്ടില്ലെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ആ പ്രവചനം എത്രമാത്രം ശാസ്ത്രീയമായിരുന്നുവെന്ന് പിൽക്കാല അനുഭവം തെളിയിക്കുന്നു.

ബൂർഷ്വാ വ്യക്തിവാദത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തി നേടാനായി ജീവിതത്തിന്റെ സകലമേഖലകളെയും ഉൾക്കൊള്ളിച്ചുനടത്തേണ്ട സമരത്തിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. കമ്മ്യൂണിസ്റ്റ് സ്വഭാവമാർജ്ജിക്കാനും, കമ്മ്യൂണിസ്റ്റ് സ്വഭാവം നിലനിർത്താനും ഈ സമരം അനിവാര്യമാണ്. ഒരിക്കൽ ആർജ്ജിച്ച നിലവാരം പോലും നിലനിർത്തണമെങ്കിൽ ഈ സർവ്വാശ്ലേഷിയായ ജീവിതസമരം സജീവമായി നിലനിർത്തണം. കൗട്സ്കിയെയും ട്രോട്സ്കിയെയും ലിയു ഷാവോചിയെയും പോലെ ഒരിക്കൽ അതികായന്മാരായ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളായിരുന്നവർ പിൽക്കാലത്ത് പ്രതിവിപ്ലവകാരികളായി അധഃപതിച്ചുപോയത് ഈ സമരത്തിൽ വിട്ടുവീഴ്ച ചെയ്തതുകൊണ്ടായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിപ്പിച്ചിരുന്നു - സ.മണിക് മുഖർജി പറഞ്ഞു.

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം, വിപ്ലവത്തിനുള്ള വസ്തുനിഷ്ഠ സാഹചര്യം പക്വമായിക്കഴിഞ്ഞു. ആത്മനിഷ്ഠസാഹചര്യമാണ് ഇനി സജ്ജമാകേണ്ടത്. ശരിയായ വിപ്ലവസിദ്ധാന്തം, ശരിയായ വിപ്ലവനേതൃത്വം, ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങളുടെ രൂപത്തിൽ വളർന്നുവരേണ്ട ജനങ്ങളുടെ ബദൽരാഷ്ട്രീയാധികാരം എന്നിവ ചേരുന്നതാണ് ആത്മനിഷ്ഠ സാഹചര്യം. സഖാവ് ശിബ്ദാസ്ഘോഷിന്റെ നേതൃത്വത്തിൽ, സാമ്പത്തികവും രാഷ്ട്രീയവുമായ വശങ്ങളിൽത്തുടങ്ങി സ്വകാര്യജീവിതത്തിന്റെ എല്ലാ തലങ്ങളുമുൾപ്പെടെ, ജീവിതത്തിന്റെ സമസ്തമേഖലകളെയും സംബന്ധിച്ച പ്രശ്നങ്ങളിൽ മാർക്സിസ്റ്റ് തത്ത്വചിന്തയുടെയടിസ്ഥാനത്തിൽ ഒരേ സമീപനവും ഒരേ ചിന്താപ്രക്രിയയും കൈവരിക്കാൻ നടത്തിയ സർവ്വാശ്ലേഷിയായ സമരത്തിലൂടെ ഇൻഡ്യയിലെ വിപ്ലവസിദ്ധാന്തത്തിന് ജന്മം നൽകപ്പെട്ടിട്ടുണ്ട്. യഥാർത്ഥ വിപ്ലവനേതൃത്വമെന്ന നിലയിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ മഹത്തായ ആശയത്തെയും നേതൃത്വത്തെയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കിടയിൽ കൊണ്ടെത്തിച്ച് അവരെ ജനാധിപത്യബഹുജനപ്രക്ഷോഭണങ്ങളിലൂടെ ജനകീയസമരക്കമ്മിറ്റികളിൽ അണിനിരത്തിക്കൊണ്ട് ജനങ്ങളുടെ ബദൽ രാഷ്ട്രീയാധികാരത്തിന് ജന്മം നൽകുകയെന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. ഈ ചരിത്രദൗത്യം നിർവഹിക്കാൻ ശേഷിയുള്ള വിപ്ലവകാരികളായി സ്വയം വാർത്തെടുക്കുകയെന്നത് ഇന്ന് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകളുടെ അടിയന്തിര കർത്തവ്യമായിരിക്കുന്നു - സ.മണിക് മുഖർജി പറഞ്ഞു. അതിനായി സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ അർപ്പണബുദ്ധിയോടെ ഒരു ദ്വിമുഖസമരത്തിലേർപ്പെടാൻ സഖാക്കളോടാഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം പ്രസംഗം ഉപസംഹരിച്ചു. •




പോളിറ്റ് ബ്യൂറോ അംഗം സഖാവ് മണിക്മുഖർജി അനുസ്മരണപ്രഭാഷണം നടത്തുന്നു. സ. സി.കെ.ലൂക്കോസ് സമീപം. പരിഭാഷ ചെയ്യുന്നത് സഖാവ് ജി.എസ്.പത്മകുമാർ. വേദിയിൽ സംസ്ഥാനകമ്മിറ്റിയംഗങ്ങൾ

# തീവില തടയുവാൻ സർക്കാരുകൾ എന്തുകൊണ്ട് തുനിയുന്നില്ല?

**എല്ലാറ്റിനും തീവില......**

(ഒന്നാംപേജിൽ നിന്ന്)

കണക്കുകൾ. ബോംബെയിൽ 12 രൂപയ്ക്കും ഡൽഹിയിൽ 5 രൂപയ്ക്കും മൃഷ്ടാന്നഭോജനം ലഭിക്കുമെന്ന് പറഞ്ഞുകൊണ്ട് ദാരിദ്ര്യക്കണക്കുകൾ ശരിവയ്ക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന നേതാക്കന്മാർ വിലക്കയറ്റംകൊണ്ട് ശ്വാസം മുട്ടി പിടയുന്ന ജനങ്ങളെ അവഹേളിക്കുക കൂടിയാണ്. രണ്ട് അമേരിക്കൻ ഡോളറിന്റെ വാങ്ങൽ ശേഷിക്ക് തുല്യമായ തുകയാണ് വികസ്വരരാജ്യങ്ങളിൽ ഒരാളിന്റെ ഒരു ദിവസത്തെ ചെലവായി അന്തർദേശീയ തലത്തിൽ അംഗീകരിച്ചിരിക്കുന്നത്. രണ്ടുഡോളറിന്റെ കാര്യം ഇരിക്കട്ടെ. ലോകബാങ്കിന്റെ കണക്കനുസരിച്ച് പ്രതിദിനവരുമാനം ഒരു ഡോളർ ഉള്ളവർ പരമദരിദ്രരാണ്. എന്നിട്ടും യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ഇന്ത്യയിൽ ദാരിദ്ര്യം കുറയുകയാണെന്നും 25 ശതമാനത്തിനും താഴെ മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെന്നും ഭരണാധികാരികൾ പ്രഖ്യാപിക്കുന്നു. ഇന്ത്യയിൽ 76 ശതമാനവും ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് സർക്കാർ നിയോഗിച്ച അർജ്ജുൻ സെൻഗുപ്ത കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്ന വസ്തുതയാണ്. അറുപത്തിയഞ്ചുവർഷത്തെ ജനാധിപത്യഭരണം പൂർത്തിയാകുമ്പോൾ ഇതാണ് ഇന്ത്യയുടെ അവസ്ഥ.

**വിലക്കയറ്റം എന്തുകൊണ്ട്?**

സർക്കാരുകൾ നടത്തുന്ന നെറികെട്ട കുത്തകപ്രീണനനയങ്ങളുടെ അനന്തരഫലമാണിതെന്ന് ഒറ്റവാചകത്തിൽ പറയാം. ഈ നയങ്ങളുടെ ഫലമായി സർക്കാർതന്നെ ഊരാക്കുടുക്കിലകപ്പെട്ടിരിക്കുന്ന അവസ്ഥയുമുണ്ട്. റിസർവ്വ് ബാങ്ക് നടപടികൾക്കുശേഷവും അനിയന്ത്രിതമായി തുടരുന്ന രൂപയുടെ മൂല്യശോഷണം, വ്യാപാരശിഷ്ടക്കണക്കിൽ വന്നിരിക്കുന്ന വൻഇടിവ്, കറന്റ് അക്കൗണ്ട് കമ്മി, തുടർന്ന് കരുതൽ സ്വർണ്ണശേഖരംതന്നെ പണയപ്പെടുത്തുന്ന അറ്റകൈ പ്രയോഗത്തെക്കുറിച്ചുള്ള ആലോചന ഇതെല്ലാം കാണിക്കുന്നത് സ്ഥിതിഗതികൾ ഗുരുതരമായിരിക്കുന്നു എന്നാണ്. പണപ്പെരുപ്പം സ്ഫോടനാത്മകമായി മാറുമെന്ന് ഭയക്കുന്ന സർക്കാരിന് വിലക്കയറ്റം തടയുന്ന എന്തെങ്കിലും നടപടികളെക്കുറിച്ച് ചിന്തിക്കാൻ പോലും ആകാത്ത സാഹചര്യം. മറിച്ച് വില വീണ്ടും കുതിച്ചുയരാൻ ഇടയാക്കുന്ന അതേ നയങ്ങൾ കൂടുതൽ വിശാലമായി, ഉദാരമായി തുടരാൻ മുതിരേണ്ടിവരുന്നു അവർക്ക്. ഉദാഹരണത്തിന് നേരിട്ടുള്ള വിദേശമൂലധനത്തെ (എഫ്ഡിഐ) തിരിച്ചുപിടിക്കാനും കൂടുതൽ ആകർഷിക്കാനും തന്ത്രപ്രധാനമേഖലകളിൽ ഉൾപ്പെടെ 100 ശതമാനം നിക്ഷേപസാധ്യതകൾ തുറന്നു കൊടുക്കുന്നു.

വിദേശനാണയ കരുതൽ നിക്ഷേപത്തിൽ വൻഇടിവുണ്ടായിരിക്കുന്നത് ഭരണവർഗ്ഗത്തെ പരിഭ്രാന്തരാക്കുകയാണ്. കയറ്റുമതിയിൽനിന്നുള്ള വരുമാനം കുറയുന്നതും ഇറക്കുമതി ചെലവു വർദ്ധിക്കുന്നതുമാണ് ഈ ഇടിവിനു കാരണം. കറണ്ട് അക്കൗണ്ട് കമ്മിയായും രൂപയുടെ മൂല്യത്തകർച്ചയായും ഇത് പ്രതിഫലിക്കുന്നു. ആഗോള കമ്പോളത്തിലെ ഗണനീയരായ മത്സരക്കാരായി ഇതിനോടകം മാറിക്കഴിഞ്ഞിരിക്കുന്ന ഇന്ത്യൻ മുതലാളിമാർക്ക്, അതായത് സാമ്രാജ്യത്വ സ്വഭാവം ആർജ്ജിച്ചുകഴിഞ്ഞിരിക്കുന്ന ഇന്ത്യൻ മുതലാളിത്തത്തിന് ഇത് കടുത്ത പ്രതിസന്ധിയാണ് ഉളവാക്കുന്നത്. പോരെങ്കിൽ ഉൽപ്പാദന വളർച്ചാനിരക്ക് കുത്തനെ പിറകോട്ടുപോയിരിക്കുന്ന സാഹചര്യം നിലനിൽക്കുകയുമാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിലും വളരുന്ന സമ്പദ്ഘടനയെന്ന പ്രതീതി ഉളവാക്കിയിരുന്നതിനാൽ ഒരിക്കൽ ഇന്ത്യയിലേയ്ക്ക് ആകർഷിക്കപ്പെട്ടിരുന്ന വിദേശ നിക്ഷേപം നിന്നനിൽപ്പിൽ വൻതോതിൽ ബഹിർഗ്ഗമിക്കാനുള്ള കാരണവും ഇതാണ്.

**അവശ്യ സാധനങ്ങളുടെ മൊത്തവ്യാപാരവും ചില്ലറവ്യാപാരവും സർക്കാർ ഏറ്റെടുത്തുകൊണ്ട്, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി ന്യായവിലയ്ക്ക് ജനങ്ങൾക്ക് സാധനങ്ങൾ ലഭ്യമാക്കുവാൻ ഉടനടി നടപടി സ്വീകരിക്കുക. ചില്ലറ വിൽപ്പനയുടെ രംഗത്തുനിന്ന് കുത്തകകളെ പുറത്താക്കുക, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക, അടിക്കടിയുള്ള പെട്രോൾ ഡീസൽ പാചകവാതക വിലവർദ്ധനവ് അവസാനിപ്പിക്കുക.**

ഈ അവസ്ഥാവിശേഷത്തെ മറികടക്കാൻ അവലംബിക്കപ്പെടുന്ന മാർഗ്ഗം എന്താണ്? പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന വിലനിയന്ത്രണങ്ങളെല്ലാം എടുത്തുകളഞ്ഞ് വരുമാനം വർദ്ധിപ്പിക്കുക. എല്ലാ ചാർജ്ജുകളും വർദ്ധിപ്പിക്കുക, സബ്സിഡികൾ നിർത്തലാക്കുക, വിദേശനാണ്യം ഒഴുകിയെത്താൻ വാതിലുകളെല്ലാം തുറന്നിടുക-ചില്ലറ വ്യാപാരമേഖല, കാർഷികരംഗം, സേവനമേഖലകൾ എല്ലാം.

എന്നാൽ ഇത് ഒരു ദൂഷിത വലയമാണ് സൃഷ്ടിക്കുന്നത്. കൈപ്പിടിയിലൊതുങ്ങാതെ കുതികൊള്ളുന്ന വിലക്കയറ്റം, വർദ്ധിക്കുന്ന തൊഴിലില്ലായ്മയും ദാരിദ്ര്യവും, ജനങ്ങളുടെ ക്രയശേഷി കുറയുന്നതിനൊപ്പം ശുഷ്കിച്ചുകൊണ്ടേയിരിക്കുന്ന കമ്പോളം, ആഭ്യന്തര ഉൽപ്പാദനരംഗത്ത് വീണ്ടും വൻ തകർച്ച-പരിണിതഫലങ്ങൾ ഇവയൊക്കെയാണ്.

ഈ നയങ്ങൾ ഉപേക്ഷിക്കുകയും പകരം ആഭ്യന്തര ഉൽപ്പാദനത്തെയും പൊതുവിതരണത്തെയും ശക്തിപ്പെടുത്തുന്ന നയങ്ങൾ കൈക്കൊള്ളുകയുമാണ് ജനങ്ങൾക്ക് അൽപ്പമെങ്കിലും ആശ്വാസമെത്തിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ ചെയ്യേണ്ടത്. എന്നാൽ പച്ചയായും കുത്തകകളുടെ താൽപ്പര്യം മാത്രം പരിഗണിക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കുന്ന, ജനങ്ങളെ തരിമ്പും പരിഗണിക്കാത്ത ഭരണാധികാരികൾക്ക് അതൊന്നും സാധ്യമാകുകയില്ല. ജനകീയ സംഘടിതശക്തി കൊണ്ട് ഇപ്പോൾ അനുവർത്തിക്കുന്ന നയങ്ങളിൽനിന്ന് പിന്തിരിയാൻ ഭരണാധികാരികളെ നിർബന്ധിതരാക്കിത്തീർക്കുവോളം സ്ഥിതിഗതികൾക്ക് മാറ്റമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. എന്നല്ല വർഗ്ഗതാൽപ്പര്യപ്രേരിതമായി കൂടുതൽ വീറോടെ ഇതേ നയങ്ങൾ അനുവർത്തിക്കപ്പെടുന്നത് ഒന്നിനൊന്ന് സ്ഥിതിഗതികൾ രൂക്ഷമാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ഭരിക്കുന്നവരുടെ നിറവും നാട്യങ്ങളും എന്തുതന്നെയായാലും ഇതുതന്നെയായിരിക്കും ജനങ്ങളുടെ അനുഭവം.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്**

വിലനിലവാരത്തെ സംബന്ധിച്ചിടത്തോളം ശൃംഖലാപ്രവർത്തനമാണ് ഇന്ധനവിലവർദ്ധനവുണ്ടാക്കുന്നതെന്നു മനസ്സിലാക്കാൻ വലിയ സാമ്പത്തികശാസ്ത്ര പരിജ്ഞാനമൊന്നും ആവശ്യമില്ല. ഡീസൽ വില കഴിഞ്ഞ സെപ്റ്റംബറിൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ തൊട്ടടുത്ത ദിവസം ലോറി ഉടമകളുടെ സംഘടന ചരക്കുകടത്തുകൂലി 16 മുതൽ 20ശതമാനം വരെ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. റയിൽവേ ബജറ്റിലും അത്യാവശ്യ സാധനങ്ങൾക്കുൾപ്പെടെ കടത്തുകൂലി വർദ്ധിപ്പിച്ചു. ഡീസൽവില മാസംതോറും വർദ്ധിപ്പിക്കുമ്പോൾ കടത്തുകൂലിയും അപ്രഖ്യാപിതമായി ഉയരുകയാണ്. 2010 ജൂണിലാണ് പെട്രോൾ വിലനിയന്ത്രണം സർക്കാർ കൈയൊഴിഞ്ഞ് എണ്ണക്കമ്പനികൾക്ക് യഥേഷ്ടം വിലവർദ്ധിപ്പിക്കാൻ അനുവാദം നൽകിയത്. 3 വർഷത്തിനിടയിൽ 33 തവണയാണ് പെട്രോൾ വില വർദ്ധിച്ചത്. 120 ശതമാനം വർദ്ധനവ്. ഉൽപ്പാദനരംഗത്തും വിതരണരംഗത്തും ഒന്നൊഴിയാതെ ഓരോ ചരക്കിന്മേലും ഇതിന്റെ പ്രതിഫലനമുണ്ടാകുന്നു എന്നത് സ്പഷ്ടമാണ്.

ചുരുക്കത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് അടിക്കടി വില വർദ്ധിപ്പിച്ചുകൊണ്ട് നടത്തുന്ന തട്ടിപ്പ് ഇന്നത്തെ രൂക്ഷമായ വിലക്കയറ്റത്തിനു കാരണമാകുന്നു. പെട്രോളിന്റെ വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികളെ ഉദാരമായി ഏൽപ്പിച്ചിരിക്കുകയാൽ തോന്നുംപടിയാണ് വിലവർദ്ധനവുണ്ടാകുന്നത്. ഇതിനെന്തെങ്കിലും ന്യായം പറയണമെന്ന് സർക്കാർ കരുതുന്നില്ല. എണ്ണക്കമ്പനികൾക്ക് ന്യായം ഒരു വിഷയമേയല്ല. പലപ്പോഴും അന്തർദ്ദേശീയ മാർക്കറ്റിലെ വിലവർദ്ധനവും രൂപയുടെ മൂല്യത്തകർച്ചയുമൊക്കെയാണ് പേരിന് വാദഗതികളായി വരാറുള്ളത്.

അന്തർദ്ദേശീയ വിലവർദ്ധനവിന് ആനുപാതികമായ വിലവർദ്ധനവേ അല്ല ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അന്തർദ്ദേശീയ മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന്റെ നടപ്പുവില 104 ഡോളർ മാത്രമാണ്. ഇറാക്ക്, ലിബിയ തുടങ്ങിയ രാജ്യങ്ങളുമായി സർക്കാർ ഉണ്ടാക്കിയിരിക്കുന്ന കരാർ 15 മുതൽ 25 വർഷത്തേയ്ക്കുള്ളതാണ്. വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ കരാറിനെ ബാധിക്കില്ല എന്നു ചുരുക്കം. ആകെ ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ 35-40 ശതമാനം വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ ബാധിക്കാത്ത എണ്ണയാണ്. എന്നാൽ അതിന് ഈടാക്കുന്നതും അന്താരാഷ്ട്രവിപണിയിലെ ഏറ്റവും പുതിയ വിലയാണ്.

ആകെ ഉപയോഗിക്കുന്ന എണ്ണയുടെ 40 ശതമാനവും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നതാണ് എന്നതാണ് മറ്റൊരു പ്രധാന വസ്തുത. അതിന് ഈടാക്കുന്നതും അന്താരാഷ്ട്രവിലതന്നെയാണ്. ചുരുക്കി പറഞ്ഞാൽ ഇന്ത്യയിൽ ഉപയോഗിക്കുന്നതിന്റെ 60ലേറെ ശതമാനം പെട്രോളും അന്താരാഷ്ട്രവിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ ബാധകമാകാത്ത പെട്രോളാണ് എന്നിരിക്കെയാണ് അന്താരാഷ്ട്രവിലയിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി അടിക്കടി പെട്രോൾ ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. ശുദ്ധീകരിച്ച പെട്രോൾ കയറ്റുമതി ചെയ്ത് കുത്തകകൾ ഉണ്ടാക്കുന്ന ലാഭത്തെപ്പറ്റി ആരും എവിടെയും പറയാറില്ല. ഇറക്കുമതി ചെയ്യുന്നതിന്റെ 40 ശതമാനത്തോളവും ശുദ്ധീകരിച്ച് കയറ്റുമതി ചെയ്യുകയാണത്രേ! ഡീസൽ, മണ്ണെണ്ണ, ജെറ്റ് ഫ്യൂൽ, എൽ.പി.ജി ഗ്യാസ്, പാരഫിൻ വാക്സ്, ടാർ തുടങ്ങി 6000ലധികം മറ്റ് ഉൽപ്പന്നങ്ങൾ ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് പെട്രോൾ ആക്കുമ്പോൾ ലഭിക്കുന്നു. ഇതെല്ലാം ഉയർന്ന വിലയ്ക്കുതന്നെ വിറ്റ് ലാഭമുണ്ടാക്കുന്നുണ്ട് എണ്ണക്കമ്പനികൾ. കുത്തകകളുടെ ഈ നെറികേടിന് കൂട്ടുനിൽക്കുകയാണ് സർക്കാരുകൾ.

**ചില്ലറ വ്യാപാരരംഗത്തേയ്ക്കുള്ള കുത്തകകളുടെ കടന്നുവരവ്**

കുത്തകകൾ സർവ്വസ്വവും കൈപ്പിടിയിലൊതുക്കുന്നതോടെ വിലക്കയറ്റം കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന സാഹചര്യവുമുണ്ട്. തൊട്ടാൽ പൊള്ളുന്ന വിലയാണ് എന്നതല്ലാതെ, യാതൊരുവിധ സാധനങ്ങൾക്കും കമ്പോളത്തിൽ ക്ഷാമമില്ല. കൊള്ളവില കൊടുത്താൽ എന്തും കിട്ടും. എല്ലാത്തരം അവശ്യനിത്യോപയോഗ സാധനങ്ങളും വൻകിട കുത്തകകൾ പരിധിയില്ലാതെ സംഭരിച്ച്, പൂഴ്ത്തിവച്ച് കൃത്രിമമായി ക്ഷാമം സൃഷ്ടിക്കുകവഴിയാണ് ഇപ്പോഴത്തെ ഭീകരമായ വിലക്കയറ്റം ഉണ്ടായിരിക്കുന്നത്. ഈ കൃത്രിമ ക്ഷാമത്തിന്റെ മറവിൽ വില ഭീകരമായി വർദ്ധിപ്പിച്ച് ഉപഭോക്താവിനെ വരുതിക്കുകൊണ്ടുവരികയാണ് കുത്തകകൾ ചെയ്തുകൊണ്ടിരിക്കുന്നത്. കുത്തകകളെ കയറൂരിവിടുകയും അവരുടെ ലാഭം കണക്കറ്റ് പെരുപ്പിക്കാൻ നയങ്ങളാവിഷ്ക്കരിക്കുകയും ചെയ്തതിന്റെ പരിണിതഫലമാണ് ഈ വിലക്കയറ്റം.

ജനങ്ങളെ യഥേഷ്ടം ചൂഷണം ചെയ്യാനാവശ്യമായ നിയമപരിരക്ഷ ഇതിനകം കുത്തകകൾ നേടിയെടുത്തു. യുപിഎ സർക്കാരിന്റെ ഭരണകാലം കുത്തകകൾക്ക് പുഷ്കലകാലമാണ്. ചില്ലറ വ്യാപാരരംഗത്തേയ്ക്ക് കുത്തകകളെ ആനയിക്കുന്നതിനുവേണ്ടി വാറ്റിനു പുറമേ നിരവധിയായ നിയമഭേദഗതികളും ചട്ട ഇളവുകളും യുപിഎ സർക്കാർ ആവിഷ്ക്കരിച്ചു കഴിഞ്ഞു. കുത്തകകളെ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ പര്യാപ്തമായിരുന്ന മൊണോപോളീസ് ആന്റ് റസ്ട്രിക്ടീവ് ട്രേഡ് പ്രാക്ടീസസ്(എം.ആർ.ടി.പി) ആക്ട്- 1968 ഉദാരവൽക്കരണത്തിന്റെ തുടക്കത്തിൽത്തന്നെ കുഴിച്ചുമൂടി. പകരം കുത്തകകൾക്ക് സർവ്വസ്വാതന്ത്ര്യവും നൽകുന്ന കോംപറ്റീഷൻ ആക്ട് 2002 ൽ നടപ്പിലാക്കി.

ബഹുബ്രാൻഡ് ചില്ലറ വിൽപ്പനരംഗത്തേയ്ക്ക് രാജ്യാന്തരകമ്പനികളുടെ വരവിന് അരങ്ങൊരുക്കി രണ്ടാംഘട്ട ഉദാരവൽക്കരണനടപടികൾക്ക് കഴിഞ്ഞദിവസം കേന്ദ്രസർക്കാർ അനുമതി നൽകിയത് വിദേശ നിക്ഷേപം കൂടുതൽ എത്തിക്കാനുള്ള നടപടികളുടെ ഭാഗമായാണ്. ടെലികോം മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള തീരുമാനവും ക്യാബിനറ്റ് അംഗീകരിച്ചു.

ബഹുബ്രാൻഡ് റീട്ടെയിൽ വിൽപ്പനക്കാർ 30 ശതമാനംവരെ സാധനങ്ങൾ പ്രാദേശികമായി സംഭരിക്കണമെന്ന വ്യവസ്ഥ ബിസിനസ് തുടങ്ങുമ്പോൾ മാത്രം മതി എന്നാക്കിയ സർക്കാർ പത്തുലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിലും ബഹുബ്രാൻഡ് റീട്ടെയിൽ ശൃംഖലകൾക്ക് അംഗീകാരം നൽകാൻ സംസ്ഥാനസർക്കാരുകൾക്ക് അനുമതിയും നൽകി.

വാൾമാർട്ടും ടെസ്കോയും പോലുള്ള രാജ്യാന്തര സൂപ്പർമാർക്കറ്റ് ശൃംഖലകൾക്ക് ചെറിയ നഗരങ്ങളിലും കടതുടങ്ങാൻ അവസരം ഒരുക്കുന്നതാണ് ഈ നീക്കങ്ങൾ. കൊറിയർ സർവ്വീസുകളിൽ 100 ശതമാനവും വിദേശനിക്ഷേപം അനുവദിക്കാനാണ് നീക്കം.

**കാർഷികോൽപ്പന്ന സംഭരണ നിയമഭേദഗതി**

കാർഷികോൽപ്പന്ന സംഭരണനിയമത്തിൽ വന്നിരിക്കുന്ന ഭേദഗതിയാണ് വിലക്കയറ്റത്തിന്റെ മറ്റൊരു പ്രധാന കാരണം. വൻ മൂലധനശക്തികളും ഗോഡൗൺ മുതലാളിമാരും നിശ്ചിത പരിധിക്കപ്പുറത്തേയ്ക്ക് കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് കൈപ്പിടിയിലൊതുക്കുന്നതിനെതിരെയുണ്ടായിരുന്ന നിയമമാണിപ്പോൾ വൻ കുത്തകകൾക്കുവേണ്ടി പൊളിച്ചെഴുതിയിരിക്കുന്നത്. പരിധിയില്ലാതെ കാർഷികോൽപ്പന്നങ്ങൾ വാങ്ങിച്ചുകൂട്ടുവാൻ ഇതുവഴി അവസരം സൃഷ്ടിക്കപ്പെട്ടു. റീട്ടെയിൽ ലൈസൻസ് സമ്പാദിച്ചു കഴിഞ്ഞവർക്ക് എത്രതന്നെ ഭക്ഷ്യധാന്യങ്ങളും മാർക്കറ്റിലിറക്കാതെ പിടിച്ചുവയ്ക്കാമത്രേ! അതൊന്നും പൂഴ്ത്തിവയ്പ്പല്ല. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞുകൊണ്ടുള്ള ചട്ടങ്ങൾതന്നെ മാറി മറിഞ്ഞു. കർഷകരിൽനിന്നും ഭക്ഷ്യധാന്യങ്ങളും മറ്റും മുൻകൂർ വില നിൽകി അതായത് അവധി വ്യാപാരത്തിലൂടെ സംഭരണം കുത്തകവൽക്കരിക്കുകയാണ് ഈ വ്യാപാരക്കൂറ്റൻമാർ.

വൻതോതിൽ മൂലധനം ഇറക്കിക്കൊണ്ടുള്ള കുത്തകകളുടെ സംഭരണം ഈ രംഗത്തുള്ള ചെറുകിടക്കാരെ മുഴുവൻ ഒറ്റയടിക്ക് ഇല്ലാതെയാക്കും. ഇങ്ങനെ സംഭരണരംഗത്ത് കുത്തകകൾ മാത്രം

(ശേഷം 12-ാംപേജിൽ)

### ഡീസൽവില വീണ്ടും വർദ്ധിപ്പിക്കുന്നു !!!

**രാജ്യത്തെ സമ്പദ് വ്യവസ്ഥയെ പ്രതിസന്ധിയിലാക്കുന്ന കറന്റ് അക്കൗണ്ട് കമ്മി കുറയ്ക്കാൻ ഡീസലിന്റെ വില ലിറ്ററിന് രണ്ടു മുതൽ മൂന്നുരൂപവരെ കൂട്ടണമെന്ന് ആസൂത്രണക്കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നു. എല്ലാ മാസവും 50 പൈസവരെ കൂട്ടാൻ എണ്ണക്കമ്പനികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ മാസവും വില കൂട്ടിയിരുന്നു.**

**കടത്തുകൂലി കുത്തനെ കൂടുന്നുവെന്നതായിരിക്കും ഡീസൽവില വർദ്ധനയുടെ അടിയന്തിര പ്രത്യാഘാതം. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില കൂട്ടും. യാത്രക്കൂലിയും ഊർജ്ജോൽപ്പാദനരംഗത്തെ ചെലവും വർദ്ധിപ്പിക്കും.**

# നിലവിളിക്കുന്ന ഉത്തരാഖണ്ഡ്

**മുഹമ്മദ് ഷഫീക്ക്**

*(ഉത്തരാഖണ്ഡിൽ മെഡിക്കൽ സർവ്വീസ് സെന്റർ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരളത്തിൽ നിന്നുംപോയ മെഡിക്കൽ സംഘത്തിലെ അംഗം)*



**ചന്ദ്രപുരിയിലെ മെഡിക്കൽ ക്യാമ്പ്. ഇവിടെ നിന്നും കേവലം 100 മീറ്റർ മാത്രം അകലെ വൻദുരന്തമുണ്ടായി.**

**2013** ജൂലൈ 6ന് കേരള എക്സ്പ്രസ്സിൽ 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' നിന്ന് ദേവഭൂമിയിലേക്ക് യാത്ര തിരിക്കുമ്പോൾ ഹിമാലയൻ മടിത്തട്ടിന്റെ ഭംഗിയായിരുന്നു മനസ്സ് നിറയെ. ജലചൈതന്യം നിറഞ്ഞ ഗംഗയും അളകനന്ദയും മന്ദാകിനിയും. ഹിമാലയത്തിന്റെ വനസാന്ദ്രത, കാറ്റിന്റെ ഓളങ്ങളിലിളകുന്ന പുൽമേടുകൾ, ഹിമപ്രഭാവിതമായ ഗിരിനിരകളിലെ പൂക്കളും ശലഭങ്ങളും കർഷക ഗൃഹങ്ങളും. അവയെല്ലാം ഒരു കലണ്ടർ ചിത്രം പോലെ മനസ്സിൽ തെളിഞ്ഞു നിന്നു.

ഹരിദ്വാറിൽ നിന്ന് രുദ്രപ്രയാഗിലേക്കുള്ള 7 മണിക്കൂർ യാത്രയിൽ ആ കലണ്ടർ ചിത്രം എന്റെ മനസ്സിൽ നിന്നും മാഞ്ഞുമറഞ്ഞുപോയി. പതിവ് മാർഗ്ഗങ്ങളിൽ നിന്നു മാറി ഏറെ ക്ലേശകരവും ദുർഗമവുമായ വഴികളിലൂടെയായിരുന്നു യാത്ര. പച്ചയുടെ പല സ്ഥായികളുള്ള മലനിരകൾക്ക് പകരം മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തിയാൽ ആക്രമിക്കപ്പെട്ട് തലകുനിച്ച് കരയുന്ന പർവ്വതങ്ങളുടെ കണ്ണീർ – ഗംഗയായി ആരുടെയൊക്കെയോ പാപങ്ങളുടെ ചെളിനിറം പേറി, സങ്കടത്തിന്റെയും പ്രതിഷേധത്തിന്റെയും നിലവിളി ശബ്ദങ്ങൾ ഉയർത്തി ഭ്രാന്തുപിടിച്ച് ഒഴുകുകയായിരുന്നു. യാത്രക്കിടയിൽ കണ്ടുമുട്ടിയ, ജീവിതത്തിലെ ഓരോ പ്രവൃത്തിയിലും അനിശ്ചിതത്വം നിറഞ്ഞുനിൽക്കുന്ന അസാധാരണ മനുഷ്യർ മനസ്സിനെ വല്ലാതെ സ്പർശിച്ചു. നദീപ്രവാഹത്തിൽ ഏതുസമയത്തും മുങ്ങപ്പോകാനിടയുണ്ടെന്ന അപായസൂചനയുണ്ടെങ്കിലും ഉത്തരാഖണ്ഡിലെ മനുഷ്യർ മറ്റെവിടെയും പോകാനിടമില്ലാത്തതിനാൽ അവരുടെ ദൈനംദിന ജീവിതം സാധാരണപോലെ തുടരുകയാണ്.

കഴിഞ്ഞ ജൂൺ 28ന് അഖിലേന്ത്യാ മെഡിക്കൽ സർവ്വീസ് സെന്റർ ഉത്തരാഖണ്ഡിൽ ദുരിതനിവാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി സേവന സന്നദ്ധരായ ഡോക്ടർമാർ, നേഴ്സുമാർ പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് പ്രവർത്തകർ മെഡിക്കൽ സർവ്വീസ് സെന്ററിനുവേണ്ടി ഉത്തരാഖണ്ഡിൽ എത്തിച്ചേർന്നു. ഞങ്ങൾ കേരളത്തിൽ നിന്ന് മെഡിക്കൽ സർവ്വീസ് സെന്ററിന്റെ സംസ്ഥാന കോർഡിനേറ്റർ ഡോ. ഹരിപ്രസാദ്, അവസാന വർഷ മെഡിക്കൽ വിദ്യാർത്ഥിയായ ഞാൻ, എസ്‌യുസിഐയുടെ മുഴുവൻ സമയ പ്രവർത്തകനായ സഖാവ് ബെന്നി ദേവസ്യ എന്നിവർ ജൂലൈ 9ന് ഉത്തരാഖണ്ഡിലെ ബേസ് ക്യാമ്പായ രുദ്രപ്രയാഗിലെത്തിച്ചേർന്നു.

രുദ്രപ്രയാഗ് ജില്ലാ ആസ്ഥാനത്തും ചമോലി ജില്ലയിലെ ബസ്വാഡയിലും എം.എസ്.സി ബേസ് ക്യാമ്പുകൾ തുറന്നിരുന്നു. അവിടെ കേന്ദ്രീകരിച്ചുകൊണ്ട് അഡ്വാൻസ്ഡ് ക്യാമ്പുകളും ആരംഭിച്ചു. ഈ ക്യാമ്പുകളിൽ നിന്ന് 50ഉം 60ഉം കിലോമീറ്ററുകൾ അകലെയുള്ള വിവിധ ഗ്രാമങ്ങളിലേക്ക് മൊബൈൽ ക്യാമ്പുകളും പ്രവർത്തിപ്പിച്ചു. ജൂലൈ 18 വരെയുള്ള ചെറിയ കാലയളവിനുള്ളിൽ എം.എസ്.സി ദുരന്തത്തിനിരയായ ഏതാണ്ട് 7,000ത്തോളം പേർക്ക് ചികിൽസ നൽകി. ഏകദേശം നൂറോളം ഗ്രാമങ്ങളിൽ പ്രവർത്തിച്ചതിന്റെ അനുഭവമെന്തെന്നാൽ ഞങ്ങൾ എത്തിയ ഗ്രാമങ്ങളിൽ അതിനു മുമ്പ് ആരും തന്നെ ഈ ദുരന്തത്തിനുശേഷം അവിടെ എത്തിയിട്ടേ ഇല്ല എന്നതാണ്. അതായത് ദുരന്തം നടന്ന് ഒരു മാസം പിന്നിട്ടിട്ടും അതിന്നിരയായവർക്ക് ആശ്വാസമെത്തിക്കുവാൻ സർക്കാരിന്റെ സംവിധാനങ്ങൾക്കായിട്ടില്ല എന്നതാണ്. ഉത്തരാഖണ്ഡിന്റെ പേരിൽ വ്യാപകമായി പണം പിരിച്ച എൻജിഒകളെയും അവിടെ എവിടെയും കാണാൻ സാധിച്ചില്ല. ചില സംഘടനകൾ വന്നെങ്കിലും അവരുടെ റിലീഫ് സാധനങ്ങൾ രുദ്രപ്രയാഗിൽ വലിച്ചെറിഞ്ഞിട്ട് തിരികെപോകുന്ന കാഴ്ചയാണ് കണ്ടത്.

ദുരിതനിവാരണ പ്രവർത്തനങ്ങൾക്കിടയിൽ നേരിട്ട ഏറ്റവും വലിയ വിഘ്നം ഗതാഗതസൗകര്യമില്ലായ്മയായിരുന്നു. അരമണിക്കൂർ യാത്ര വേണ്ടിടത്ത് 4ഉം 5ഉം മണിക്കൂർ യാത്ര വേണ്ടിവന്നു. റോഡുകൾ പലതും പാടേ തകർന്നുപോയി. നടന്നോ മലകയറിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ആണ് അത് പോലുള്ള സ്ഥലങ്ങളിൽ എത്തിപ്പെട്ടതും അവിടുത്തെ രോഗികളെ സംരക്ഷിച്ചതും. ദുരന്തത്തിൽ എല്ലുകൾ ഒടിഞ്ഞവരോ സന്ധിസ്ഥാനം തെറ്റിയവരോ ആയവർക്ക് പോലും ചികിൽസ ലഭിച്ചത് ഞങ്ങൾ അവരെ കണ്ടെത്തിയതിനുശേഷമാണ്. വയറിളക്കം വന്ന് നിർജ്ജലീകരണം സംഭവിച്ച് മരണത്തിന്റെ വക്കിൽ എത്തിയ ഒരാളെ എം.എസ്.സിയുടെ പ്രവർത്തകർ രണ്ടര മണിക്കൂർ മലകയറിയെത്തി രക്ഷിച്ചു. നിരവധിയായ ഇതുപോലെയുള്ള പ്രവർത്തനങ്ങൾ വഴി മെഡിക്കൽ സർവ്വീസ് സെന്റർ ആയിരക്കണക്കിന് ആളുകളെ ചികിൽസിക്കുകയും നൂറുകണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കുകയും ചെയ്തു. ഗുജറാത്തിന്റെ ഭൂകമ്പമേഖലയിലും തമിഴ്നാട്ടിലെ സുനാമി ദുരന്തമേഖലയിലും എം.എസ്.സി നടത്തിയിട്ടുള്ള പ്രവർത്തനത്തിന്റെ അനുഭവസമ്പത്ത് ഇവിടെ പ്രയോജനകരമായി. ദുരിതനിവാരണപ്രവർത്തനങ്ങളുടെ ഏകോപനവും സംഘാടനവും ആരെയും അതിശയിപ്പിക്കുന്ന നിലയിലായിരുന്നു. പ്രദേശവാസികളായ നല്ല മനുഷ്യരെ കണ്ടെത്തുകയും അവരുടെ മുൻകൈയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയുമായിരുന്നു. ബസ് കണ്ടക്ടർമാർ മുതൽ സ്കൂൾ അദ്ധ്യാപകർ വരെ ഈ പ്രവർത്തനങ്ങളിൽ ആഴ്ചകളോളം ലീവെടുത്ത് പങ്കെടുത്തു. കളങ്കരഹിതമായ സ്നേഹത്തിന്റെ വാടാത്ത തളിരില സൂക്ഷിക്കുന്ന ഒര സാധാരണ ജനവിഭാഗത്തെ ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞു. എല്ലാ ദിവസവും ക്യാമ്പിൽ യോഗം ചേർന്ന് അന്നന്നത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത ദിവസത്തെ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു. ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വന്ന ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരുമായ എം.എസ്.സിയുടെ ഭടന്മാർ ഒറ്റ മനസ്സോടെ പ്രവർത്തിച്ചു. മനുഷ്യസ്നേഹത്തിന്റെ ഉദാത്തമായ ഒരു ബന്ധം അവരെയെല്ലാം ചേർത്തുനിർത്തി.

ജീവിതത്തിലെ ആദ്യാനുഭവമായിരുന്ന ഈ ദുരിതാശ്വാസ പ്രവർത്തനം എന്നെ സർവ്വാർത്ഥത്തിലും പുതിയൊരാളാക്കി മാറ്റി. മെഡിക്കൽ സർവ്വീസ് സെന്റർ എന്ന സംഘടനയെ ഞാൻ ആദ്യമായാണ് പരിചയപ്പെടുന്നത്. സംഘടനയുടെയും എസ്.യു.സി.ഐയുടെ സഖാക്കളുടെയും നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ രീതി എന്നെ അത്ഭുതപ്പെടുത്തി. ഒരുപരിഭവവുമില്ലാതെ എത്ര ആയാസപ്പെട്ട ജോലിയും അവർ സന്തോഷത്തോടെ ഏറ്റെടുത്തു. മറ്റുള്ളവർക്കുവേണ്ടി ഇത്ര ആനന്ദത്തോടെ കഠിനാദ്ധ്വാനം ചെയ്യുന്ന ആളുകളെ ഞാൻ ആദ്യമായി പരിചയപ്പെടുകയായിരുന്നു. കിലോമീറ്ററുകളോളം ചെങ്കുത്തായ കയറ്റങ്ങൾ നടന്നുകയറി അവർ തലച്ചുമടായി മരുന്നുകൾ മലമുകളിൽ എത്തിച്ചു.



**കാകോല ഗ്രാമത്തിൽ എംഎസ്സിയുടെ മോബൈൽ യൂണിറ്റ് എത്തിയപ്പോൾ**

ജൂലൈ 16–ാം തീയതി. മനുഷ്യനിർമ്മിത പ്രകൃതി ദുരന്തത്തിന് ഇരയായി പതിനായിരങ്ങൾ ലോകത്തോട് വിട പറഞ്ഞിട്ട് 30 ദിനങ്ങൾ പിന്നിട്ടിരിക്കുന്നു. ഇന്നേ ദിവസം മരിച്ചവരുടെ ഓർമ്മയ്ക്കായി രുദ്രപ്രയാഗിൽ എം.എസ്.സി 'ശ്രദ്ധാഞ്ജലി' സംഘടിപ്പിച്ചു. താൽക്കാലികമായി കെട്ടി ഉണ്ടാക്കിയ സ്മൃതി മണ്ഡപത്തിൽ നൂറുകണക്കിന് ആളുകൾ നിറകണ്ണുകളോടെ പുഷ്പങ്ങൾ അർപ്പിച്ചു. കത്തിച്ച മെഴുകുതിരിയുമായി സായാഹ്നത്തിൽ നടന്ന പ്രദക്ഷിണത്തിലും നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. എം.എസ്.സിയുടെ നേതൃത്വത്തിൽ നടന്ന അനുസ്മരണ ചടങ്ങിൽ ജനങ്ങൾ വൈകാരികമായി അണിനിരന്നത് അവിടെ ആഴ്ചകളായി നടത്തിവരുന്ന ആശ്വാസപ്രവർത്തനങ്ങൾ വഴി എം.എസി.സി ജനങ്ങളുടെ ഹൃദയത്തോട് എത്രമേൽ ഇഴുകിച്ചേർന്നു എന്നതിന്റെ വ്യക്തമായ തെളിവായി.

ദുരന്തം സമ്മാനിച്ച ആരോഗ്യപ്രശ്നങ്ങളേക്കാൾ ഞങ്ങളെ നടുക്കിയത് ഉത്തരാഖണ്ഡ് എന്ന ദേവഭൂമിയിലെ സാധാരണജനങ്ങളുടെ പൊതുവായ ആരോഗ്യനിലയാണ്. പോഷകാഹാരക്കുറവും വിളർച്ചയും ത്വക്ക്രോഗങ്ങളും ബാധിക്കാത്ത ആരും തന്നെയുണ്ടായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ആറര പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ രാജ്യത്തെ എല്ലും തോലുമായ സാധാരണജനങ്ങൾ. വാർദ്ധക്യത്തിന്റെ ലക്ഷണങ്ങളുമായി മുമ്പിൽ വന്നിരുന്ന ഒരു സ്ത്രീയോട് പ്രായം ചോദിച്ചപ്പോൾ 30 എന്നാണ് പറഞ്ഞത്! യൗവനത്തിൽത്തന്നെ വാർദ്ധക്യത്തിന്റെ പിടിയിലമരുന്ന പാവപ്പെട്ട ജനങ്ങൾ. ഹൃദയഭേദകമായ കാഴ്ചയാണ് അത്. പോഷകാഹാരക്കുറവ്കൊണ്ട് നീറുന്ന ഒരു സമൂഹം. വിറക്കരിയും ചെറിയ കല്ലുകളും ഭക്ഷിക്കുന്ന ശീലമുള്ള മീന എന്ന സ്ത്രീയോട് കൂടുതൽ ചോദിച്ചപ്പോൾ അവർ നൽകിയ മറുപടി ഞങ്ങളെ ഞെട്ടിച്ചു. മണ്ണും ചെറിയ കല്ലുകളും വിറക് കത്തിച്ച കരിയും ചെളിയും ചോക്കും പേപ്പർ കഷണങ്ങളും കഴിക്കുന്ന ശീലം അവിടുത്ത ബഹുഭൂരിപക്ഷം സ്ത്രികളിലുമുണ്ടത്രേ. ശരീരത്തിൽ ഇരുമ്പിന്റെ കുറവും പോഷക അസന്തുലിതാവസ്ഥയും സൃഷ്ടിക്കുന്ന, ആഫ്രിക്കയുടെ ദരിദ്രരാഷ്ട്രങ്ങളിൽ കാണുന്ന ജിയോഫേജിയ എന്ന അവസ്ഥ നമ്മുടെ രാജ്യത്തെ ഉത്തരാഖണ്ഡിൽ വ്യാപകമാണത്രേ. ആദ്യത്ത ഗർഭധാരണ സമയത്താണ് ഈ ശീലം ഉത്തരാഖണ്ഡിലെ സ്ത്രീകളിൽ ആരംഭം കുറിക്കുന്നത്, അതായത് ശരീരം പോഷകാഹാരം ഏറ്റവും ആവശ്യപ്പെടുന്ന സന്ദർഭത്തിൽപോലും അത് ലഭിക്കാതെ വരുമ്പോൾ ഭാരതത്തിലെ സ്ത്രീകൾ കല്ലും മണ്ണും തിന്നുന്നു. രാജ്യം വികസിക്കുക തന്നെയാണ്!

നാലുമാസം ഗർഭിണിയായ ഒരു സ്ത്രീ ഞങ്ങളുടെ മുമ്പിൽ വന്നിരുന്നു. രക്തക്കുറവ് കാരണം കണ്ണുകളിലെ ചുവപ്പ് മാഞ്ഞുപോയിരിക്കുന്നു. ഒരു കുഞ്ഞിന്റെ ഭാരം വഹിക്കാനുള്ള ത്രാണി ആ ശരീരത്തിനില്ല. രോഗവിവരം ആരാഞ്ഞപ്പോൾ ലഭിച്ച പ്രതികരണം വളരെ വേദനയുളവാക്കി. പ്രസവത്തിൽ കുട്ടിയെ ലഭിച്ചാൽ ഭാഗ്യമെന്നു പറയാം. മാതാവ് ജീവനോടെ അവശേഷിച്ചാൽ അതിലേറെ ഭാഗ്യം. അമ്മ മരിച്ചില്ലെങ്കിൽ കുഞ്ഞിനെ നോക്കാൻ അമ്മ കാണും. അല്ലെങ്കിൽ ആരുമുണ്ടാവില്ല. വളരെ നിസ്സംഗതയോടെയാണ് അവരിത് പറയുന്നത്. ഭാരതസ്ത്രീത്വത്തിന്റെ പ്രതീകം!

ദുരന്തത്തിന് ശേഷം പോലും ജനങ്ങൾക്ക് അവശ്യംവേണ്ട ആരോഗ്യസംവിധാനങ്ങൾ പോലും ഏർപ്പെടുത്താൻ സർക്കാരുകൾ തയ്യാറായിട്ടില്ല. വർഷംതോറും ടൂറിസത്തിലൂടെയും ഭക്തി വിറ്റും കോടികളുടെ വരുമാനമുണ്ടാക്കുന്ന സർക്കാരുകൾ ദുരന്തവും പണസമ്പാദനത്തിന്റെ മാർഗ്ഗമാക്കി മാറ്റുകയാണ്. മാധ്യമങ്ങളുടെ ശ്രദ്ധ പിൻവലിഞ്ഞപ്പോൾ സർക്കാർ ജനങ്ങളെ പാടേ ഉപേക്ഷിച്ച് കടന്നുപോയിരിക്കുന്നു. മരിച്ചുപോയവരെന്ന് കരുതപ്പെട്ട ചിലർ മലമടക്കുകളിൽ നിന്നും വനമേഖലയിൽ നിന്നും അതീവദുരിതങ്ങൾ അനുഭവിച്ച് മടങ്ങിവന്നപ്പോൾ സർക്കാർ അവരുടെ ബന്ധുക്കൾക്ക് നൽകിയ സാമ്പത്തിക സഹായം തിരികെ വാങ്ങുകയാണ്.

കഠിനമായ കാലാവസ്ഥയും കാട്ടുമൃഗങ്ങളും രോഗങ്ങളും പട്ടിണിയും തളർത്താത്ത ഒരു ജനത മനുഷ്യനിർമ്മിത പ്രകൃതിദുരന്തത്തിനു മുമ്പിൽ നിസ്സഹായരായി നിൽക്കുകയാണ്. നാം ഉത്തരാഖണ്ഡിന് പുറത്തുള്ള ജനങ്ങൾ അവിടുത്തെ സാഹചര്യം മനസ്സിലാക്കി ആലംബഹീനരായ ജനങ്ങളോടൊപ്പം നിലകൊള്ളണം. ഈ ദുരന്തത്തിനു കാരണമായ മുതലാളിത്ത ലാഭദുരയ്ക്കെതിരെ നാം ഒറ്റക്കെട്ടായി നീങ്ങണം. 12 ദിവസത്തെ ദുരിതാശ്വാസ പ്രവർത്തനം ഞങ്ങൾക്ക് നൽകിയ വിലപ്പെട്ട പാഠം അതാണ്. •

## ടർക്കി-ബ്രസീൽ- ഈജിപ്ത്

# ജ്വലിച്ചുയരുന്ന ജനരോഷം നൽകുന്ന സന്ദേശമെന്ത്?

**2010** ഒടുവിൽ മുതലാളിത്ത ലോകത്തെ പിടിച്ചുകുലുക്കിയ വമ്പിച്ച ജനകീയ പ്രക്ഷോഭങ്ങളാണുണ്ടായത്. ടൂണീഷ്യയിൽ ആരംഭിച്ച് , ഒരു കാട്ടുതീ പോലെ അറബ് ലോകത്താകെ അത് പടർന്നുപിടിച്ചു. 'അറബ് വസന്തം' എന്നറിയപ്പെട്ട ഈ പ്രക്ഷോഭം അതാതു രാജ്യങ്ങളിലെ മുതലാളിത്ത, ജന്മി-മുതലാളിത്ത ഭരണകൂടങ്ങൾക്കെതിരെയായിരുന്നു. സാമ്രാജ്യത്വശക്തികളുടെ, വിശേഷിച്ച് ജനങ്ങളുടെ മുഖ്യശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയും ഒത്താശയുമൊക്കെ ലഭിച്ചിരുന്ന ഭരണകൂടങ്ങളായിരുന്നു ഇവ. ശരിയായ നേതൃത്വമുണ്ടായിരുന്നില്ല എന്നൊരു പരിമിതിയുണ്ടായിരുന്നെങ്കിലും ജനങ്ങളുടെ ഡിമാന്റുകൾ അംഗീകരിക്കാൻ ഈ ഭരണകൂടങ്ങളെ പൊതുവിൽ നിർബ്ബന്ധിതമാക്കി, സ്വമേധയാ പൊട്ടിപ്പുറപ്പെട്ട ഈ പ്രക്ഷോഭങ്ങൾ. ശരിയായ നേതൃത്വത്തിന്റെ അഭാവം ചില നീതിരഹിതമായ ഒത്തുതീർപ്പുകളിലേക്ക് അവയെ നയിച്ചിരുന്നുവെങ്കിലും, ടൂണീഷ്യയിൽ 23 വർഷവും ഈജിപ്തിൽ 30 വർഷവുമായി തുടർന്ന ഏകാധിപത്യ ഭരണങ്ങൾക്ക് ഇത് അന്ത്യം കുറിച്ചു.

ഇതിനിടയിൽ ഭൂമി സൂര്യനെ രണ്ടുവട്ടം വലംവച്ചുകഴിഞ്ഞു. എങ്കിലും അറബ് വസന്തത്തിന്റെ ഓർമ്മകൾ ജനങ്ങളുടെ മനസ്സിൽ മായാതെ കിടന്നു. പലപ്പോഴും പല കാര്യങ്ങൾക്കായി ലോകത്തിന്റെ പല ഭാഗങ്ങളിൽ പ്രക്ഷോഭങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ രാജ്യങ്ങളിലെ മുതലാളിത്ത വ്യവസ്ഥിതികൾ കോട്ടം തട്ടാതെ തുടർന്നുകൊണ്ടുമിരുന്നു. ടൂണീഷ്യയിലും ഈജിപ്തിലുമൊക്കെ പിന്തിരിപ്പൻ ഭരണം വൈകാതെ തിരിച്ചുവന്നത് വീണ്ടും ജനകീയ പ്രക്ഷോഭം അനിവാര്യമാക്കിത്തീർത്തു. വീണ്ടും ശക്തമായ ജനമുന്നേറ്റങ്ങൾക്ക് ലോകം സാക്ഷ്യംവഹിക്കുകയാണ്. മേയ് 28 ന് ടർക്കിയിലായിരുന്നു ആദ്യത്തേത്. ജൂൺ മദ്ധ്യത്തിൽ ബ്രസീലിൽ അത് ആവർത്തിച്ചു. ഫുട്ബോൾ ഭ്രാന്തന്മാരുടെ നാടായ ബ്രസീലിൽ കോൺഫെഡറേഷൻ കപ്പ് അന്താരാഷ്ട്ര ടൂർണമെന്റ് നടക്കുന്ന സന്ദർഭമായിരുന്നു അത്. തെരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ച മുഹമ്മദ് മുർസി ഗവൺമെന്റിന്റെ ഒന്നാം വാർഷികവേളയായ ജൂൺ 30 മുതൽ ഈജിപ്തിൽ സായുധമായ പോരാട്ടങ്ങളാണ് നടക്കുന്നത്. രാജ്യം ഇന്ന് ആഭ്യന്തരയുദ്ധത്തെ അഭിമുഖീകരിക്കുകയാണ്.

### ഫാസിസ്റ്റ് പ്രവണതയ്ക്കെതിരെ ടർക്കിയിൽ യോജിച്ച പ്രക്ഷോഭം

മേയ് 28 ന്, ഇസ്താംബൂളിലെ ചരിത്രപ്രധാനമായ ടാക്സിം സ്ക്വയറിനുസമീപമുള്ള ഗേസി പാർക്കിൽ ഒരു ഷോപ്പിംഗ് മാൾ പണിയാനുള്ള നീക്കം ഒരുകൂട്ടമാളുകൾ ചേർന്ന് തടഞ്ഞു. കഴിഞ്ഞ പത്തുവർഷമായി ടർക്കിയിൽ ഭരണം നടത്തുന്ന എ.കെ.പാർട്ടി നേതാവായ പ്രധാനമന്ത്രി ആർ.ടി. എർദോഗൻ പോലീസിനെയും അർദ്ധസൈനിക വിഭാഗങ്ങളെയും ഉപയോഗിച്ച് ഇതിനെ നേരിട്ടു. എന്നാൽ ജനങ്ങളുടെ അനുഭാവം പിടിച്ചുപറ്റിക്കൊണ്ട് എതിർപ്പ് ഒരു രാജ്യവ്യാപക പ്രക്ഷോഭത്തിന്റെ രൂപമെടുത്തു. പ്രധാനമന്ത്രി രാജിവയ്ക്കണമെന്ന ആവശ്യമുയർന്നു. ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ പ്രക്ഷോഭത്തിൽ അണിനിരന്നു. വിദ്യാർത്ഥി സമരങ്ങളും തൊഴിലാളി പണിമുടക്കുകളും ശക്തമായി. ആയിരങ്ങൾ അറസ്റ്റുചെയ്യപ്പെട്ടിട്ടും ബാരിക്കേഡ് പോരാട്ടങ്ങൾ തുടർന്നു. മുസ്ലീങ്ങളും ക്രിസ്ത്യാനികളും അതിലെ അവാന്തരവിഭാഗങ്ങളുമൊക്കെ പ്രകടനങ്ങളിൽ ഒന്നിച്ചണിനിരന്നു. പരസ്പരസഹകരണമില്ലാതെ കഴിഞ്ഞിരുന്ന തുർക്കികളും കുർദ്ദുകളും അറബികളുമൊക്കെ സമരത്തിൽ ഒരുമിച്ചു. അടാടർക്കിന്റെ ചിത്രം അലേഖനം ചെയ്ത തുർക്കികളുടെ പതാകകളും കുർദ്ദുകളുടെ കൊടികളും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെങ്കൊടിയോടൊപ്പം ദൃശ്യമായി. ഫാസിസത്തിനെതിരെ അവരെല്ലാം തോളോടുതോൾ ചേർന്ന് പൊരുതി. രാജ്യമൊട്ടാകെ ഉണർന്നപ്പോൾ പ്രധാനമന്ത്രിക്കും മർദ്ദക സംവിധാനങ്ങൾക്കും പിൻവാങ്ങേണ്ടിവന്നു. ഗേസിപാർക്കിലെ നിർമ്മാണം നിരോധിച്ചുകൊണ്ട് കോടതി ഉത്തരവുവന്നു. സായുധസേനകൾ പിന്തിരിഞ്ഞു. നിരായുധരായ ജനങ്ങൾക്ക് ഇത്ര ശക്തമായ ഒരു പ്രക്ഷോഭം നടത്താൻ കഴിഞ്ഞതെങ്ങനെയെന്ന ചോദ്യം അവശേഷിച്ചു.

യഥാർത്ഥത്തിൽ ഇതിനെല്ലാം കളമൊരുക്കിയത് എർദോഗന്റെ യാഥാസ്ഥിതിക ഇസ്ലാമിക ശക്തികൾ നയിക്കുന്ന മുതലാളിത്ത ഗവൺമെന്റാണ്. വൻഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിയതുമുതൽ ഇവർ ധാർഷ്ട്യം നിറഞ്ഞ ഭരണമാണ് കാഴ്ചവച്ചത്. നഗരവൽക്കരണത്തിന്റെ വ്യാമോഹങ്ങളിലും നാശോന്മുഖമായ റിയാൽറ്റി ബിസിനസ്സിലും കെട്ടിപ്പൊക്കിയതായിരുന്നു ഈ ഭരണം. വൻലാഭം വാഗ്ദാനം ചെയ്തുകൊണ്ട് നേരിട്ടുള്ള വിദേശനിക്ഷേപം വൻതോതിൽ ക്ഷണിച്ചുവരുത്തിയതാകട്ടെ വലിയ വിദേശകടത്തിലേക്ക് നയിക്കുകയും ചെയ്തു. ടർക്കിയിലെ പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥയുടെ നടത്തിപ്പുകാർ എന്ന നിലയിൽ മുതലാളിത്ത ആഗോളവൽക്കരണ-ഉദാരവൽക്കരണനയങ്ങൾ തന്നെയാണ് ഇവർ നടപ്പാക്കിയത്. ഇത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വളരെയേറെ വർദ്ധിപ്പിച്ചു. ദരിദ്രർ നഗരങ്ങളിൽനിന്ന് ഗ്രാമപ്രദേശങ്ങളിലേക്ക് ആട്ടിയോടിക്കപ്പെട്ടു. തൊഴിലില്ലായ്മ പെരുകി. തൊഴിലാളികൾക്കും സാധാരണക്കാർക്കുമുള്ള സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളൊക്കെ വെട്ടിച്ചുരുക്കപ്പെട്ടു. അദ്ധ്വാനിച്ചു ജീവിക്കുന്നവരുടെ ജീവിതം ദുരിതമയമായിത്തീർന്നു.

സാമ്പത്തികമായി പാപ്പരായ ജനങ്ങൾക്കുമേൽ പിന്നെയും മാരകമായ പ്രഹരങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടു. ഓട്ടോമൻ സാമ്രാജ്യത്വത്തിനെതിരെ കെമാൽ അടാടർക്കിന്റെ നേതൃത്വത്തിൽ നടന്ന ദേശീയ സ്വാതന്ത്ര്യസമരം തുർക്കികൾക്ക്, ബൂർഷ്വാകാഴ്ചപ്പാടിലുള്ളതെങ്കിലും ഒരു മതേതര-ജനാധിപത്യ പാരമ്പര്യം പ്രദാനം ചെയ്തിരുന്നു. ചൂഷക മുതലാളിവർഗ്ഗത്തിന് ഈ ജനാധിപത്യ-മതേതര ബോധം വലിയ പ്രതിബന്ധമായിരുന്നു. അതുകൊണ്ടുതന്നെ എർദോഗൻ ഗവൺമെന്റ് ഒരു ദ്വിമുഖ ആക്രമണം ആരംഭിച്ചു. ഒരു വശത്ത്, അത് കുപ്രസിദ്ധമായ സുരക്ഷാസേനയ്ക്ക് രൂപം നൽകി. തോന്നിയതുപോലെ അറസ്റ്റുചെയ്യലും നിരോധനങ്ങളും വ്യാപകമായി. മാദ്ധ്യമങ്ങൾക്കുമേൽ സെൻസർഷിപ്പു വന്നു. മാദ്ധ്യമപ്രവർത്തകരെ വേട്ടയാടി. രാഷ്ട്രീയപ്രവർത്തകരെയും ട്രേഡ്യൂണിയൻ നേതാക്കളെയും ലോക്കപ്പിലിട്ട് ഭീകരമായി മർദ്ദിച്ചു. ക്രുദ്ധവും രക്തദാഹിയുമായ മുഖമാണ് ഗവൺമെന്റ് പ്രദർശിപ്പിച്ചത്. ജനാധിപത്യാവകാശങ്ങളൊക്കെ ഫാസിസ്റ്റ് രീതിയിൽ കവർന്നെടുക്കപ്പെട്ടു. ഭീഷണിയും ഭീകരതയുംകൊണ്ട് മുതലാളിത്ത ചൂഷണത്തിനെതിരെ ജനങ്ങളിൽ വളർന്നുവന്ന മനോഭാവത്തെ അടിച്ചമർത്തി. അതേസമയം തന്നെ മതമൗലികവാദ അജണ്ടയും അടിച്ചേൽപ്പിച്ചു. വിദ്യാഭ്യാസത്തിൽ മതപഠനം നിർബന്ധിതമാക്കി. മതസംഘടനകളുടെ പ്രവർത്തകരെ ഭരണസംവിധാനത്തിൽ കുത്തിത്തിരുകിക്കൊണ്ട് കുപ്രസിദ്ധമായ ഓട്ടോമൻ പാരമ്പര്യം പുനസ്ഥാപിക്കാൻ ശ്രമിച്ചു. സിറിയയിലെ അസ്സദ് ഗവൺമെന്റിനെതിരെ നിലകൊള്ളുന്ന റിബലുകളെപ്പോലെയുള്ള മതമൗലികവാദ ശക്തികൾക്ക് സ്വദേശമെന്നോ വിദേശമെന്നോ നോക്കാതെ സഹായങ്ങൾ ചൊരിഞ്ഞു. ഗേസി പാർക്കിലെ ഷോപ്പിംഗ് മാളും ഓട്ടോമൻ സാമ്രാജ്യത്തിന്റെ പാരമ്പര്യം പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിന്റെയും ഭാഗമായിരുന്നു. ലക്ഷ്യം വളരെ വ്യക്തം. മതത്തിന്റെ ജന്മിത്ത പാരമ്പര്യത്തിന്റെയും മൂടുപടമിട്ടുകൊണ്ട് ജനാധിപത്യ-മതേതര മൂല്യങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുക. മതമൗലികവാദ ആശയങ്ങൾ ഇതിനായി ഊട്ടിവളർത്തുക. അധികാരികൾ നടപ്പാക്കുന്ന മുതലാളിത്ത നയങ്ങൾ മൂലം ജനങ്ങളിലുണ്ടാകുന്ന അസംതൃപ്തിയിൽനിന്ന് രക്ഷപെടുക. മുതലാളിത്ത ചൂഷണത്തിനെതിരെ ജനങ്ങൾ ഒന്നിക്കുന്നത് തടയാനും ഇത് ഉപകരിക്കും. അങ്ങനെ, ഒരു വശത്ത് തികഞ്ഞ ഏകാധിപത്യഭരണവും മറുവശത്ത് മതമൗലികവാദ അജണ്ടയും ആയുധമാക്കി അവർ തുർക്കിയുടെ ജനാധിപത്യ-മതേതര പാരമ്പര്യത്തിന് അഘാതമേൽപ്പിച്ചു. ജനങ്ങളെ പ്രത്യശാസ്ത്രപരമായും സാംസ്കാരികമായും നിരായുധരാക്കി. അതിന്റെ മറയിൽ കുത്തകകളുടെ താൽപ്പര്യാർത്ഥം ആഗോളവൽക്കരണനയങ്ങൾ അടിച്ചേൽപ്പിച്ചു. എന്നാൽ ഈ നടപടികളെല്ലാം തുർക്കിയിലെ സാധാരണക്കാരായ ജനങ്ങളുടെ ക്ഷമ കെടുത്തി. നഗരമദ്ധ്യത്തിൽ നിന്ന് അവശേഷിക്കുന്ന പച്ചപ്പുകൂടി തുടച്ചുനീക്കി സമ്പന്നർക്കുവേണ്ടി ഷോപ്പിംഗ് മാൾ പണിയാൻ തുനിഞ്ഞപ്പോൾ ജനരോഷത്തിൽ അത് ഒരു തീപ്പൊരിയായി വീണു. സർവ്വ സംഹാരിയായ കാട്ടുതീയായി അത് പടർന്നു. എർദോഗൻ ഗവൺമെന്റിന്റെ നിലനിൽപ്പിനെ വെല്ലുവിളിക്കുന്ന ജനങ്ങളുടെ ഉയർത്തെഴുന്നേൽപ്പായി അത് വളർന്നു. നാണംകെട്ട് പിൻവാങ്ങിക്കൊണ്ട് ഗവൺമെന്റിന് മുഖം രക്ഷിക്കേണ്ടിയും വന്നു.

### ഞങ്ങൾക്ക് ലോകകപ്പല്ല, ആശുപത്രികളും വിദ്യാഭ്യാസവുമാണ് വേണ്ടത്: ബ്രസീൽ കേഴുന്നു.

ബ്രസീലിലെ സാവോപോളോയിൽ, പൊതുഗതാഗതരംഗത്ത് ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ സമാധാനപരമായി പ്രകടനം നടത്തിയ ജനങ്ങൾക്കുമേൽ പോലീസ് അതിക്രമം കാട്ടിയപ്പോൾ ജനങ്ങൾ തിരിച്ചടിച്ചു. അതൊരു വലിയ പ്രക്ഷോഭത്തിന് തുടക്കമായി. ചാർജ് വർദ്ധന പിൻവലിക്കുക എന്ന ഡിമാന്റിൽ അവർ ഒതുങ്ങിനിന്നില്ല. ഒരു ജനതയാകെ ഫുട്ബോൾ ലഹരിക്കടിപ്പെട്ട ബ്രസീലിൽ വമ്പൻ പ്രതിഷേധ സമരങ്ങൾ കേട്ടുകേൾവിയില്ലാത്തതാണ്. ഒരു അന്തർദേശീയ ടൂർണമെന്റ് നടക്കുന്ന സമയം. ലോകകപ്പ് ഫുട്ബോൾ ടൂർണമെന്റും ഒളിമ്പിക്സുമൊക്കെ വരാൻപോകുന്നു. എന്നിട്ടും പോലീസ്-മിലിട്ടറി അടിച്ചമർത്തലിനെതിരെ മുക്കാൽപങ്ക് ആളുകളും തെരുവിലിറങ്ങി. ഞങ്ങൾക്ക് ലോകകപ്പല്ല വേണ്ടത്. ആശുപത്രികൾക്കും വിദ്യാഭ്യാസത്തിനും പണം നീക്കിവയ്ക്കുക , ജനങ്ങൾ ഉണർന്നിരിക്കുന്നു , അസൗകര്യങ്ങൾ പൊറുക്കുക, ബ്രസീൽ മാറുകയാണ് തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടാണ് അവർ സമരത്തിനിറങ്ങിയത്. ഫുട്ബോൾ ഫെഡറേഷന്റെ അഴിമതിക്കും അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ടുകൾക്കുമെതിരെ അവർ ശബ്ദമുയർത്തി. കുത്തകകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങളെ അവർ തള്ളിപ്പറഞ്ഞു. പോലീസ് അതിക്രമങ്ങളെയും അഴിമതിയും ജനദ്രോഹങ്ങളും നിറഞ്ഞ ഭരണത്തെയും അവർ അപലപിച്ചു. വ്യാപകമായ അഴിമതിയെത്തുടർന്ന് 1985-ൽ സൈന്യത്തിന് ബ്രസീലിൽ ഭരണം ഒഴിയേണ്ടിവന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. തുടർന്ന് പാർലമെന്ററി ഭരണക്രമം പിന്തുടർന്നതിലൂടെയാണ് ഇന്നത്തെ ലുലഡിസിൽവ ഗവൺമെന്റ് അധികാരത്തിൽവന്നത്. ഇടതുപക്ഷക്കാരിയെന്നറിയപ്പെട്ട, ഗറില്ലാനേതാവായ, വർക്കേഴ്സ് പാർട്ടിക്കാരിയായ ദിൽമ റൂസഫ് ജനങ്ങളിൽ പ്രതീക്ഷയുണർത്തിയിരുന്നു. എന്നാൽ അവരുടെ പാർട്ടിയുടെ വർഗ്ഗസ്വഭാവമെന്താണ്, അവർ യഥാർത്ഥ ഇടതുപക്ഷരാഷ്ട്രീയം ഉയർത്തിപ്പിടിച്ചിരുന്നോ, അധികാരത്തിൽ വരുന്നതിനുമുമ്പ് യഥാർത്ഥ ഇടതുപക്ഷ കാഴ്ചപ്പാടോടെ അവർ വല്ല സമരങ്ങൾക്കും നേതൃത്വം നൽകിയിരുന്നോ തുടങ്ങിയ കാര്യങ്ങളൊക്കെ ഇന്നും ലോകത്തിന് വ്യക്തമല്ല. എന്നാൽ, അധികാരമേറ്റശേഷം ഏതൊരു ബൂർഷ്വ-പെറ്റിബൂർഷ്വാ പാർട്ടിയെയുംപോലെ അവരും മുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷകരായിത്തീർന്നു എന്ന കാര്യം നമ്മൾ മനസ്സിലാക്കുന്നു. അവരുടെ പ്രഖ്യാപനങ്ങളും നാട്യങ്ങളും എന്തുതന്നെയായാലും ശരി, അവർ ആഗോളവൽക്കരണ നയങ്ങളുടെ നടത്തിപ്പുകാരിയായി മാറുകയും അടിമുടി അഴിമതിയിൽ മുങ്ങുകയും ചെയ്തിരിക്കുന്നു. ജനങ്ങളെ വഴിതെറ്റിക്കാനും അവരെ പ്രലോഭിപ്പിക്കാനുമായി, ലോകകപ്പ്, ഒളിംപിക്സ് പോലുള്ള വർണ്ണാഭമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. ഇത് വൻതോതിൽ വിദേശനിക്ഷേപത്തിന് അവസരമൊരുക്കുമെന്നും സ്പോൺസർഷിപ്പുകൾ ഉണ്ടാകുമെന്നും വിനോദസഞ്ചാരം പുഷ്ടിപ്പെടുമെന്നുമൊക്കെയാണ് അവർ വാഗ്ദാനം ചെയ്യുന്നത്. എന്നാൽ ഇതൊന്നും യാഥാർത്ഥ്യമായിട്ടില്ലെന്നാണ് മറ്റു രാജ്യങ്ങളുടെ അനുഭവങ്ങൾ കാണിക്കുന്നത്. എന്നുമാത്രമല്ല, സുരക്ഷയുടെയും വിദേശികളുടെ സംരക്ഷണത്തിന്റെയുമൊക്കെ പേരിൽ ജനങ്ങളുടെ സ്വൈരജീവിതം തകർക്കുകയും അവർക്കുമേൽ ഒരു യുദ്ധം അഴിച്ചുവിടുകയുമാണ് ഫലത്തിൽ സംഭവിച്ചിരിക്കുന്നത്. നഗരത്തിലെ സാധാരണക്കാരുടെ, വിശേഷിച്ച് കറുത്തവർഗ്ഗക്കാരുടെ, ഭവനങ്ങളിൽ നിരന്തരം റെയ്ഡ് നടത്തി അവരെ പുറന്തള്ളുകയും സൈന്യം അവിടെ തമ്പടിക്കുകയും ജനങ്ങളെ കുറ്റകൃത്യങ്ങൾ ആരോപിച്ച് നിരന്തരം തടവിലിടുകയും കൊല്ലുകയുമൊക്കെയാണ്. വൻപദ്ധതികൾ മുന്നിൽക്കണ്ട് റിയൽ എസ്റ്റേറ്റ് ലോബികൾ വൻതോതിൽ സ്ഥലത്തിന്റെ വിലവർദ്ധിപ്പിക്കുകയും വാടകവർദ്ധിപ്പിക്കുകയുമൊക്കെ ചെയ്യുമ്പോൾ, മറുവശത്ത്, പൊതുഗതാഗതം പോലുള്ള മേഖലകളിൽ ഒരു നിക്ഷേപവും നടക്കുന്നില്ല. 'എന്റെ വീട്, എന്റെ ജീവിതം' ഭവനപദ്ധതിയുടെ പേരിൽ ദരിദ്രർ നഗരപ്രാന്തങ്ങളിലേക്ക് തള്ളിനീക്കപ്പെടുകയാണ്. അവിടെയാകട്ടെ യാതൊരു ജീവിത സൗകര്യങ്ങളുമില്ല. ആരോഗ്യപരിപാലനവും വിദ്യാഭ്യാസവും ശോചനീയാവസ്ഥയിലാണ്. ഉന്നതവിദ്യാഭ്യാസം ഒരു സൂപ്പർ മാർക്കറ്റ് ആയിത്തീർന്നിരിക്കുന്നു. ഇതെല്ലാംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾ ചാർജ്ജ് വർദ്ധനവിനെതിരായ സമരത്തെ ഒരു പഴുതായിക്കണ്ട് പൊട്ടിത്തെറിക്കുകയായിരുന്നു. ഇടതെന്നവകാശപ്പെടുന്ന ഗവൺമെന്റാകട്ടെ മുതലാളിവർഗ്ഗസേവയുമായി ജനങ്ങളെ അടിച്ചമർത്തി മുന്നോട്ടുപോകുന്നു.

ജനങ്ങളുടെ ഈ പൊട്ടിത്തെറി ഒരുപിടി കടുത്ത യാഥാർത്ഥ്യങ്ങൾ വെളിവാക്കിയിരിക്കുന്നു. ഏതൊരു മുതലാളിത്ത ചൂഷണവ്യവസ്ഥയിലും ചൂഷിതജനതയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ, ചൂഷണത്തിന് അറുതിവരുത്താനും പുരോഗതി ഉറപ്പാക്കാനും, സന്ധിരഹിതമായ ജനാധിപത്യപ്രക്ഷോഭങ്ങൾ ഒന്നിനുപുറകെ ഒന്നായി വളർത്തിയെടുക്കുകയേ മാർഗ്ഗമുള്ളൂ. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുവരുന്ന പാർട്ടിയോ പാർട്ടികളോ അധികാരത്തിൽവന്നാലും അവർക്ക് മുതലാളിവർഗ്ഗത്തിന്റെയും സ്ഥാപിത താൽപ്പര്യക്കാരുടെയും ആക്രമണങ്ങളെ അതിജീവിച്ച് ഭരണം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ശക്തമായ ജനാധിപത്യ പ്രക്ഷോഭങ്ങളുടെ പിന്തുണ അനിവാര്യമാണ്. ജനാധിപത്യപ്രക്ഷോഭങ്ങളിലൂടെയും ജനാധിപത്യപരമായ കൂട്ടായ്മകളിലൂടെയും ഉരുത്തിരിയുന്ന ജനങ്ങളുടെ പ്രബുദ്ധതയിലാണ്

(ശേഷം 7-ാം പേജിൽ)

# ഓരോ രാജ്യത്തും ജനസമരങ്ങൾക്കാവശ്യം ശരിയായ നേതൃത്വം

(7-ാം പേജിൽ നിന്ന്)

ജനാധിപത്യത്തിന്റെ ശക്തി യഥാർത്ഥത്തിൽ കുടികൊള്ളുന്നതെന്ന് മനസ്സിലാക്കണം. അതിനാൽ, ജനാനുകൂലമെന്ന് അവകാശപ്പെടുന്നൊരു ഗവൺമെന്റ്, ജനാധിപത്യസമരങ്ങളെ സംരക്ഷിക്കുകയും ജനങ്ങൾ ജനാധിപത്യപരമായി സംഘടിക്കുകയും ശക്തരാകുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ജനാധിപത്യബോധം ഉയർത്താൻ അവസരങ്ങളൊരുക്കുകയും ചെയ്യുന്നില്ല എങ്കിൽ, ജനാധിപത്യം അപകടത്തിലാകും എന്നുമാത്രമല്ല മുതലാളിത്തവ്യവസ്ഥ ആ ഗവൺമെന്റിനെത്തന്നെ കടപുഴക്കുകയും ചെയ്യും. അല്ലെങ്കിൽ ഗവൺമെന്റ് സമ്പൂർണ്ണമായും മുതലാളിവർഗ്ഗ ദാസ്യത്തിലേക്ക് അധഃപതിക്കേണ്ടിവരും.

1967-ൽ തെരഞ്ഞെടുപ്പിലൂടെ ഒരു ഇടതു-ജനാധിപത്യ ഐക്യമുന്നണി ഗവൺമെന്റ് പശ്ചിമബംഗാളിൽ അധികാരത്തിൽ വന്ന സമയത്ത്, നമ്മുടെ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യുടെ സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ്ഘോഷ് ആവർത്തിച്ച് ഓർമ്മിപ്പിച്ച ചരിത്രപ്രധാനമായ ഒരു പാഠമാണിത്. അന്ന് അധികാരത്തിൽ ഭ്രമിച്ച സിപിഐ, സിപിഐ(എം) പോലുള്ള സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ, അധികാര സംവിധാനങ്ങളെ ഉപയോഗിച്ചുകൊണ്ട് അദ്ധ്വാനിക്കുന്നവന് പറുദീസയൊരുക്കാമെന്ന് വ്യാമോഹിച്ചു. എന്നാൽ, ഗവൺമെന്റിന്റെ ഓരോ നീക്കത്തിലും മുതലാളിവർഗ്ഗം വച്ചുപുലർത്തുന്ന ലക്ഷ്യവും താൽപ്പര്യവും അവർ നടത്തുന്ന ഇടപെടലും ഇക്കൂട്ടർ ഉരിയാടിയതേയില്ല. എന്നാൽ, സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളാൽ സായുധമായ നമ്മുടെ പാർട്ടി, ഭരണത്തിൽ പങ്കാളിയായ ഒരു കക്ഷി എന്ന നിലയിൽ, ന്യായമായ ജനകീയ പ്രക്ഷോഭങ്ങളിൽ പോലീസ് ഇടപെടലുണ്ടാകില്ല എന്ന തത്വം അംഗീകരിക്കണമെന്ന് ശഠിച്ചു. ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങൾക്കും അവകാശസമരങ്ങൾക്കും ഇത് എന്തെന്നില്ലാത്ത ഉണർവ്വ് പകർന്നപ്പോൾ, കുത്തക മാദ്ധ്യമങ്ങളുടെ പിന്തുണയോടെ മുതലാളിത്ത സംവിധാനമാകെ സർക്കാരിനെതിരെ തിരിയുകയും അതിനെ ഏറ്റവും അന്യായവും അധാർമ്മികവുമായ രീതിയിൽ പിരിച്ചുവിടുകയും ചെയ്തു. സഖാവ് ശിബ്ദാസ്ഘോഷിന്റെ അമൂല്യമായ പാഠം ശരിയെന്ന് ഇത് തെളിയിച്ചു.

ബ്രസീലിന്റെ ഉദാഹരണം കാണിക്കുന്നത്, ഇടതെന്നവകാശപ്പെടുന്ന ദിൽമ റൂസഫ് ഗവൺമെന്റിന് ജനങ്ങളുടെ പ്രതീക്ഷ തകർക്കാൻ ഒരു മനസ്സാക്ഷിക്കുത്തുമുണ്ടായില്ല എന്നതാണ്. ജനങ്ങൾ മുതലാളിത്ത വ്യവസ്ഥയെ സേവിക്കാൻ ഇറങ്ങിത്തിരിക്കുകയും ജനങ്ങളുടെ മേൽ അന്തമില്ലാത്ത ചൂഷണം അടിച്ചേൽപ്പിക്കുകയും അവർ അതിൽ പ്രതിഷേധിക്കാൻ തുനിഞ്ഞാൽ അവരെ നിർദ്ദാക്ഷിണ്യം അടിച്ചമർത്തുകയും ചെയ്തു. എന്നാൽ ആ അടിച്ചമർത്തൽ ഇക്കുറി വിപരീതഫലമാണ് ഉളവാക്കിയത്. ബ്രസീൽ ഇന്നുവരെ കണ്ടിട്ടില്ലാത്തവിധമുള്ള ജനകീയപ്രക്ഷോഭം പടുത്തുയർത്താനുള്ള നിശ്ചയദാർഢ്യം അത് ജനങ്ങൾക്ക് നൽകി. ഗവൺമെന്റിനും ഭരണവർഗ്ഗത്തിനും തലവേദന സൃഷ്ടിക്കുംവിധം മാറ്റത്തിനുവേണ്ടിയുള്ള മുറവിളിയാണ് ജനങ്ങളിൽ നിന്നുയർന്നത്.

ബ്രസീലിലെ ഭൂരഹിതരുടെ പോരാട്ടം നയിക്കുന്ന ഒരു നേതാവിന്റെ വാക്കുകളിൽനിന്ന് സമരത്തിന്റെ ചൂട് നമുക്ക് അനുഭവപ്പെടും: ഞങ്ങൾ വലിയ ആശയ സംഘർഷത്തിലാണ്. ഫലമെന്തായിരിക്കുമെന്ന് ആർക്കും അറിയില്ല. ഓരോ ചുവടുവയ്പ്പും ഹൃദയംഗമമായ പോരാട്ടമാണ്. ഈ സമരത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവർ ചരിത്രത്തിൽ നിന്നുതന്നെ പുറന്തള്ളപ്പെടും.

### പിന്തിരിപ്പൻ ഈജിപ്ത് സൈന്യത്തിന്റെ കൗശലപൂർവ്വമായ തിരിച്ചുവരവ്

2011-ന്റെ ആരംഭത്തിൽ ജനാധിപത്യത്തിനും മതേതരത്ത്വത്തിനുംവേണ്ടി നടന്ന വമ്പൻ ജനകീയ പ്രക്ഷോഭം ഹോസ്നി മുബാറക്കിന്റെ സൈനിക പിന്തുണയോടെയുള്ള മർദ്ദക ഭരണത്തിന് അന്ത്യം കുറിച്ച കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. ഒരു ശരിയായ വിപ്ലവനേതൃത്വത്തിന്റെ അഭാവത്തിൽ, സൈന്യത്തിന്റെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും പിന്തുണയുള്ള മതമൗലികവാദികളായ മുസ്ലിം ബ്രദർഹുഡ് ഈ സമരത്തിൽ കടന്നുകൂടി നിർണ്ണായകമായ ശക്തിയായി മാറി. മുഹമ്മദ് മുർസിയുടെ നേതൃത്വത്തിൽ അവർ ഒരു തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് സ്ഥാപിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ വ്യാപകമായ കൃത്രിമവും അഴിമതിയും അരങ്ങേറിയെന്ന ആക്ഷേപം നിലനിൽക്കെയാണ് നേരിയ ഭൂരിപക്ഷത്തിൽ 2012-ൽ ഈ ഗവൺമെന്റ് നിലവിൽവന്നത്. അധികാരത്തിലെത്തിയതോടെ അവർ സ്വന്തം അജണ്ട നടപ്പിലാക്കാൻ തുടങ്ങി. ഒരുവശത്ത്, ലിബറൽ, ക്രിസ്ത്യൻ അംഗങ്ങളുടെ അനുമതിയില്ലാതെ മതേതരസ്വഭാവത്തിന് കോട്ടംതട്ടുംവിധമുള്ള നടപടികളും ആരംഭിച്ചു. അഭിപ്രായസ്വാതന്ത്ര്യം, സ്ത്രീകളുടെയും ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾ എന്നിവയ്ക്കൊക്കെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പ്രസിഡന്റിന് അമിതാധികാരങ്ങൾ നൽകി നീതിന്യായവ്യവസ്ഥയ്ക്കുമേലെ സ്ഥാപിച്ചു. ജനങ്ങളുടെ അമർഷം നാൾക്കുനാൾ വർദ്ധിച്ചു. ഇസ്ലാമിസ്റ്റുകളും മതേതര-ലിബറൽ-ക്രിസ്ത്യൻ വിഭാഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇത് പ്രകടമായി. മോർസിയുടെ പ്രസിഡന്റ് പദത്തിലേയ്ക്കുള്ള ആരോഹണത്തിന്റെ ഒന്നാംവാർഷികമായ ജൂൺ 30 ന് ശക്തമായ പ്രക്ഷോഭമുണ്ടായി. 22 മില്യൺ ജനങ്ങൾ ഇതിൽ പങ്കാളികളായതായി അവകാശപ്പെട്ടു. സമരം കൂടുതൽ ശക്തമായതോടെ മോർസിയുടെ നില പരുങ്ങലിലായി. ഈ സാഹചര്യം മുതലെടുത്ത് അമേരിക്കൻ ചായ്‌വുള്ള, അധികാരമോഹികളായ സൈന്യം അധികാരം പിടിച്ചെടുത്തു. അവർ മോർസിയെ തുറങ്കിലടച്ചു. മുസ്ലിം ബ്രദർഹുഡ് പ്രവർത്തകരെ അടിച്ചമർത്തി. ചുരുക്കത്തിൽ, ഒരു ജനകീയ ഗവൺമെന്റിന്റെ നാട്യവുമായി, സ്വാതന്ത്ര്യം കിട്ടിയനാൾമുതൽ മുതലാളിവർഗ്ഗത്തിനുവേണ്ടി മർദ്ദക ഭരണം നടത്തിവന്ന സൈന്യം, ഫലപ്രദമായ ഒരു തിരിച്ചുവരവ് നടത്തി. താഹിർ സ്ക്വയറിലും മറ്റും നടത്തിയ ഐതിഹാസികമായ പോരാട്ടത്തിൽ ഈജിപ്തിലെ ജനങ്ങൾ ഉയർത്തിപ്പിടിച്ച ലക്ഷ്യങ്ങളും താൽപ്പര്യങ്ങളുമൊക്കെ ആശയക്കുഴപ്പത്തിന്റെയും അനാഥത്വത്തിന്റെയും മറ്റും അന്തരീക്ഷത്തിൽ കൈമോശം വന്ന സ്ഥിതിയായി. ജൂൺ 30 ന് ആരംഭിച്ച പ്രക്ഷോഭം 2011 ലെ പ്രക്ഷോഭത്തെ അപേക്ഷിച്ച് ഒട്ടും മോശമായിരുന്നില്ല. എന്നിട്ടും പിന്തിരിപ്പൻ സൈന്യം അധികാരം കൈയ്യടക്കുന്നത് തടയാനായില്ല. കൂടുതൽ കടുത്ത മുതലാളിത്ത ഭരണമാണ് ഇതിലൂടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ട് എന്നതാണ് ഉയരുന്ന ചോദ്യം.

### സമരങ്ങളുടെ നേതൃത്വത്തിന്റെ പ്രശ്നം പരിഹൃതമാകാതെ അവശേഷിക്കുന്നു

ലോകത്തെ സമരങ്ങളുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതിച്ചേർത്തവയായിരുന്നു ടർക്കി, ബ്രസീൽ, ഈജിപ്ത് എന്നിവിടങ്ങളിൽ നടന്ന പ്രക്ഷോഭങ്ങൾ. ജനങ്ങളുടെ ശക്തി എന്താണെന്നും അതിന്റെ മുന്നിൽ ഏകാധിപതികൾ പോലും എത്ര നിസ്സാരന്മാണെന്നും അത് കാണിച്ചുതന്നു. വോട്ട് രാഷ്ട്രീയംകൊണ്ട് ജനങ്ങളുടെ അവകാശങ്ങൾ പിടിച്ചുപറ്റാനോ എന്തെങ്കിലും മാറ്റമുണ്ടാക്കാനോ കഴിയില്ല എന്നും ഇത് തെളിയിച്ചു. ജനങ്ങൾക്ക് എന്തെങ്കിലും ഡിമാന്റുകൾ നേടിയെടുക്കണമെങ്കിൽ നേരിട്ട് സമരങ്ങളിൽ പങ്കാളികളാകേണ്ടതുണ്ട്. വോട്ടുരാഷ്ട്രീയംകൊണ്ട് നേടാൻ കഴിയുമായിരുന്നില്ല ജനങ്ങൾ കൈവരിച്ച നേട്ടങ്ങൾ. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലൂടെ നേടിയെടുക്കുന്ന ഡിമാന്റുകൾക്കുവേണ്ടി വീണ്ടും വീണ്ടും സമരം ചെയ്യേണ്ടിവരില്ല എന്നും ഉറപ്പു പറയാനാവില്ല. ഇത് ഈ രാജ്യങ്ങളിലെ മാത്രം സ്ഥിതിയല്ല മറ്റു രാജ്യങ്ങളിലും മുതലാളിവർഗ്ഗത്തിന്റെ പ്രതിനിധികളാണ് അധികാരം കയ്യാളുന്നത്. ആഗോള മുതലാളിത്ത വ്യവസ്ഥയുടെ ഭാഗമാണ് എന്നതുകൊണ്ടുതന്നെ ഇവരും ജീർണ്ണത പടർത്തുകയാണ്, പ്രതിസന്ധിയിലാണ്. ഇത് ജനങ്ങളെ അങ്ങേയറ്റം അസന്തൃപ്തരും രോഷാകുലരുമാക്കുന്നു. അവർ ഒരു അവസരം പാർത്തിരിക്കുകയാണ്, പ്രതികരിക്കാൻ. ജനങ്ങളുടെ ഈ അസംതൃപ്തിയുടെ പ്രകടനമാണ് അടുത്തയിടെയുണ്ടായ പ്രക്ഷോഭങ്ങളിൽ കണ്ടത്. എന്നാൽ, ചൂഷണവും മർദ്ദനവും വിവേചനവും അഴിമതിയുമൊക്കെ അവസാനിപ്പിക്കുക എന്ന ജനങ്ങളുടെ അഭിലാഷം ഉടനടി സഫലീകരിക്കുമെന്ന ഉറപ്പൊന്നും ഈ പ്രക്ഷോഭങ്ങൾ തരുന്നില്ല. എന്നുമാത്രമല്ല, ഈജിപ്തിൽ നടന്നതുപോലെ പുതിയ രൂപത്തിൽ പിന്തിരിപ്പത്തം അധികാരത്തിലെത്തുന്നത് തടയാൻ കഴിഞ്ഞില്ലെന്നും വരാം. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നുവെന്നും എന്താണ് ഇതിന് പോംവഴിയെന്നും ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിജ്ഞാനം സാംശീകരിച്ചുകൊണ്ട് ആ വിജ്ഞാനത്തിന്റെയും പ്രയോഗപദ്ധതിയുടെയുമടിസ്ഥാനത്തിൽ ആഴമാർന്ന ഉൾക്കാഴ്ചയും ദീർഘവീക്ഷണവും വികസിപ്പിച്ചെടുത്ത സഖാവ് ശിബ്ദാസ്ഘോഷ് ഈ വിഷയത്തിൽ, അദ്ധ്വാനിച്ചു ജീവിക്കുന്നവർക്കു നൽകിയ മുന്നറിയിപ്പും മാർഗ്ഗദർശനവും ഒന്നു പരിശോധിക്കാം. നിരന്തരം ചൂഷണത്തിനും അടിച്ചമർത്തലിനും ഇരയാകുന്ന ജനങ്ങൾ, അവരുടെ ദുരിതങ്ങൾ താങ്ങാനാവാതെ വരുമ്പോൾ പൊട്ടിത്തെറിക്കുക സ്വാഭാവികമാണ്. രോഷാകുലരായി അവർ തെരുവിലണയും, സമരത്തിൽ ഭാഗഭാക്കാവും. അവർ വെടിയുണ്ടകളെപ്പോലും നേരിടാൻ തയ്യാറാകും. എന്നാൽ അത്തരം സ്വാഭാവികമായ രോഷപ്രകടനങ്ങൾക്കും ഒരു നേതൃത്വം ആവശ്യമാണ്. ആ നേതൃത്വം ഒരു സമരംകൊണ്ട് തൃപ്തമാകുന്നതോ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ പകച്ചുനിൽക്കുന്നതോ ആയിരിക്കരുത്. ജനങ്ങൾ സമരസന്നദ്ധരാകുമ്പോൾ അവരെ എങ്ങനെയാണ് സംഘടിതരാക്കി മുന്നോട്ടു നയിക്കേണ്ടതെന്നും, വിശാലമായ ഒരു സമരത്തിന് സജ്ജമായ അച്ചടക്കമുള്ള ഒരു സംഘടിത സേനയാക്കി, വീറുറ്റതും നീണ്ടുനിൽക്കുന്നതുമായ ഒരു പോരാട്ടത്തിന് പ്രാപ്തമാക്കി അവരെ മാറ്റിത്തീർക്കേണ്ടതെങ്ങനെയെന്നും അറിയുന്നതായിരിക്കണം നേതൃത്വം. ഇത് പൊടുന്നനെ ഉണ്ടാകുന്ന സ്വാഭാവികമായ രോഷപ്രകടനമല്ല. സ്വാഭാവികമായി ഉണ്ടാകുന്ന പൊട്ടിത്തെറികളല്ല വിപ്ലവമെന്ന് സഖാവ് ശിബ്ദാസ്ഘോഷ് വ്യക്തമായി ചൂണ്ടിക്കാണിച്ചു. സമരങ്ങൾ സ്വാഭാവികമായി വിപ്ലവത്തിൽ ചെന്നെത്തില്ല. നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ സമൂലമായ മാറ്റമുണ്ടാക്കുന്നതാണ് വിപ്ലവം. നിലനിൽക്കുന്ന ഭരണകൂടത്തെ കടപുഴക്കി തൽസ്ഥാനത്ത് പുതിയതൊന്ന് സ്ഥാപിച്ചുകൊണ്ടുമാത്രമേ വിപ്ലവം നടത്താനാകൂ. ഉദാഹരണത്തിന്, മുതലാളിത്ത വ്യവസ്ഥിതിയുടെ സ്ഥാനത്ത് അത് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കുന്നു. ഇതിനായി മുതലാളിത്ത സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ സംവിധാനമാകെ വേരോടെ പിഴുത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കേണ്ടതുണ്ട്. ജനങ്ങളുടെ അസംതൃപ്തി അണപൊട്ടിയൊഴുകുന്നതുകൊണ്ട് ഇവ്വിധം വിപ്ലവകരമായ ഒരു മാറ്റമുണ്ടാകില്ല. ചരിത്രവും ശാസ്ത്രവും ഇതാണ് കാണിക്കുന്നത്. ഇങ്ങനെയുള്ള വികാരപ്രകടനങ്ങളും പൊട്ടിത്തെറികളുമൊക്കെ എത്ര വീറുറ്റതാണെങ്കിലും അത് സമരപാതയിൽനിന്ന് ജനങ്ങളെ വോട്ടുരാഷ്ട്രീയ രംഗത്തേയ്ക്ക് ആനയിച്ചേക്കാം. വിപ്ലവത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിനെയും വിപ്ലവമുന്നേറ്റത്തെയും തന്നെ അത് തടസ്സപ്പെടുത്തും. ഇത്തരം സമരങ്ങൾക്കൊണ്ട് മുതലാളിത്തം സൃഷ്ടിക്കുന്ന ചൂഷണം, തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയ പ്രശ്നങ്ങളൊന്നും പരിഹരിക്കാൻ കഴിയില്ല. ഈ വക വിഷയങ്ങളെ ഒന്ന് സ്പർശിക്കാൻ പോലുമാവില്ല. അതുകൊണ്ട്, സമരവും വിപ്ലവവും ഒന്നല്ല എന്ന കാര്യം നമ്മൾ മനസ്സിലാക്കണം. വ്യക്തവും നിയതവുമായ ഒരു രാഷ്ട്രീയ ലക്ഷ്യത്തോടെ സംഘടിച്ച് മുന്നേറുന്നതിലൂടെ മാത്രമേ വിപ്ലവം യാഥാർത്ഥ്യമാക്കാൻ കഴിയൂ. വിപ്ലവം എന്ന ഏക ലക്ഷ്യത്തിൽ സംഘടിച്ചിട്ടുള്ള, രാഷ്ട്രീയ ബോധമാർന്ന ജനങ്ങളെ നയിക്കാൻ പോന്ന ഒരു സംഘടന കെട്ടിപ്പടുക്കേണ്ടതുണ്ട് എന്നതാണിതിനർത്ഥം. സമരത്തിന് ഒരു വിപ്ലവനേതൃത്വമുണ്ടാകാതെ ഇത്തരമൊരു ലക്ഷ്യവും ഇവ്വിധമൊരു സംഘടനയും കൈവരിക്കാനാവില്ല.

അതുകൊണ്ടാണ് സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞത്; തൊഴിലാളികളുടെയും കർഷകരുടെയും മറ്റെല്ലാ ചൂഷിത ജനവിഭാഗങ്ങളുടെയും അസംതൃപ്തിയിൽനിന്ന് വിപ്ലവമുന്നേറ്റം അലയ്ക്കുപിന്നാലെ അലപോലെ ഉയർന്നുവരും. തിരമാലകൾപോലെ അത് മുന്നോട്ടുകുതിക്കും. വ്യവസ്ഥിതിയുടെ സമൂലമായ പരിവർത്തനമാവശ്യപ്പെട്ടുകൊണ്ട് സമൂഹത്തിലെ വൈരുദ്ധ്യം പലവട്ടം ആഴം വയ്ക്കുകയും മൂർച്ഛിക്കുകയും ചെയ്യും. അത് നമ്മുടെ മനഃസാക്ഷിയെ ഉൽബുദ്ധമാക്കും. വിപ്ലവത്തിന്റെ അനിവാര്യത മാനവരാശിയെ ബോദ്ധ്യപ്പെടുത്തും. എന്നിട്ടും വിപ്ലവം യാഥാർത്ഥ്യമാകില്ല, വീണ്ടും വീണ്ടും അത് പിൻവാങ്ങും, വഴിതെറ്റും, പിന്തിരിപ്പത്തം അതിൽനിന്ന് വീണ്ടും വീണ്ടും നേട്ടമുണ്ടാക്കും. വിപ്ലവം നയിക്കാൻ പര്യാപ്തമായ ഒരു വിപ്ലവപ്പാർട്ടി ഉയർന്നുവരുന്നതുവരെ വിപ്ലവം സംഭവിക്കില്ല. വിപ്ലവം ആഗ്രഹിക്കുന്നുവെന്നത് വിപ്ലവപ്രബുദ്ധതയല്ല എന്ന് മനസ്സിലാക്കണം. അതുപോലെ, തൊഴിലാളിവർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുന്നു എന്നത് തൊഴിലാളിവർഗ്ഗ പ്രബുദ്ധതയല്ല. ശരിയായ വിപ്ലവ പ്രബുദ്ധത ശരിയായ തൊഴിലാളിവർഗ്ഗ പ്രബുദ്ധതയാണ്. ശരിയായ തൊഴിലാളിവർഗ്ഗ പ്രബുദ്ധതയാകട്ടെ ശരിയായ തൊഴിലാളിവർഗ്ഗ പാർട്ടി പ്രബുദ്ധതയും. അതായത്, നിങ്ങൾക്ക് യഥാർത്ഥ വിപ്ലവപ്പാർട്ടിയെ കണ്ടെത്താൻ കഴിഞ്ഞോ ഇല്ലയോ എന്നതാണ് കാര്യം.

ഈ മൂന്നു രാജ്യങ്ങളിലും നടന്ന പ്രക്ഷോഭങ്ങളിൽ വ്യക്തമാകുന്നത്, ശരിയായ വിപ്ലവനേതൃത്വം വികസിപ്പിച്ചെടുക്കുക എന്ന പ്രശ്നം പരിഹൃതമാകാതെ അവശേഷിക്കുന്നു എന്നതാണ്. ഒരിടത്തും അങ്ങനെയൊരു നേതൃത്വം ദൃശ്യമായില്ല. അതുകൊണ്ടാണ് ഈജിപ്തിൽ ജനങ്ങളുടെ ത്യാഗങ്ങളുടെയും സമരങ്ങളുടെയും മുഴുവൻ ഫലം അഴിമതി നിറഞ്ഞ, പിന്തിരിപ്പനായ സൈന്യം കയ്യടക്കിയത്. അതുകൊണ്ടുതന്നെ, തുർക്കിയിൽ അവശേഷിക്കുന്ന ജനാധിപത്യ-മതേതര മൂല്യങ്ങൾ ഫാസിസ്റ്റുശക്തികളിൽ നിന്ന് സംരക്ഷിക്കാൻ അവിടുത്തെ ജനങ്ങൾക്ക് ഇനിയും സമരങ്ങൾ വികസിപ്പിച്ചെടുക്കേണ്ടിവരും. ഇത്തരമൊരു വിപ്ലവനേതൃത്വം വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ല, എന്നതുകൊണ്ടുതന്നെ ബ്രസീലിലെ ജനങ്ങൾക്ക് കേവലം ഫുട്ബോളിനുവേണ്ടിയല്ല, ആശുപത്രികൾക്കും വിദ്യാഭ്യാസത്തിനുമൊക്കെ വേണ്ടിയുള്ള ഹൃദയാവർജകമായ പ്രക്ഷോഭങ്ങൾ ഇനിയും സംഘടിപ്പിക്കേണ്ടിവരും. അവർ അഭിലഷിച്ച മാറ്റങ്ങൾ യാഥാർത്ഥ്യമാകുന്നതുകാണാൻ ലോകം പ്രതീക്ഷയോടെ ഉറ്റുനോക്കും. വിപ്ലവം, പുരോഗതിയിലേക്കുള്ള മാറ്റം, ചൂഷണത്തിൽനിന്നുള്ള മോചനം യാഥാർത്ഥ്യമാകണമെങ്കിൽ, ജനകീയ പ്രക്ഷോഭങ്ങളുടെ മുന്നിൽ മാർക്സിസം-ലെനിനിസത്തെ അടിസ്ഥാനമാക്കിയ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിപ്ലവ നേതൃത്വം സ്ഥാപിച്ചെടുക്കേണ്ടതുണ്ട് എന്ന സഖാവ് ശിബ്ദാസ്ഘോഷിന്റെ വിലയിരുത്തൽ എത്ര സുവ്യക്തവും അനിഷേധ്യവും ഇന്നും പ്രസക്തവുമാണെന്ന് ഈ സംഭവവികാസങ്ങളെല്ലാം നമ്മെ ആവർത്തിച്ച് ബോധ്യപ്പെടുത്തുന്നു. തുർക്കിയിലും ഈജിപ്തിലും ബ്രസീലിലും അടുത്തിടെ നടന്ന പ്രക്ഷോഭങ്ങൾ ഇക്കാര്യത്തിൽ ഇവ്വിധമൊരു ഗൗരവാവഹമായ പരിശോധന ആവശ്യപ്പെടുന്നുണ്ട്. ഇതാണ് ഇന്നത്തെ ആവശ്യകത ●

# വിലക്കയറ്റത്തിനും അഴിമതിക്കും ജനദ്രോഹ നയങ്ങൾക്കുമെതിരെ പ്രക്ഷോഭം

തദ്ദേശീയവും വിദേശീയവുമായ കുത്തകമൂലധനത്തിന്റെ മാത്രം താൽപ്പര്യം സംരക്ഷിക്കുന്ന ആഗോളവൽക്കരണനയങ്ങളാണ് കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇത് ജീവിതത്തിന്റെ സർവ്വമേഖലകളിലും പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. ഈ നയങ്ങളെ ചെറുത്തു തോല്പിച്ചാൽ മാത്രമേ ജനങ്ങൾക്ക് മനുഷ്യോചിതം ജീവിക്കാൻ സാധ്യമാവുകയുള്ളൂ. ഉയർന്ന സംസ്കാരത്തിലും പ്രബുദ്ധതയിലുമധിഷ്ഠിതമായ കരുത്തുറ്റ ജനാധിപത്യസമരമാണ് അതിനാവശ്യം. ഈ യാഥാർത്ഥ്യം മറച്ചുവച്ച് നിഴൽയുദ്ധം നടത്തുന്ന പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ ജനതാല്പര്യത്തിന് ഹാനി വരുത്തുകയാണ്. അതിനാൽ, ജനങ്ങൾ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കുപരിയായി സ്വന്തം സമരക്കമ്മിറ്റികളിൽ അണിനിരന്ന്, നീണ്ട് നിൽക്കുന്ന സമരത്തിന് തയ്യാറാകേണ്ടിയിരിക്കുന്നു. ഈ കർത്തവ്യം ചുമലിലേറ്റിക്കൊണ്ടാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) രാജ്യവ്യാപകമായ പ്രക്ഷോഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജൂലൈ 31 ന് സംസ്ഥാനവ്യാപകമായി ജില്ലാകേന്ദ്രങ്ങളിൽ പ്രതിഷേധ സമരങ്ങൾ നടന്നു.



തിരുവനന്തപുരത്തുനടന്ന സെക്രട്ടേറിയറ്റ് ധർണ്ണ സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.



കൊല്ലത്തെ കളക്ട്രേറ്റ് മാർച്ച്. ജില്ലാ സെക്രട്ടറി സഖാവ് ജ്യോതികൃഷ്ണൻ സഖാക്കൾ എസ്.രാധാകൃഷ്ണൻ, കെ.ബദറുദ്ദീൻ, ജി.ധ്രുവകുമാർ മുൻനിരയിൽ



ഇടുക്കി ജില്ലയിൽ തൊടുപുഴ സിവിൽസ്റ്റേഷനുമുന്നിൽ നടന്ന ധർണ്ണ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

### തിരുവനന്തപുരം

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന ധർണ്ണ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സി.കെ.ലൂക്കോസ് ധർണ്ണ ഉദ്ഘാടനം ചെയ്തു.

വിലക്കയറ്റംപോലുള്ള യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരമാവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിനെതിരെ നീണ്ടുനിൽക്കുന്നതും ശക്തവുമായ ബഹുജന പ്രക്ഷോഭണം സംഘടിപ്പിക്കുകയെന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകതയെന്ന് സഖാവ് സി.കെ.ലൂക്കോസ് ചൂണ്ടിക്കാട്ടി. പ്രതിപക്ഷം സോളാർ പ്രശ്നത്തിൽ മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന ഒരൊറ്റ അജണ്ടയിലേക്ക് കാര്യങ്ങളൊതുക്കിയിരിക്കുകയാണ്. അഴിമതിയിലാറാടുന്ന യു.ഡി.എഫ് മന്ത്രിസഭ രാജിവെയ്ക്കണമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, കക്ഷിരാഷ്ട്രീയത്തിനതീതമായി ബഹുജനങ്ങളൊന്നടങ്കം അണിനിരക്കുന്ന ജനാധിപത്യ പ്രക്ഷോഭണത്തിന്റെ അഭാവത്തിൽ ഗവണ്മെന്റുകൾ മാറിമാറി വരുന്നതുകൊണ്ട് ജനങ്ങൾക്ക് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തി എൽ.ഡി.എഫ് നടത്തുന്ന സമരപ്രഹസനം തികഞ്ഞ ജനവഞ്ചനയാണെന്നും അതിനെ മറികടന്നുകൊണ്ട് യഥാർത്ഥ ജനകീയ മുന്നേറ്റങ്ങൾ വളർന്നുവരണമെന്നും സഖാവ് സി.കെ.ലൂക്കോസ് പറഞ്ഞു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡി.സുന്ദരേശൻ, ആർ.ബിജു, എം.ഷാജർഖാൻ, ബെന്നിജോസഫ്, ജി.ആർ.സുഭാഷ്, പി.എസ്. ഗോപകുമാർ, കെ.ഹരി, എം.എ.സൂസി, എസ്.ശ്രീകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

### കൊല്ലം

പാർട്ടി ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ച് നടന്നു. ജില്ലാ സെക്രട്ടറി സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാക്കമ്മിറ്റിയംഗം സഖാവ് എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. ജനകീയപ്രതിരോധ സമിതി ജില്ലാ വൈസ്പ്രസിഡന്റ് ശ്രീ. എ. ജയിംസ്, സഖാക്കൾ കെ.ബദറുദ്ദീൻ, ജി.ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു.

കൊല്ലം ചിന്നക്കടയിൽനിന്നാരംഭിച്ച കളക്ട്രേറ്റ് മാർച്ചിന് പി.പി.പ്രശാന്ത്കുമാർ, ബി.വിനോദ്, എസ്. രാഘവൻ, വി.ആന്റണി, കെ.ശശാങ്കൻ, ബി.രാമചന്ദ്രൻ, ടിങ്കിൾ പ്രഭാകരൻ എന്നിവർ നേതൃത്വം നൽകി.

### പത്തനംതിട്ട

ജൂലൈ 31ന് പത്തനംതിട്ടയിൽ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മിനി സിവിൽസ്റ്റേഷനിലേക്ക് നടത്തിയ മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് എസ്. രാജീവൻ ഉദ്ഘാടനം ചെയ്തു. സഖാക്കൾ ബിനുബേബി. വി.ഡി.സന്തോഷ്, എസ്.രാധാമണി എന്നിവർ പ്രസംഗിച്ചു.

സെന്റ്പീറ്റേഴ്സ് ജംഗ്ഷനിൽ നിന്നുമാരംഭിച്ച പ്രകടനത്തിന് സഖാക്കൾ സനിലാ ജോർജ്ജ്, സി.ബി.മണിക്കുട്ടൻ, ഷിനു.വി.കെ, കെ.ബാലൻ, സി.ആർ. രാജേഷ് എന്നിവർ നേതൃത്വം നൽകി.

### ആലപ്പുഴ

ആലപ്പുഴയിൽ കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ഡോ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. മാനംമുട്ടെ വിലയുയർത്തി ജനങ്ങളുടെ നടുവൊടിക്കുന്ന യുഡിഎഫ് സർക്കാർ മനംമടുപ്പിക്കുന്ന അഴിമതിയിൽ മുങ്ങിത്താഴ്ന്നു നിൽക്കുമ്പോഴും ജനവിരുദ്ധ നയങ്ങൾ നിർബ്ബാധം തുടരുന്നത് കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയ്ക്കെതിരെയുള്ള വെല്ലുവിളിയാണെന്ന് സഖാവ് വേണുഗോപാൽ അഭിപ്രായപ്പെട്ടു.

പ്രതിഷേധമാർച്ചിൽ ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എസ്. സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ. പാർത്ഥസാരഥിവർമ്മ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് കെ.ജെ.ഷീല, ആൾ ഇന്ത്യാ യുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ, എഐഡിഎസ്ഒ സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എസ്. അലീന, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം അഡ്വ. എം.എ.ബിന്ദു, ജനകീയപ്രതിരോധ സമിതി ജില്ലാ വൈസ്പ്രസിഡന്റ് ടി.ബി. വിശ്വനാഥൻ തുടങ്ങിയവർ പ്രസംഗിച്ചു.

നഗരചത്വരത്തിനു സമീപത്തുനിന്നുമാരംഭിച്ച കളക്ട്രേറ്റ് മാർച്ചിന് ജില്ലാക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ആർ.ശശി, കെ.പി.മനോഹരൻ, എൻ.കെ.ശശികുമാർ, കെ. ശിവൻകുട്ടി, കെ.ആർ.ഓമനക്കുട്ടൻ, ടി.കോശി, എൻ.ആർ.അജയകുമാർ, പി.കെ.ശശി തുടങ്ങിയവർ നേതൃത്വം നൽകി.

### കോട്ടയം

കോട്ടയം കളക്ട്രേറ്റിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവു

(ശേഷം അടുത്തപേജിൽ)



പത്തനംതിട്ട മിനി സിവിൽസ്റ്റേഷൻ മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം നഗരത്തിലുള്ള കണയന്നൂർ താലൂക്കോഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് ടി.കെ. സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# ജൂലൈ 31 ന് സംസ്ഥാന വ്യാപകമായി സമരപരിപാടികൾ



ആലപ്പുഴ കളക്ട്രേറ്റ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ സമീപം

മായ ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു.

കളക്ട്രേറ്റിനുമുന്നിൽ നടന്ന പ്രതിഷേധയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം റ്റി.ജെ.ജോണിക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങൾ എൻ.കെ. ബിജു, കെ.പി.വിജയൻ, കെ.സദാനന്ദൻ, എം.കെ.കണ്ണൻ, ഇ.വി.പ്രകാശ്, ആൾ ഇന്ത്യ യുറ്റിയുസി ജില്ലാ സെക്രട്ടറി വി.പി.കൊച്ചുമോൻ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി കെ.എസ്.ശശികല, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി എം.കെ.ഷെഹസാദ് തുടങ്ങിയവർ പ്രസംഗിച്ചു.



പാലക്കാട് കളക്ട്രേറ്റിലേക്ക് നടന്ന മാർച്ച്

### ഇടുക്കി

ഇടുക്കി ജില്ലയിൽ തൊടുപുഴ സിവിൽസ്റ്റേഷനുമുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തൊടുപുഴ ലോക്കൽ കമ്മിറ്റി സെക്രട്ടറി സിബി സി.മാത്യു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എൻ.വിനോദ് കുമാർ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ എം.എൻ. അനിൽ, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി പി.കെ.സജി തുടങ്ങിയവർ പ്രസംഗിച്ചു.



കണ്ണൂരിൽ കളക്ട്രേറ്റ് ധർണ്ണ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.



കോഴിക്കോട് നടന്ന ഇൻകംടാക്സ് ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ, പി.എം.ശ്രീകുമാർ, പി.കെ.തോമസ്, പി.കെ.പ്രഭാഷ് തുടങ്ങിയവർ മുൻനിരയിൽ

### എറണാകുളം

എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്ക് ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ മാർച്ച് ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ ഒരുപിടിവരുന്ന അതിസമ്പന്നരുടെ താൽപ്പര്യംമാത്രം പേറുന്ന, മാറി മാറി അധികാരത്തിലേറുന്ന സർക്കാരുകളാണ് രാജ്യത്തെ ദരിദ്രജനകോടികളുടെ മേൽ ദുരിതം മുഴുവൻ അടിച്ചേൽപ്പിക്കുന്നത്. ജനദ്രോഹ നയങ്ങളുടെ പ്രഹരമേറ്റ് തളരുന്ന ജനങ്ങളുടെ നേർക്ക് കൊഞ്ഞനംകുത്തുകയാണ് നേതാക്കളുടെ അഴിമതിയുടെയും തട്ടിപ്പിന്റെയും അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുടെയും കഥകൾ. പ്രതിപക്ഷ പാർട്ടികളുടെ അനുഷ്ഠാന സമരങ്ങളാകട്ടെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളെ പ്രതിഫലിപ്പിക്കുന്നില്ലെന്നുമാത്രമല്ല, അക്രമങ്ങളിലൂടെ ജനങ്ങളെ സമരങ്ങളിൽ നിന്ന് അകറ്റുന്നതിനും തങ്ങളുടെ അധികാരകസേരകളിലേക്കുള്ള ദൂരം കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. ഈ സാഹചര്യത്തിൽ ഉയർന്ന ധാർമ്മികതയോടെയും സാമൂഹിക ബോധത്തോടെയുമുള്ള ജനാധിപത്യസമരങ്ങളുടെ വേദികളിൽ സംഘടിതരാകുകയെന്നതാണ് ജനങ്ങളുടെ മുൻപിലുള്ള ഏക മാർഗ്ഗമെന്നും അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ജില്ലാക്കമ്മിറ്റിയംഗം ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി ജില്ലാ സെക്രട്ടറി പി.എം.ദിനേശൻ, ജനകീയ പ്രതിരോധ സമിതി നേതാവ് ജബ്ബാർ മേത്തർ എന്നിവരും പ്രസംഗിച്ചു. ഹൈക്കോടതി കവലയിൽനിന്നാരംഭിച്ച പ്രതിഷേധ മാർച്ചിന് ജില്ലാ കമ്മിറ്റിയംഗങ്ങളായ സി.ബി അശോകൻ, പി.പി.അഗസ്റ്റിൻ, കെ.കെ.ശോഭ, കെ.ഒ.ഷാൻ, കെ.ഒ.സുധീർ, എ.കെ.ഉഷ, കെ.പി. സാൽവിൻ തുടങ്ങിയവർ നേതൃത്വം നൽകി.

### തൃശൂർ

തൃശൂരിൽ നടന്ന കളക്ട്രേറ്റ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു.

ജില്ലാക്കമ്മിറ്റിയംഗം ഇ.എൻ. ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ചു. ഓൾ ഇന്ത്യ യുടിയുസി ജില്ലാ സെക്രട്ടറി സി.കെ. ശിവദാസൻ, എഐഡിവൈഒ ജില്ലാ കൺവീനർ എ.വി.ബെന്നി, ഒ.കെ. വൽസലൻ, എം. പ്രദീപൻ എന്നിവർ പ്രസംഗിച്ചു. സി.വി. പ്രേംരാജ്, സി.ആർ ഉണ്ണികൃഷ്ണൻ, എ.എം. സുരേഷ് എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

### പാലക്കാട്

പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 31ന് നടന്ന കളക്ട്രേറ്റ് മാർച്ച്, ആൾ ഇന്ത്യാ യുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം എൻ.ആർ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു.

കളക്ട്രേറ്റിനു മുന്നിൽ നടന്ന യോഗത്തിൽ ജില്ലാക്കമ്മിറ്റിയംഗം കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. ആൾ ഇന്ത്യാ യുടിയുസി ജില്ലാ സെക്രട്ടറി കെ. പ്രദീപ്, എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് എ. റജീന എന്നിവർ പ്രസംഗിച്ചു. സി. രാജൻ, കെ. കേശവൻകുട്ടി, കെ. രാമനാഥൻ, കെ. പ്രസാദ്, എൻ. സുഗന്ധി എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

### കോഴിക്കോട്

ജൂലൈ 31 ന് കോഴിക്കോട് ആദായനികുതി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പ്രതിഷേധമാർച്ചിനെത്തുടർന്ന് ആദായനികുതി ഓഫീസിനുമുന്നിൽ യോഗം ചേർന്നു. യോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എ. ശേഖർ ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റിയംഗങ്ങളായ എ.എം. ശ്രീകുമാർ, ടി.ജെ. ഡിക്സൺ എന്നിവരുംഎഐഡിഎസ്ഒക്കുവേണ്ടി പി.കെ.പ്രഭാഷ്, എഐഎംഎസ്എസിനുവേണ്ടി ജന്നിഫർ.എസ്, സഖാവ് എം.എ.രാജൻ എന്നിവർ പ്രസംഗിച്ചു.

പ്രകടനത്തിന് സഖാക്കൾ പി.കെ.തോമസ്, പി.കെ.പ്രഭാഷ്, എം. ജ്യോതിപ്രകാശ്, എം.കെ.രാജൻ തുടങ്ങിയവർ നേതൃത്വം നൽകി.

### വയനാട്

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വയനാട് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനുമുമ്പിൽ പ്രതിഷേധ ധർണ്ണ നടന്നു. ജില്ലാ സെക്രട്ടറി വി.കെ.സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്തു.

ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ സി.എൻ.മുകുന്ദൻ, പി.കെ.ഭഗത്, കെ.മധുസൂദനൻ (ആൾ ഇന്ത്യ യു.റ്റി.യു.സി) എന്നിവർ പ്രസംഗിച്ചു. ധർണ്ണക്കുമുമ്പായി ടൗണിൽ പ്രകടനവും നടന്നു.



വയനാട് സുൽത്താൻ ബത്തേരിയിൽ മിനി സിവിൽസ്റ്റേഷനുമുന്നിലെ പ്രതിഷേധ ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

### കണ്ണൂർ

കണ്ണൂർ കലക്ട്രേറ്റിന് മുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗവും മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറിയുമായ ഷൈല.കെ.ജോൺ ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടറി കെ.കെ.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് എം.കെ.ജയരാജൻ, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി പി.സി.വിവേക്, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത്ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റിയംഗം ഇ.സനൂപ് എന്നിവർ പ്രസംഗിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗങ്ങളായ പോൾ.ടി.സാമുവൽ സ്വാഗതവും അനൂപ് ഏരിമറ്റം നന്ദിയും പറഞ്ഞു. ●



തൃശൂർ കളക്ട്രേറ്റ് മാർച്ച് ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഇ.എൻ.ശാന്തിരാജ്, സി.കെ.ശിവദാസൻ എന്നിവർ സമീപം

# സർക്കാർ മാറുന്നതുകൊണ്ടുമാത്രം ജീവിതപ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ല

## - സഖാവ് പ്രൊവാഷ്ഘോഷ്



**2013 ഏപ്രിൽ 24 ന് പാർട്ടി സ്ഥാപനദിനാചരണത്തോടനുബന്ധിച്ച് കൊൽക്കത്തയിൽ നടന്ന വമ്പിച്ച പൊതുസമ്മേളനത്തിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നടത്തിയ പ്രഭാഷണത്തിന്റെ രണ്ടാംഭാഗമാണ് ചുവടെ കൊടുത്തിട്ടുള്ളത്. സ്ഥലപരിമിതി മൂലം ഈ ലക്കത്തിലും മുഴുവൻ ഭാഗവും പ്രസിദ്ധീകരിക്കാനായിട്ടില്ല. അവസാനഭാഗം അടുത്തലക്കത്തിൽ**

നരേന്ദ്രമോഡിയെപ്പോലുള്ള ബിജെപി നേതാക്കൾക്ക് ഇങ്ങനെയൊരിന്ത്യയെ അറിയാമോ? സിപിഐഎം തൃണമൂൽ നേതാക്കൾക്ക് ഇവരെക്കുറിച്ച് വല്ല വിചാരവുമുണ്ടോ? എങ്ങനെ വോട്ടുപിടിക്കാം, അതിന് പുതിയ എന്തൊക്കെ കുതന്ത്രങ്ങൾ പയറ്റാം, അധികാരം പിടിക്കാൻ എന്തൊക്കെ ആയുധങ്ങൾ പ്രയോഗിക്കണം എന്നുമാത്രം ചിന്തിച്ചിരിക്കുന്നവർക്ക് ഇതിനൊക്കെ എവിടെ സമയം?

5,00,000 കോടിരൂപ സാമ്പത്തിക ഉത്തേജനമെന്ന പേരിൽ ഗവണ്മെന്റ് മുതലാളിമാർക്ക് നൽകുമ്പോൾ ചുരുങ്ങിയത് 20,000 കോടിയെങ്കിലും പാവപ്പെട്ടവർക്ക് നൽകണമെന്നാണ് എന്റെ അഭിപ്രായം. പാവപ്പെട്ടവന്റെ ജീവന് വല്ല വിലയുമുണ്ടോ? മുതലാളിമാരുടെ നഷ്ടം പോട്ടെ, അവരുടെ ലാഭത്തിൽ അല്പം കുറവ് വന്നാൽതന്നെ നേതാക്കന്മാർക്ക് പിന്നെ ഉറക്കമില്ല. ടാറ്റയുടെയും അംബാനിയുടെയുമൊക്കെ കാര്യത്തിൽ ഇവർക്ക് എന്ത് ഉൽക്കണ്ഠയാണ്. പാവപ്പെട്ട പ്രവാസി തൊഴിലാളികളെക്കുറിച്ച് ആര് തിരക്കുന്നു? അവർ പണിസ്ഥലത്ത് വെച്ച് മരിച്ചാൽ ആരറിയാൻ? അവരുടെ ജീവന് എന്തുവില?

**സർക്കാർ മാറും ജീവിതം മാറില്ല**

ജനങ്ങൾ നിരാശരാണ്. സർക്കാർ മാറിയതുകൊണ്ട് എന്ത് നേട്ടം എന്നവർ ചോദിക്കുന്നു. ജീവിത പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മാറ്റവുമില്ല എന്നാണ് ഞങ്ങളുടെയും അഭിപ്രായം. ഇത് ഞങ്ങൾ ഇപ്പോഴല്ല പറയുന്നത്. കഴിഞ്ഞ പാർലമെന്റ്, അസംബ്ലി തെരഞ്ഞെടുപ്പുകൾക്കുമുമ്പുതന്നെ ഞങ്ങൾ ഈ വിഷയം ചർച്ച ചെയ്തിരുന്നു. 2011 ൽ പാർട്ടി സ്ഥാപനദിനാചരണയോഗത്തിൽ ഈ മൈതാനത്ത് വെച്ച് ഞാൻ തന്നെ ഈ വിഷയം ചർച്ച ചെയ്തു. ഇവിടെ ഒരു മുതലാളിത്ത വ്യവസ്ഥയാണുള്ളത്.തൊഴിലാളി- മുതലാളി ബന്ധം നിലനിൽക്കുന്നു. ചൂഷണം അസഹനീയമാണ്. കരിഞ്ചന്ത ശക്തിപ്പെട്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ, ഭരണതലത്തിലെ അഴിമതിക്കും കൊള്ളക്കുമൊക്കെ എതിരെ ഏതെങ്കിലും ഗവണ്മെന്റ് നിലപാടെടുത്താൽ മുതലാളിവർഗ്ഗം അതിനെ അട്ടിമറിക്കുമെന്നുറപ്പാണ്. എന്നാൽ ആ നിലപാട് ജനങ്ങൾക്ക് അല്പം ആശ്വാസം പകരുമെന്ന കാര്യത്തിൽ സംശയമില്ല. തൃണമൂൽ അങ്ങനെയൊരു നിലപാടെടുക്കുമെന്ന് നമ്മൾ കരുതുന്നില്ല എന്ന് അന്ന് ഞാൻ പറഞ്ഞു. മറ്റ് ബൂർഷ്വാ പാർട്ടികളെയും സിപിഐ(എം)നെയും പോലെ തന്നെയാകും അവരും ഭരിക്കുക. ഒരു വ്യത്യാസവുമുണ്ടാകില്ല. ഇത് ഞാൻ വ്യക്തമായി അന്ന് സൂചിപ്പിച്ചു. സിപിഐ(എം) ജനാധിപത്യ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലുകയാണെന്നും തൃണമൂൽ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് ഇതിന് കുറച്ച് അയവുവരുത്താൻ കഴിയുമെന്നുംകൂടി ഞാൻ പറഞ്ഞു. പക്ഷേ, അവർ അത് ആഗ്രഹിക്കുന്നെങ്കിൽമാത്രം. എന്നിരിക്കിലും നമ്മൾ തൃണമൂലിന് പാർലമെന്റ് അസംബ്ലി തെരഞ്ഞെടുപ്പുകളിൽ പിന്തുണ നൽകി. എന്തുകൊണ്ട് എന്ന കാര്യവും നമ്മൾ പരസ്യമായി ചർച്ച ചെയ്തിട്ടുള്ളതാണ്. വർഗ്ഗീയ കലാപങ്ങളിൽ പോലും കാണാത്തവിധം, കോൺഗ്രസ്സും ബിജെപിയും പോലും ചെയ്യാത്തവിധമുള്ള അടിച്ചമർത്തലും, കൊലയും കൂട്ടബലാത്സംഗങ്ങളുമാണ് സിംഗൂർ -നന്ദിഗ്രാം സമരത്തിൽ സിപിഐ(എം) കാട്ടിക്കൂട്ടിയത്.

ഈ സാഹചര്യത്തിൽ സിപിഐ(എം) അധികാരത്തിൽ തിരിച്ചുവന്നിരുന്നെങ്കിൽ ജനാധിപത്യ സമരങ്ങളുടെമേലുള്ള കടന്നാക്രമണം കൂടുതൽ രൂക്ഷമാകുമായിരുന്നു. മുതലാളിവർഗ്ഗത്തിന്റെ ആശീർവാദത്തോടെ, കോൺഗ്രസ്സുമായുള്ള രഹസ്യധാരണയോടെ 34 വർഷം തുടർച്ചയായി ബംഗാൾ ഭരിച്ച സിപിഐ(എം), തികഞ്ഞ അധികാരമോഹവും അഹങ്കാരവും ജനങ്ങളുടെ പ്രശ്നങ്ങളോട് അവജ്ഞയുമുള്ള ഒരു ഭരണമാണ് കാഴ്ചവച്ചത്. ഇതിനു പ്രഹരമേൽപ്പിക്കാനാണ് നമ്മൾ ശ്രമിച്ചത്. സിംഗൂർ-നന്ദിഗ്രാം സമരത്തിനുമുമ്പ് നമ്മൾ ഒരിക്കലും സിപിഐ(എം) സർക്കാരിനെ പുറത്താക്കണമെന്ന് പറഞ്ഞിട്ടില്ല. സിപിഐ(എം) സർക്കാരിന്റെ ആക്രമണങ്ങളെ ചോരയൊഴുക്കിയാണ് നമ്മൾ നേരിട്ടിരുന്നത്. എന്നിട്ടും സർക്കാരിനെ പുറത്താക്കാൻ ശ്രമിച്ചിട്ടില്ല, അങ്ങനെയൊരു ആവശ്യം ആദ്യമായാണ് നമ്മൾ മുന്നോട്ടുവയ്ക്കുന്നത്.

മറ്റൊരു വിഷയം, സിംഗൂർ-നന്ദിഗ്രാം സമരങ്ങൾ നമ്മളാണ് തുടങ്ങിയത് എന്നുള്ളതാണ്. മാധ്യമങ്ങൾക്ക് ഇതറിയാം. പക്ഷേ ഒരിക്കലും അവരത് പറഞ്ഞില്ല. സിംഗൂരിലെയും നന്ദിഗ്രാമിലെയും ജനങ്ങൾക്കും ഇതറിയാം. എന്നാൽ സിപിഐ(എം) സർക്കാരിന്റെ ആക്രമണങ്ങളെ നമുക്ക് ഒറ്റയ്ക്ക് ചെറുത്തുതോൽപ്പിക്കാൻ കഴിയുമായിരുന്നില്ല. തൃണമൂൽ, മാധ്യമങ്ങൾക്ക് സ്വീകാര്യമായ ഒരു ബൂർഷ്വാ പാർട്ടിയാണ്. തൃണമൂൽ കോൺഗ്രസ്സ് സമരത്തിൽ പങ്കാളിയായാൽ, മാധ്യമങ്ങൾ പ്രചാരം നൽകുകയും ഇന്ത്യയെമ്പാടും ഈ സമരങ്ങളെക്കുറിച്ച് അറിയുകയും ചെയ്യും. നമ്മൾ ഒറ്റയ്ക്ക് സമരം നയിച്ചാൽ ഇതുണ്ടാവില്ല. എന്നാൽ, തൃണമൂൽ സമരത്തിൽ പങ്കെടുത്തത് തെരഞ്ഞെടുപ്പുനേട്ടം ലാക്കാക്കിയാണ്. സിപിഐ(എം) വിരുദ്ധ വികാരം മുതലെടുക്കുകയായിരുന്നു അവരുടെ ഉന്നം. എന്നാൽ, കർഷകരുടെ കൃഷിഭൂമി സംരക്ഷിക്കുകയും സമരത്തിലൂടെ ജനങ്ങളിൽ ഉയർന്ന രാഷ്ട്രീയബോധം ഉയർത്തിയെടുക്കുകയും സമരങ്ങളിലൂടെയല്ലാതെ അവകാശങ്ങൾ നേടിയെടുക്കാനാവില്ല എന്ന യാഥാർത്ഥ്യം അവരെ ബോധ്യപ്പെടുത്തുകയുമായിരുന്നു നമ്മുടെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടെയാണ് സമരത്തിന്റെ താൽപ്പര്യം മുൻനിർത്തി തൃണമൂലുമായി നമ്മൾ കൂട്ടുകെട്ടുണ്ടാക്കിയത്. പാർട്ടികൾ തമ്മിലുള്ള ഒരൈക്യത്തിനല്ല ജനകീയ സമരക്കമ്മിറ്റിയിൽ സഹകരിക്കുന്നതിനാണ് ആദ്യം മുൻകൈയെടുത്തത്. സിംഗൂരിൽ കൃഷിഭൂമി രക്ഷാ സമിതിയും നന്ദിഗ്രാമിൽ കുടിയിറക്ക് വിരുദ്ധ സമിതിയും രൂപീകരിച്ചത് നമ്മുടെ താൽപ്പര്യപ്രകാരമാണ്.

ആ സമരങ്ങൾക്കുശേഷം അസംബ്ലി തെരഞ്ഞെടുപ്പിനെ എങ്ങനെ നേരിടണം എന്ന പ്രശ്നം വന്നു. സിംഗൂർ-നന്ദിഗ്രാം സമരങ്ങളുമായി തൃണമൂലിനെ മാത്രം ബന്ധപ്പെടുത്തി കാര്യങ്ങൾ അവതരിപ്പിക്കാനാണ് മാധ്യമങ്ങൾ ശ്രമിച്ചത്. സമരം ചെയ്യുന്ന ജനങ്ങളിൽ സമരവീര്യം സജീവമാക്കി നിർത്താനും സിപിഐ(എം) സർക്കാരിനെ പരാജയപ്പെടുത്താനും വേണ്ടിയാണ് നമ്മൾ തൃണമൂലുമായി ഐക്യമുണ്ടാക്കിയത്. നമ്മുടെ ഐക്യനിർദ്ദേശം നിരുപാധികമായിരുന്നില്ല. അന്ന് നമ്മുടെ എല്ലാ നിർദ്ദേശങ്ങളും അംഗീകരിക്കാൻ തൃണമൂൽ നിർബന്ധിതമായിരുന്നു. തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ മാർക്സിസം ലെനിനിസത്തെ ആക്രമിക്കരുതെന്ന കാര്യവും നമ്മൾ ആവശ്യങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ആ നിർദ്ദേശം ഉൾപ്പെടുത്തിയില്ലായിരുന്നെങ്കിൽ, സിപിഐ(എം) നെ ആക്രമിക്കുന്നതിന്റെ പേരിൽ പ്രചാരണത്തിലുടനീളം മാർക്സിസത്തിനും ഇടതുപക്ഷീയതയ്ക്കും നേരെ തൃണമൂൽ ആക്രമണമഴിച്ചുവിടുമായിരുന്നു. അത് ഒരു പരിധിവരെ തടയാൻ നമുക്കായി, മന്ത്രിസഭയിൽ ചേരില്ല എന്ന് നമ്മൾ അവരെ അറിയിച്ചു. സഖാവ് മണിക് മുഖർജി ഇവിടെ സന്നിഹിതനാണ്. അദ്ദേഹം മന്ത്രിസഭയിൽ ചേരണമെന്ന് അവർ ആവശ്യപ്പെട്ടു. പക്ഷേ, അദ്ദേഹം ആ നിർദ്ദേശം തള്ളിക്കളഞ്ഞു. മുൻപ് സിപിഐ(എം) ഉം നമുക്ക് എംഎൽഎ, എംപി സ്ഥാനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുപോലൊരു നിർദ്ദേശമാണ് തൃണമൂലും മുന്നോട്ടുവച്ചത്. പക്ഷേ നമ്മൾ സ്വീകരിച്ചില്ല.

**സിപിഐ(എം) നെ പരാജയപ്പെടുത്തുന്നതോടൊപ്പം തൃണമൂലിനെ തുറന്നുകാട്ടലും നമ്മുടെ ലക്ഷ്യമായിരുന്നു.**

സിപിഐ(എം) നെ പരാജയപ്പെടുത്തുന്നതോടൊപ്പം തൃണമൂലിന്റെ സ്വഭാവം വെളിവാക്കാനും നമ്മൾ ലക്ഷ്യം വച്ചിരുന്നു. അധികാരത്തിലെത്തിയാൽ അവരെ ശരിയായി മനസ്സിലാക്കാൻ ജനങ്ങൾക്ക് കഴിയണം. ഇപ്പോൾ അത് ജനങ്ങൾക്ക് അനുഭവപ്പെട്ടുതുടങ്ങിയിരിക്കുകയാണ്. സിപിഐ(എം)ന്റെ പാതയിലൂടെതന്നെയാണ് തൃണമൂലും സഞ്ചരിക്കുന്നത് എന്നാണ് ജനസംസാരം. സിപിഐ(എം)ന്റെ പാത ഇന്നും ജനങ്ങൾക്ക് അസഹനീയമാണ്. സന്തോഷത്തോടെ ഓർക്കാൻ ഒന്നും അവരുടെ ഭരണകാലത്തുണ്ടായിരുന്നില്ല. ഇന്നത്തെ ഈ ദയനീയ സ്ഥിതിക്ക് അവരാണ് ഉത്തരവാദികൾ. തൃണമൂലിനെ നമ്മൾ പിന്തുണച്ചില്ലായിരുന്നെങ്കിലും അവർ പാർലമെന്റ്-അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ജയിക്കുമായിരുന്നു എന്നത് ശരിയാണ്. അത് മാർക്സിസത്തിനും ഇടതുപക്ഷ രാഷ്ട്രീയത്തിനും എതിരെ പുലഭ്യം പറഞ്ഞുകൊണ്ടായിരിക്കും എന്നുമാത്രം. കാരണം സിപിഐ(എം)വിരുദ്ധ വികാരം അന്ന് അത്ര ശക്തമായിരുന്നു. ബ്രിട്ടീഷ് ഭരണകാലം മുതൽ ബംഗാൾ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തികേന്ദ്രമാണ്. ഗാന്ധിയൻമാർക്ക് ഒരിക്കലും ഇവിടെ മുൻപന്തിയിലെത്താൻ കഴിഞ്ഞിട്ടില്ല. അമ്പതുകളിലും അറുപതുകളിലും ശക്തമായ ഇടതുപക്ഷ സമരമുണ്ടായി. ഇടതുജനാധിപത്യ ശക്തികളുടെ രണ്ട് ഐക്യമുന്നണി ഗവണ്മെന്റുകൾ അറുപതുകളിലുണ്ടായി. എന്നിട്ടും വലതുപക്ഷ ശക്തികൾക്ക് തലപൊക്കാൻ ആരാണ് അവസരമുണ്ടാക്കിയത്? സിപിഐ(എം) ആണ് ഇതിനുത്തരവാദികൾ.

സ്വാതന്ത്ര്യ സമരകാലത്ത് വിപ്ലവകാരികളുടെ കേന്ദ്രമായിരുന്നു ബംഗാൾ. ശരത്ചന്ദ്രന്റെയും സുഭാഷ് ചന്ദ്രബോസിന്റെയും ഓർമ്മകൾ ഇന്നും സജീവമായിരിക്കുന്നു ഈ മണ്ണിൽ. വിപ്ലവകാരികളുടെ ഈ പരമ്പര്യം പിന്തുടർന്നും റഷ്യൻ, ചൈനീസ് വിപ്ലവങ്ങളുടെ സ്വാധീനത്താലും കമ്മ്യൂണിസത്തെ നെഞ്ചിലേറ്റിയ ഈ മണ്ണിൽ വലതുപക്ഷ രാഷ്ട്രീയത്തിന് സ്വാധീനമുണ്ടാക്കാൻ ഒരിക്കലും കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ ഈ മനോഭാവത്തെ ഉപയോഗപ്പെടുത്തിയാണ് സിപിഐ(എം) സ്വാധീനമുണ്ടാക്കിയത്. ആ ബംഗാളിനെ അതേ സിപിഐ(എം)തന്നെ വെള്ളിത്തളികയിൽവച്ച് വലതുപക്ഷത്തിന് സമർപ്പിച്ചിരിക്കുന്നു. ഇതിന്റെ ഖ്യാതി അവർക്കുമാത്രം അവകാശപ്പെട്ടതാണ്. എന്നാൽ ഇതിന് വിപരീതമായി എല്ലാ ശക്തിയും സമാഹരിച്ചുകൊണ്ട് നമ്മൾ ഇടതുപക്ഷീയതയും കമ്മ്യൂണിസമെന്ന പ്രത്യയശാസ്ത്രവും എക്കാലവും ഉയർത്തിപ്പിടിച്ചുപോന്നു. നമ്മൾ വോട്ടിനുവേണ്ടിമാത്രം പ്രവർത്തിക്കുന്നവരല്ല. വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിലോ, പാർലമെന്റ് തെരഞ്ഞെടുപ്പിലോ നമ്മൾ പരാജയപ്പെട്ടെന്നുവരാം. ജനപിന്തുണയോടെ തെരഞ്ഞെടുപ്പിൽ ജയിക്കാൻ നമ്മൾ പരമാവധി പരിശ്രമിക്കും. എന്നിരുന്നാലും നമ്മൾ പരാജയപ്പെടാം. എന്നാൽ അത് നമ്മുടെ വളർച്ചയെ തടയുമോ? എന്തുകൊണ്ടാണ് ഇന്ന് നമ്മുടെ പാർട്ടി വളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്? മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഉജ്ജ്വലമായ ചിന്തകൾ ജനങ്ങളെ നമ്മിളിലേയ്ക്ക് ആകർഷിക്കുകയും അവരെ പ്രചോദിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യത്തിന്റെ വിജയത്തെ ആർക്കാണ് തടയാൻ കഴിയുക? തെരഞ്ഞെടുപ്പിൽ പരാജയപ്പെടുമെന്ന് പറഞ്ഞ് നമ്മളെ വിരട്ടാനാവില്ല. നമ്മൾ യഥാർത്ഥ മനുഷ്യനെ, നല്ല മനസ്സും മനഃസാക്ഷിയുമുള്ള മനുഷ്യനെയാണ് അന്വേഷിക്കുന്നത്. തെരഞ്ഞെടുപ്പ് ലാക്കാക്കി പ്രവർത്തിക്കുന്ന പാർട്ടികളെല്ലാം ജനങ്ങളെ വോട്ടർമാരായി മാത്രമാണ് കാണുന്നത്. മറുവശത്ത്, നമ്മൾ കാണുന്നത് അടിച്ചമർത്തപ്പെടുന്ന മനുഷ്യനെയാണ്. അവരിലെ സത്യസന്ധതയും നല്ല വികാരങ്ങളും മനസാക്ഷിയും വളർത്തിയെടുക്കാനാണ് നമ്മുടെ പരിശ്രമം. ഉന്നതമായ പ്രത്യയശാസ്ത്രത്തിലൂടെയും സത്യസന്ധത, മാന്യത, സ്വഭാവഗുണം എന്നിവയിലൂടെയും ജനങ്ങളെ ആകർഷിച്ച് അവരെ സംഘടിപ്പിക്കുകയാണ് നമ്മുടെ പാർട്ടിയുടെ രീതി. ഇതാണ് സഖാവ് ശിബ്ദാസ് ഘോഷ് നമ്മളെ പഠിപ്പിച്ചത്.

നമുക്ക് കുറച്ചുപേർ മതി, എന്നാൽ അവർ മികച്ചവരായിരിക്കണം, മനുഷ്യത്വം ഉള്ളവരായിരിക്കണം പിന്തിരിപ്പത്തത്തിനു മുന്നിൽ നട്ടെല്ലു വളച്ചാൽ നമുക്ക് ധാരാളം പണം സമാഹരിക്കാനും നാടെമ്പാടും ഓഫീസുകൾ തുറക്കാനും പണം കൊടുത്ത് ധാരാളം ചെറുപ്പക്കാരെ സംഘടിപ്പിക്കാനും കഴിയും. അങ്ങനെ ചെയ്താൽ നമ്മുടെ പാർട്ടിയുടെ വലുപ്പം കൂടും. പക്ഷെ, അതിന്റെ വിപ്ലവ സ്വഭാവം, സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാൽ വളർത്തിയെടുക്കപ്പെട്ട ഒരേയൊരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി എന്ന വ്യതിരിക്തമായ സ്ഥാനം നഷ്ടപ്പെടും. അങ്ങനെയൊരു പാർട്ടിയെക്കൊണ്ട് ചൂഷിത ജനതയ്ക്ക് ഗുണമല്ല ദോഷമാണ് ഉണ്ടാകുക. നമ്മളെ സംബന്ധിച്ചിടത്തോളം വിപ്ലവപ്രത്യയശാസ്ത്രവും സദാചാരവുമൊക്കെ മഹത്തരമാണ്. അതിൽ അടിയുറച്ചാണ്, ആരാലും വിലയ്ക്കെടുക്കപ്പെടാനാവാതെ, തലയുയർത്തി നമ്മൾ മുന്നേറുന്നത്. കുതന്ത്രങ്ങളുടെ രാഷ്ട്രീയം നമ്മൾ അനുവർത്തിക്കില്ല. നമ്മൾ പച്ചയായ സത്യമാണ് പറയുന്നത്. മാധ്യമശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടി അന്തസ്സ് കൈവിടില്ല. നമുക്ക് മുതലാളിമാരും വമ്പൻമാരുമായി ചങ്ങാത്തമില്ല. നമ്മുടെ സഖാക്കളുടെയും അനുഭാവികളുടെയും അഭ്യുദയകാംക്ഷികളുടെയും സംഭാവന കൊണ്ടാണ് നമ്മൾ കേന്ദ്രക്കമ്മിറ്റി ഓഫീസ് പണിതുകൊണ്ടിരിക്കുന്നത്. ആ സംഭാവന അപര്യാപ്തമായതുകൊണ്ട് നമ്മൾ സാധാരണ ജനങ്ങളോട് സംഭാവനചെയ്യാൻ അഭ്യർത്ഥിക്കുകയാണ്. ഇങ്ങനെയാണ് നമ്മുടെ പാർട്ടി പ്രവർത്തിക്കുന്നത്.

(ശേഷം 11-ാം പേജിൽ)

# സിപിഐ(എം) ഭരണംകൊണ്ട് പൊറുതിമുട്ടിയപ്പോഴാണ് ജനങ്ങൾ തൃണമൂലിനെ പിന്തുണച്ചത്

(10-ാം പേജിൽ നിന്ന്)

ഒരു പ്രധാനകാര്യത്തെക്കുറിച്ച് ആലോചിക്കാൻ ഞാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയാണ്. എല്ലാം മോശമാണ്, ഒരു നല്ലകാര്യവും നടക്കില്ല എന്ന് വിചാരിച്ചിരുന്നാൽ നമ്മൾ നിരാശയുടെ പടുകുഴിയിലാണ്ടുപോകും. നമ്മുടെ സമൂഹം അധ:പതനത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. അല്പം ഭേദപ്പെട്ട ജീവിത സൗകര്യങ്ങൾ ഉള്ള വരുണ്ടാകാം. അവരുടെ മക്കൾ നാളെ ഒരു പിഞ്ചുകുഞ്ഞിനെയോ ഒരു മുത്തശ്ശിയെയോ ബലാൽസംഗം ചെയ്യില്ല എന്ന് എന്താണുറപ്പ്? അവൻ വഴിതെറ്റി ഒരു കൊലയാളി ആകില്ല എന്ന് ഉറപ്പുണ്ടോ? ആർക്കാണ് ഈ അധ:പതനത്തെ തടയാനാകുക? ടാഗോറിനെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തുന്നവർ ഇത് ആലോചിച്ചിട്ടുണ്ടോ? ദീർഘകാലം പ്രകൃതി വർണ്ണനകളിൽ മുഴുകിയിരുന്ന ടാഗോർ അവസാനകാലത്ത്, സമൂഹത്തിൽ അരങ്ങേറുന്ന പൈശാചികതയ്ക്കെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയുണ്ടായി.

### ബൂർഷ്വാനാഗരികതയുടെ പ്രതിസന്ധി രവീന്ദ്രനാഥിനെ അസ്വസ്ഥമാക്കി

ആരാണീ രവീന്ദ്രനാഥ്? പ്രകൃതി സൗന്ദര്യം കവിതകളിൽ പകർത്തുന്നതിൽ മുഴുകിയിരുന്ന ഒരു കവി മാത്രമായിരുന്നോ? സായുധ വിപ്ലവത്തോട് വിയോജിച്ചിരുന്ന അദ്ദേഹം തിന്മയ്ക്കെതിരായ പോരാട്ടത്തിന് തയ്യാറെടുക്കാൻ യുവാക്കളെ ആഹ്വാനം ചെയ്തത് എന്തുകൊണ്ട്?

കല കലയ്ക്കുവേണ്ടിയാണ് എന്ന് വശ്വസിച്ചിരുന്ന അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ നേരിട്ട് പങ്കാളിയായിരുന്നില്ല. എന്നാൽ നാഗരികതയുടെ പ്രതിസന്ധി എന്നപേരിൽ പ്രസിദ്ധീകൃതമായ അദ്ദേഹത്തിന്റെ അവസാന ജന്മദിന സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: സാഹിത്യത്തിന്റെ കേവലമായ ആസ്വാദനത്തിൽ നിന്ന് എന്നെത്തന്നെ പറിച്ചുമാറ്റുവാൻ നിർബന്ധിതമായ ഒരു കാലയളവ് വന്നു. പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് ഞാൻ കണ്ണുതുറന്നപ്പോൾ ഇന്ത്യൻ ജനതയുടെ ദാരിദ്ര്യം എന്റെ മനസ്സിനെ മഥിച്ചു. പടിഞ്ഞാറൻ നാടുകളിലെ ബൂർഷ്വാപാർലമെന്ററി വ്യവസ്ഥയിലുള്ള വിശ്വാസം നഷ്ടപ്പെട്ട അദ്ദേഹം പറഞ്ഞു: നാഗരികതയുടെ വസന്തം വിടരുന്നത് യൂറോപ്പിന്റെ ഹൃദയത്തിൽ നിന്നായിരിക്കുമെന്നാണ് ഞാൻ ഒരു കാലത്ത് വിശ്വസിച്ചിരുന്നത്. എന്നാൽ, ജീവിതത്തോട് വിടപറയാൻ തയ്യാറെടുക്കുന്ന ഈ ഘട്ടത്തിൽ, ആ വിശ്വാസം പൊള്ളയായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. രവീന്ദ്രനാഥിന്റെ ആത്മീയതാ സ്പർശമുള്ള രചനകളിലും പ്രകൃതി വർണ്ണനകളിലും അഭിരമിക്കുകയും പാശ്ചാത്യ നാടുകളിലെ പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ച് വാചാലമാകുകയും ചെയ്യുന്നവർ രവീന്ദ്രനാഥിന്റെ ഈ നിരീക്ഷണങ്ങൾ പരിശോധിച്ചിട്ടുണ്ടാകുമോ?

തന്റെ സമകാലികരായ റൊമെയ്ൻറോളണ്ട്, ബർണാഡ്ഷാ, ഐൻസ്റ്റീൻ തുടങ്ങിയ മാനവവാദികളെപ്പോലെ തന്നെ രവീന്ദ്രനാഥിനും അവസാനകാലത്ത് ബൂർഷ്വാ വ്യവസ്ഥിതിയോട് മടുപ്പു തോന്നുകയും സോവിയറ്റ് സോഷ്യലിസത്തോട് ആഭിമുഖ്യം ജനിക്കുകയും ചെയ്തതെന്തുകൊണ്ടാണ്? രവീന്ദ്രനാഥിന്റെ ആരാധകർ ഇതെപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? റഷ്യയെക്കുറിച്ച് അദ്ദേഹം പല സുപ്രധാന കാര്യങ്ങളും പറഞ്ഞു. റഷ്യയിൽ നിന്നുള്ള കത്തുകൾ എന്ന കൃതിയിൽ, സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം എന്ന സങ്കൽപ്പം ഫ്രാൻസിന് സ്വന്തം മണ്ണിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ലെന്നും സോവിയറ്റ് റഷ്യയിൽ അത് വിജയകരമായി നടപ്പിലാക്കപ്പെട്ടിരിക്കുന്നുവെന്നും, അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. എല്ലാ ആയുധങ്ങളും നശിപ്പിക്കണമെന്ന് ലീഗ് ഓഫ് നേഷൻസിൽ ആദ്യമായി ആവശ്യപ്പെട്ട, ഭൂമുഖത്തെ ഏക രാജ്യം സോവിയറ്റ് റഷ്യയാണെന്ന് അദ്ദേഹം തുറന്നു പറയുന്നു. മറ്റാരും ഇതിന് തയ്യാറായില്ല. തന്റെ ജീവിതത്തിലെ ഏറ്റവും നല്ല തീർത്ഥാടനം സോവിയറ്റ് യൂണിയൻ സന്ദർശനമാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

### രവീന്ദ്രനാഥ് പ്രതീക്ഷയർപ്പിച്ചത് സോഷ്യലിസത്തിൽ

1939 ൽ സോവിയറ്റ് യൂണിയനെ സംബന്ധിച്ച് രവീന്ദ്രനാഥ് നടത്തിയ പരാമർശം നിങ്ങളിൽ പലർക്കും അറിയില്ലായിരിക്കാം. അതുവായിച്ചപ്പോൾ എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനം ഇരട്ടിച്ചു. ഗാന്ധിജിയും രവീന്ദ്രനാഥും യഥാക്രമം രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിൽ ഇന്ത്യൻ നവോത്ഥാനത്തിന്റെ സന്ധിമനോഭാവക്കാരുടെ ധാരയെയാണ് പ്രതിനിധീകരിച്ചിരുന്നതെങ്കിലും രണ്ടുപേരും തീർത്തും ഒരേ തരക്കാരല്ല എന്ന വിശ്വാസമാണ് ഞാൻ പുലർത്തിയിരുന്നത്. ഗാന്ധിജി സത്യസന്ധനായിരുന്നെങ്കിലും വളരെ യാഥാസ്ഥിതികനായിരുന്നു. പുതിയ സത്യങ്ങളെ ഉൾക്കൊള്ളാനുള്ള മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. പാരമ്പര്യവാദത്തിന്റെ ബന്ധനങ്ങളിൽനിന്ന് മുക്തനാകാൻ രവീന്ദ്രനാഥിനും കഴിഞ്ഞിരുന്നില്ല എന്നത് ശരിതന്നെ. എന്നാൽ ഈ പരിമിതികൾക്കുള്ളിലും പുതിയതിനെ കാണാനുള്ള കണ്ണ് അദ്ദേഹത്തിനുണ്ടായിരുന്നു.

അമിയ ചക്രവർത്തി എന്ന കവിക്ക് 1939 ൽ അദ്ദേഹം എഴുതി: ദുർബലനെതിരെ നിർദ്ദാക്ഷിണ്യം നിലകൊള്ളുന്ന ഈ നാഗരികത വേരോടെ പിഴുതെടുക്കാതെ, സമ്പന്നന്റെ തീൻമേശയിൽ നിന്ന് അവജ്ഞയോടെ വലിച്ചെറിയുന്ന ആഹാരശകലങ്ങൾകൊണ്ട് നമുക്ക് നിലനിന്നുപോകാനാവില്ലെന്ന്, കടുത്ത നിസ്സഹായതയുടെ നിമിഷങ്ങളിൽ എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. നാഗരികതയുടെ ആ മാറ്റത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ എനിക്ക് റഷ്യയിൽ കാണാൻ കഴിഞ്ഞു. .... അനുഗ്രഹീതമായ ആ നാട്ടിൽ നാഗരികതയുടെ പുതിയ മുഖം ദർശിക്കാൻ കഴിഞ്ഞ എനിക്ക്, എന്തൊക്കെ പരിമിതികളുണ്ടെങ്കിലും, അതിൽ വിശ്വാസവും പ്രതീക്ഷയുമുണ്ട്. മാനവചരിത്രത്തിലൊരിടത്തും ഇവ്വിധമൊരു സന്തോഷവും പ്രതീക്ഷയും കളിയാടുന്നത് ഞാൻ കണ്ടിട്ടില്ല. ഭയങ്കരമായ ഒരു വിപ്ലവത്തിന്റെ അടിത്തറയിന്മേലാണ് റഷ്യ ഈ പുതുയുഗം പടുത്തുയർത്തിയിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. പക്ഷേ, ആ വിപ്ലവം മാനവരാശിയുടെ ഏറ്റവും ബലിഷ്ഠമായ തിന്മയ്ക്കെതിരെയുള്ള വിപ്ലവമായിരുന്നു. ആ പരിധിവരെ അത്, യുഗങ്ങളായി അടിഞ്ഞുകൂടിയ പാപങ്ങൾക്കുള്ള പരിഹാരക്രിയയായിരുന്നു. മാനവനാഗരികതയുടെ ഹൃദയത്തിൽ തറച്ച, ആർത്തി എന്ന കൂരമ്പ് നീക്കം ചെയ്യാനുള്ള പ്രയത്നത്തിലാണ് പുതിയ റഷ്യ. അവരുടെ പരിശ്രമം വിജയം വരിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി അഭിലഷിക്കുകയാണ്. ഹൃദയത്തിൽ തറച്ച ഒരു കൂരമ്പ് നീക്കം ചെയ്യാനുള്ള പരിശ്രമത്തിലാണ് സോവിയറ്റ് സോഷ്യലിസം എന്ന രവീന്ദ്രനാഥിന്റെ അഭിപ്രായം നോക്കൂ. എത്ര ആഴമാർന്നതും ആത്മാർത്ഥവുമായ നിരീക്ഷണമാണ് അദ്ദേഹത്തെപ്പോലൊരാൾ നടത്തിയിരിക്കുന്നത്! പാപം, ആർത്തി, അസൂയ എന്നിവയൊക്കെ ശാശ്വതമാണെന്നാണ് മതം അനുശാസിക്കുന്നത്. മതാനുഷ്ഠാനങ്ങളാൽ ഇവയെ നിയന്ത്രിച്ചു നിർത്താനാവും എന്നാണ് വിശ്വസിച്ചുപോന്നത്. ബൂർഷ്വാ പണ്ഡിതന്മാർ പോലും ഇവയൊക്കെ മാറ്റാനാവാത്തതും നിയന്ത്രിക്കാൻ മാത്രം കഴിയുന്നതുമായ അടിസ്ഥാന സ്വഭാവങ്ങളെന്നാണ് കരുതിയത്. എന്നാലിത് അടിസ്ഥാന സ്വഭാവങ്ങളല്ലെന്നും തുടക്കം മുതൽ ഇത് സമൂഹത്തിൽ നിലനിന്നുപോരുന്നവയല്ലെന്നും ആദ്യമായി പറഞ്ഞത് മാർക്സിസമാണ്. സാമൂഹ്യപുരോഗതിയുടെ ഒരു പ്രത്യേകകാലഘട്ടത്തിൽ, സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാൽ ഉടലെടുത്തതാണിത്. അനിഷേധ്യമായ ചരിത്രഗതിയിൽ ഇവ തുടച്ചുനീക്കപ്പെടുകയും ചെയ്യും. നിശ്ചിതമായ ഒരു സാമ്പത്തിക അടിത്തറയുടെ ഉപരിഘടനയാണ് ആശയപരവും മാനസികവുമായ ലോകം. ഇത് മാറ്റത്തിന് വിധേയവുമാണ്. അസമത്വം ആർത്തിയിൽ നിന്ന് ഉടലെടുത്തതല്ലെന്നും അസമത്വത്തിലധിഷ്ഠിതമായ വർഗ്ഗ വിഭജിത സമൂഹമാണ് അത്യാഗ്രഹത്തിന് ജന്മം നൽകിയതെന്നും സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വർഗ്ഗ വിഭജനം നിർമ്മാർജ്ജനം ചെയ്യുന്നതോടെ അത്യാഗ്രഹവും സമൂഹത്തിൽനിന്ന് തുടച്ചുനീക്കപ്പെടും. ഒരു മാർക്സിസ്റ്റ് അല്ലാതിരുന്നിട്ടും, സോവിയറ്റ് യൂണിയൻ സമൂഹത്തിൽനിന്ന് അത്യാഗ്രഹം എന്ന തിന്മ ഉന്മൂലനം ചെയ്യാനുള്ള ചരിത്രപ്രധാനമായ പോരാട്ടമാണ് നടത്തുന്നതെന്ന് രവീന്ദ്രനാഥ് തിരിച്ചറിയുകയും അതിനെ അങ്ങേയറ്റം ആദരവോടെയും വികാരവായ്പോടെയും പിന്തുണയ്ക്കുകയും ചെയ്തു. രവീന്ദ്രനാഥിന്റെ ആരാധകരോ സോവിയറ്റ് വിരുദ്ധ പ്രചാരണത്തിൽ മുഴുകിയിരിക്കുന്ന ബുദ്ധിജീവികളോ ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ? അവർക്ക് ചരിത്രം അറിയാമോ? രണ്ടാം ലോക മഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ രവീന്ദ്രനാഥ ടാഗോർ ഒരു സർജ്ജറി കാത്ത് കഴിയുകയായിരുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞനായ പ്രശാന്തമഹലനോബിസ് അദ്ദേഹത്തിന്റെ സമീപത്തുണ്ടായിരുന്നു. സോവിയറ്റ് സൈന്യം എത്ര മുന്നേറിയെന്ന് രവീന്ദ്രനാഥ് അദ്ദേഹത്തോട് ചോദിച്ചു. ചെമ്പട പിൻവാങ്ങുകയാണെന്ന മറുപടി കേട്ടപ്പോൾ ദേഷ്യപ്പെട്ട് അദ്ദേഹം പത്രം വലിച്ചെറിഞ്ഞു. പിന്നീട് സർജറി ദിവസം സോവിയറ്റ് സൈന്യം വിജയത്തോടടുക്കുകയാണെന്ന വാർത്ത കേട്ടപ്പോൾ അദ്ദേഹത്തിന്റെ മുഖം സന്തോഷം കൊണ്ട് തിളങ്ങി. അവർക്ക്, അവർക്കുമാത്രമേ നാഗരികതയുടെ രക്ഷകരാകാൻ കഴിയൂ എന്ന് സന്തോഷം തുളുമ്പിയ വാക്കുകളിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. സോവിയറ്റ് സോഷ്യലിസത്തിൽ അത്രവലിയ വിശ്വാസമാണ് അദ്ദേഹം വച്ചുപുലർത്തിയത്.

അവസാനകാലത്ത് അദ്ദേഹത്തിന്റെ ചിന്തയിൽ സമൂലമായ മാറ്റമുണ്ടായി എന്നല്ല അർത്ഥമാക്കുന്നത്. സിംഫണി എന്ന പേരിലുള്ള കവിതയിൽ തനിക്ക് എന്താണ് ചെയ്യാൻ കഴിയാതെ പോയതെന്നും എന്തുകൊണ്ടാണെന്നും അദ്ദേഹം പശ്ചാത്തപിക്കുന്നുണ്ട്. കുന്നുകളും മലകളും നക്ഷത്രങ്ങളും നദികളും അരുവികളുമൊക്കെയുള്ള വശ്യസുന്ദരമായ പ്രകൃതിയുടെ മനോഹാരിത തനിക്ക് പരിചിതമായിരുന്നുവെന്നും എന്നാൽ നാഗരികതയുടെ സ്രഷ്ടാക്കളായ കർഷകർ, നെയ്ത്തുകാർ, മുക്കുവർ തുടങ്ങിയ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുമായി തനിക്ക് അടുപ്പമുണ്ടായിരുന്നില്ലെന്നും അദ്ദേഹം പറയുന്നു. കാവ്യഭാഷയിൽ ഇതദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്.

തന്റെ പരാജയത്തെ എത്ര വ്യഥയോടെയും പശ്ചാത്താപത്തോടെയുമാണ് അദ്ദേഹം നോക്കിക്കണ്ടത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. പരാജയ കാരണങ്ങളിലൊന്ന് അദ്ദേഹത്തിന് ശരിയായി ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞു. സമ്പന്ന കുടുംബത്തിൽ പിറന്നതുകൊണ്ട് ജീവിതത്തിന്റെ കഷ്ടപ്പാടുകളൊന്നും അഭിമുഖീകരിക്കേണ്ടി വന്നില്ല എന്നതായിരുന്നു അത്. സത്യാന്വേഷണ പാതയിൽ ശാസ്ത്രീയ മനോഭാവം പുലർത്താൻ കഴിയാതെ പോയതുകൊണ്ട് കായികപ്രവർത്തനവും ബുദ്ധിപരമായ പ്രവർത്തനവും തമ്മിൽ ശാശ്വതമായ ഒരു അന്തരം നിലനിൽക്കുന്നുവെന്ന് വിശ്വസിച്ചതായിരുന്നു രണ്ടാമത്തെ കാരണം. ഈ അന്തരമില്ലാതെ നാഗരികതയ്ക്ക് മുന്നേറാനാവില്ല എന്നദ്ദേഹം കരുതി. അതുകൊണ്ടാണദ്ദേഹം പറഞ്ഞത്, അടിത്തട്ടിൽ ഒരു വിഭാഗമില്ലെങ്കിൽ മറ്റൊരു വിഭാഗത്തിന് ഉയർന്നുവരാൻ കഴിയില്ല എന്ന്... ഉയർന്നു നിൽക്കുന്നവർക്കുമാത്രമേ പരിമിതികളെ അതിജീവിക്കുന്ന വീക്ഷണം കൈവരിക്കാൻ കഴിയൂ... വിശ്രമവേളകളിലാണ് നാഗരികതയുടെ ബൗദ്ധിക സത്ഫലങ്ങൾ സൃഷ്ടിക്കപ്പെട്ടത്... സാഹചര്യങ്ങളുടെ സവിശേഷതകൊണ്ടുമാത്രമല്ല, ശാരീരികവും മാനസികവുമായ കാരണങ്ങൾ മൂലവും സമൂഹത്തിന്റെ താഴെത്തട്ടിൽ കഷ്ടപ്പെടുവാൻ നിർബന്ധിതരായവരുടെ വിദ്യാഭ്യാസവും ആരോഗ്യവും സുഖസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാദ്ധ്യമായതെല്ലാം ചെയ്യണമെന്ന് ചിന്തിച്ചിരുന്ന ആളാണ് അദ്ദേഹം. അതായത്, സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ മുകൾത്തട്ടിലുള്ളവരെ ശാരീരികമായും മാനസികമായും സേവിക്കാൻ വേണ്ടിമാത്രം ജനിച്ചവരാണ് എന്ന കാഴ്ചപ്പാടായിരുന്നു രവീന്ദ്രനാഥിനുണ്ടായിരുന്നത് എന്നാണിതു വ്യക്തമാക്കുന്നത്.

### സത്യസന്ധരായ മാനവവാദികൾക്ക് ഒരു വിഷയത്തെ മറികടക്കാനാവുന്നില്ല

വേറൊരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു: സ്വത്തിനോട് ഒരാൾക്കുള്ള ആഭിമുഖ്യം ഒരു തർക്ക വിഷയമല്ല. അത് മനുഷ്യസഹജമാണ്. നമുക്ക് സ്വയം വെളിപ്പെടുത്താൻ ആഗ്രഹമുണ്ട്. ഇത് ആത്മപ്രകാശനത്തിന്റെ ഒരു രീതിയാണ്.... എന്നാൽ ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ സ്വത്ത് അയാളുടെ വ്യക്തിത്വത്തിന്റെ ഭാഷയാണ്. അതു നഷ്ടപ്പെട്ടാൽ പിന്നെ അയാൾക്ക് നിലനിൽപ്പില്ല.... സ്വകാര്യസ്വത്ത് നിലനിൽക്കും. എന്നാൽ അതിരുകടന്ന വ്യക്തിപരമായ ഉപയോഗത്തിന് പരിധിനിശ്ചയിക്കണം. ഈ പരിധിയിൽ കവിഞ്ഞുള്ള സ്വത്ത് പൊതുനന്മയ്ക്കുവേണ്ടി വിനിയോഗിക്കണം.... ചുരുക്കത്തിൽ ഓരോരുത്തർക്കും സ്വന്തമായി ചിലതുണ്ടാകണം ബാക്കിയുള്ളത് മറ്റുള്ളവർക്ക്. സ്വന്തവും അല്ലാത്തതുമായതിനെ ഒരുപോലെ അംഗീകരിക്കുകയാണ് യഥാർത്ഥ പരിഹാരം. ഇതിൽ ഏതെങ്കിലുമൊന്ന് അവഗണിക്കപ്പെടുമ്പോൾ മനുഷ്യ പ്രകൃതിയുടെ നിയമങ്ങളുമായി സംഘർഷമുണ്ടാകുന്നു. അതായത്, രവീന്ദ്രനാഥിന്റെ അഭിപ്രായത്തിൽ, വർഗ്ഗവിഭജനം നിലനിൽക്കേണ്ടത് നാഗരികതയുടെ ആവശ്യകതയാണ്. കായികവും മാനസികവുമായ അദ്ധ്വാനം തമ്മിലുള്ള അന്തരത്തിന്റെ രൂപത്തിൽ ഇത് എന്നും നിലനിൽക്കും. ശാരീരികവും മാനസികവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്ന് കഷ്ടപ്പെടാൻ ഒരു വിഭാഗം നിർബന്ധിതരായിത്തീരുകയും ചെയ്യും. എന്നുമാത്രമല്ല, വ്യക്തിത്വത്തിന്റെ ഭാഷ എന്നനിലയിലോ, ആത്മപ്രകാശനത്തിന്റെ രീതി എന്നനിലയിലോ, സ്വകാര്യസ്വത്ത് നിലനിൽക്കുകയും ചെയ്യും. വ്യക്തി അവനാവശ്യമുള്ളത് എടുത്തിട്ട് ബാക്കി മറ്റുള്ളവർക്ക് വിതരണം ചെയ്തുകൊള്ളും. ഫൊയർബാഹ് മുതൽ ഗാന്ധിവരെയുള്ള എല്ലാ മാനവവാദികളുടെയും കാഴ്ചപ്പാട് ഇതായിരുന്നു. എന്നാൽ ഈ ചിന്താഗതി സ്വീകരിക്കാൻ രവീന്ദ്രനാഥിനെ പ്രേരിപ്പിച്ചതെന്താണ്? ഇതിന് സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ ഉത്തരം ഇങ്ങനെ: മനസ്സിന്റെ സ്വാതന്ത്ര്യത്തിനുപോലും അതിരുകളുണ്ട്. രണ്ട് കാര്യങ്ങളിൽ നിന്നാണ് ഈ പരിധി നിശ്ചയിക്കപ്പെടുന്നത്. ഒന്ന്, മൂർത്തമായ ചുറ്റുപാടുകൾ. മറ്റേത് ചിന്താപ്രക്രിയ. അതായത്, ഒരാൾ അറിഞ്ഞോ അറിയാതെയോ അയാളുടെ ചിന്താ രീതി വികസിച്ചു വന്ന പ്രക്രിയ. ഒരാളുടെ മനസ്സിന്റെ ചിന്തയുടെ, സ്വാതന്ത്ര്യത്തെ ഈ പ്രക്രിയ പരിമിതപ്പെടുത്തുന്നു.

(ശേഷം 12-ാം പേജിൽ)

# തൃണമൂൽ ഭരണം സിപിഐ(എം)ന്റെ അതേ ജനദ്രോഹപാതയിൽ

(11-ാം പേജിൽ നിന്ന്)

**വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഹനിക്കാൻ ഗൂഢശ്രമം**

ജീവിതസാഹചര്യങ്ങൾ മാത്രമല്ല, രവീന്ദ്രനാഥിന്റെ വീക്ഷണവും പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. ഇത് അദ്ദേഹത്തിന് മനസ്സിലാക്കാനായില്ല. പരാജയബോധം അദ്ദേഹത്തെ അലട്ടിയിരുന്നു. മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ അദ്ദേഹം തുറന്നു സമ്മതിച്ചു. അവിടെയാണ് അദ്ദേഹത്തിന്റെ മഹത്വം. രവീന്ദ്രനാഥിനെ പുകഴ്ത്തുന്നവർ ഇതിൽ നിന്ന് എന്തെങ്കിലും പാഠം പഠിച്ചോ?

മുതലാളിവർഗ്ഗത്തിന്റെയും സർക്കാരിന്റെയും നല്ല പിള്ളകളായ ചില ബുദ്ധിജീവികളുണ്ട്. അവർ വലിയ ആദർശ പ്രസംഗങ്ങൾ നടത്തും. ഉദാഹരണത്തിന് വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പങ്കെടുക്കരുതെന്നും കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ നിരോധിക്കണമെന്നും അടുത്തിടെ ഇവർ പറയുകയുണ്ടായി. ഈ പ്രചാരണത്തിന് നേതൃത്വം കൊടുക്കുന്നവർ നല്ല മിടുക്കന്മാർ തന്നെ. ഞാൻ ചില ആളുകളുടെ കാര്യം പറയാം. അവർ വിവേക ശാലികളാണോ എന്ന് നിങ്ങൾ തന്നെ തീരുമാനിക്കുക. ബ്രിട്ടീഷ് ഭരണകാലത്ത് ബംഗാളിൽ പ്രവർത്തിച്ചിരുന്ന ബംഗാൾ വോളന്റിയേഴ്സ് എന്ന വിപ്ലവസംഘടനയുടെ തലവൻ ഹേംചന്ദ്ര ഘോഷ് ആയിരുന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ സന്യാസ ജീവിതം സ്വീകരിക്കുന്നതിനായി അദ്ദേഹം ഒരു സന്യാസിയെ സമീപിച്ചു. മാതൃഭൂമി അടിമത്തത്തിൽ കഴിയുമ്പോൾ നിങ്ങൾക്കെങ്ങനെയാണ് സന്യാസം സ്വീകരിക്കാൻ കഴിയുക. പോയി രാജ്യത്തിനു വേണ്ടി പ്രവർത്തിക്കുക, എന്നാണ് ആ സന്യാസി അദ്ദേഹത്തെ ഉപദേശിച്ചത്. ആരായിരുന്നു ഈ സന്യാസി? അദ്ദേഹം സ്വാമി വിവേകാനന്ദൻ ആയിരുന്നു. എട്ടാം ക്ലാസ്സുകാരനെ അദ്ദേഹം രാജ്യത്തിനുവേണ്ടി പ്രവർത്തിക്കാൻ ഉപദേശിച്ചു. വിദ്യാർത്ഥികളെ രാഷ്ട്രീയത്തിൽ നിന്ന് അകറ്റിനിർത്താൻ വ്യഗ്രത കാണിക്കുന്നവർക്ക് വിവേകാനന്ദനെ തള്ളിപ്പറയാൻ ധൈര്യമുണ്ടോ? എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ സുഭാഷ് ചന്ദ്രബോസ് ഖുദിറാം രക്തസാക്ഷിത്വ ദിനം ആചരിച്ചു. ബേണി മാധവദാസ് എന്ന പ്രശസ്തനായ അദ്ധ്യാപകനിൽ നിന്നാണ് സുഭാഷ് ചന്ദ്രബോസ് ആവേശം ഉൾക്കൊണ്ടത്. ഈ ബുദ്ധിജീവികൾക്ക് സുഭാഷ്ചന്ദ്രബോസിനെയും ബേണി മാധവ്ദാസിനെയും പ്രതിക്കൂട്ടിൽ നിർത്താൻ ധൈര്യമുണ്ടോ?

ചിറ്റഗോംഗിലെ ജലാലാബാദിൽ ബ്രിട്ടീഷ് സേനയോട് ഇതിഹാസനായകനായ സൂര്യസെന്നിന്റെ നേതൃത്വത്തിൽ ഏറ്റുമുട്ടിയ വിപ്ലവകാരികളിൽ ഏറിയ പങ്കും കൗമാരപ്രായക്കാരായിരുന്നു. 9-ാം ക്ലാസ്സുകാരികളായ ശാന്തിയും സുനിതയുമാണ് മർക്കട മുഷ്ടിക്കാരനായ ബ്രിട്ടീഷ് പോലീസ് മേധാവിയെ വെടിവച്ചുകൊന്നത്. ബ്രിട്ടീഷുകാരുടെ ദൃഷ്ടിയിൽ അവർ കുറ്റവാളികളാണ്. ഈ ബുദ്ധിജീവികൾ അവരെ കുറ്റവാളികളായി കാണുമോ? വിദ്യാഭ്യാസത്തിനുവേണ്ടി ഇനിയും കാത്തിരിക്കാം. പക്ഷേ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിന് അത് സാധ്യമല്ല. എന്നാണ് ദേശബന്ധു സി.ആർ ദാസ് പറഞ്ഞത്. പഠിക്കുക എന്നതാണ് വിദ്യാർത്ഥികളുടെ മുഖ്യ കടമ എന്നുപറഞ്ഞ് വിദ്യാർത്ഥികളെ രാഷ്ട്രീയത്തിൽ നിന്ന് അകറ്റാൻ ശ്രമിച്ചപ്പോൾ സുഭാഷ്ചന്ദ്രബോസ് അതിനെ ശക്തമായി എതിർത്തു. അക്കാദമിക പഠനം മാത്രമല്ല വിദ്യാർത്ഥികളുടെ കർത്തവ്യം. അവർ രാഷ്ട്രീയത്തിലും പങ്കെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം അസന്നിഗ്ദ്ധമായി പറഞ്ഞു. രാജ്യത്തിനുവേണ്ടി നിലകൊള്ളുന്നതിന് പ്രായം ഒരു പ്രതിബന്ധമല്ലെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികളായ നിങ്ങൾക്കും അതാകാം. തെറ്റു ചെയ്യുന്നവർക്കും അത് പൊറുക്കുന്നവർക്കുമെതിരെ നിങ്ങളുടെ രോഷം തീജ്വാലകൾ പോലെ ആളിപ്പടരട്ടെ എന്നാണ് രവീന്ദ്രനാഥ് പറഞ്ഞത്. പോസ്റ്റ് ഗ്രാജുവേറ്റ് പഠനം കഴിഞ്ഞ് ഒരാൾക്ക് ബോധം ഉണ്ടായാൽമതിയെന്നാണോ സുഭാഷ് ചന്ദ്രബോസ് പറഞ്ഞത്, അതോ ഇന്ന് നമ്മുടെ രാജ്യത്ത് തെറ്റും അനീതിയും ചൂഷണവും അടിച്ചമർത്തലും ഒന്നും ഇല്ലെന്നാണോ? ഏതുപ്രായത്തിലാണ് ഖുദിറാമും ഭഗത്സിംഗുമൊക്കെ രാഷ്ട്രീയത്തിൽ വന്നത്.

ഭരണകക്ഷികളുടെ ഗുണ്ടകളാണ് തെരഞ്ഞെടുപ്പിൽ അക്രമവും ഭീതിയുമൊക്കെ സൃഷ്ടിക്കുന്നത്. 1972 ൽ കോൺഗ്രസ്സ് ഇത് ചെയ്തു. പിന്നീട് സിപിഐ(എം) ഉം ഇപ്പോൾ തൃണമൂലും അതുതന്നെ ചെയ്യുന്നു. അക്രമം കാട്ടുന്നവർ തന്നെ കോളേജ് ഇലക്ഷൻ നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നു എന്നതാണ് കൗതുകകരം. അവർ വെറും തെമ്മാടികളാണോ? വിദ്യാർത്ഥികൾ സമരങ്ങളിൽ പങ്കെടുക്കണമെന്നോ, ആരോഗ്യകരമായ രാഷ്ട്രീയം വളർന്നുവരണമെന്നോ അവർക്ക് താൽപ്പര്യമില്ല. അക്രമത്തിന്റെ പേരിലാണ് തെരഞ്ഞെടുപ്പ് വേണ്ടെന്ന് വയ്ക്കുന്നതെങ്കിൽ എന്തുകൊണ്ട് കോളേജ് ഇലക്ഷൻ മാത്രം? എല്ലാ തെരഞ്ഞെടുപ്പുകളും വേണ്ടെന്നുവയ്ക്കാത്തതെന്ത്? പഞ്ചായത്തുമുതൽ പാർലമെന്റ് തെരഞ്ഞെടുപ്പുവരെ ഇവിടെ അക്രമം നടക്കുന്നുണ്ട്. എല്ലാം നിരോധിക്കട്ടെ. അപ്പോൾ ഈ നേതാക്കൾക്ക് തൊഴിലില്ലാതാകും! 1970–71 കാലത്ത് സിപിഐ(എം) വിദ്യാർത്ഥി യൂണിയനുകൾ പിടിച്ചെടുക്കാൻ തുടങ്ങി. ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെയോ പ്രത്യയശാസ്ത്ര ചർച്ചകളിലൂടെയോ യുക്തിപരമായ സമീപനത്തിലൂടെയോ ഒന്നുമായിരുന്നില്ല, വെറും ഗുണ്ടായിസത്തിലൂടെയാണ് ഇത് ചെയ്തത്. കോൺഗ്രസ്സ് 72 ൽ ഈ മാർഗ്ഗം പിന്തുടർന്നു. പിന്നീട് 1977 മുതൽ 34 വർഷം തുടർച്ചയായി സിപിഐ(എം) ഈ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു. ഇപ്പോൾ ഈ മുൻഗാമികളുടെ കാലടികൾ പിന്തുടരാനുള്ള ഊഴം തൃണമൂൽ കോൺഗ്രസ്സിന് കൈവന്നിരിക്കുന്നു. അപ്പോൾ സാധാരണ വിദ്യാർത്ഥികൾ ഇതിനുത്തരവാദികളാകുന്നതെങ്ങനെ? അഥവാ രാഷ്ട്രീയമാണോ ഇതിനുത്തരവാദി? കോളേജുകളുടെയും യൂണിവേഴ്സിറ്റികളുടെയും മറ്റും മേൽ ആധിപത്യം നിലനിർത്താൻ ഫാസിസ്റ്റ് രാഷ്ട്രീയം അനുവർത്തിക്കുന്ന ഭരണകക്ഷികൾ മാത്രമാണ് ഇതിന് ഉത്തരവാദികൾ. ഇവർക്കെതിരെ ശബ്ദമുയർത്തിയേ മതിയാകൂ. അപ്പോൾ, വിദ്യാർത്ഥികൾ പൊരുതി നേടിയ ജനാധിപത്യാവകാശങ്ങൾ കവർന്നെടുക്കുന്നതെന്തിന്?

ഒരു സംഭവം ഞാൻ ഓർമ്മിപ്പിക്കാം. സിപിഐ(എം) ഗവണ്മെന്റ് അധികാരത്തിൽ വന്നയുടൻ, കേന്ദ്ര സർക്കാരിന്റെ ആജ്ഞാനുസരണം ബംഗാളിൽ പ്രൈമറി സ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠനം നിരോധിച്ചു. നമ്മുടെ പാർട്ടി അതിനെതിരെ നീണ്ട 18 വർഷക്കാലം പോരാട്ടം നടത്തി ഇംഗ്ലീഷ് പഠനം പുനഃസ്ഥാപിക്കാൻ സർക്കാരിനെ നിർബന്ധിതമാക്കി. ഈ സമരത്തിൽ പ്രധാന പങ്കുവഹിച്ചത് ആരായിരുന്നു? സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ തന്നെ. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരും സാഹിത്യകാരന്മാരും ബുദ്ധിജീവികളുമൊക്കെയായ ഡോ സുകുമാർസെൻ, പ്രേമേന്ദ്ര മിത്ര, നിഹാർ രഞ്ജൻ റായ്, ഡോ.പ്രദ്യുൽ ഗുപ്ത, ഡോ.സുശീൽ മുഖർജി, സന്തോഷ് ഘോഷ് തുടങ്ങിയവരൊക്കെ നിരവധി വിദ്യാർത്ഥി റാലികളെ അഭിസംബോധന ചെയ്തു. പ്രമുഖ സാഹിത്യകാരൻ പ്രമഥനാഥ് ബിസിയുടെ നിർദേശപ്രകാരം പതിനായിരം പ്രൈമറി വിദ്യാർത്ഥികളുടെ ധർണയും സംഘടിപ്പിച്ചു. ഈ പ്രമുഖ വ്യക്തിത്വങ്ങളെയും ബുദ്ധിജീവികളെയും കുറിച്ച് ഇന്നത്തെ ബുദ്ധിജീവികൾക്ക് എന്തുപറയാനുണ്ട്? യഥാർത്ഥത്തിൽ വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ നിന്ന് അകന്നുനിൽക്കണമെന്ന് പറയുന്നത് വലിയൊരു ഗൂഢാലോചനയാണ്.

**അധികാരമോഹം മാത്രമാണ് ബിജെപിയുടെ മതം.**

സഖാക്കളെ, ഇന്നത്തെ സർവ്വവ്യാപിയായ പ്രതിസന്ധി വിദ്യാസാഗറിനെയോ വിവേകാനന്ദനെയോ പോലുള്ളവർക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. ധാർമ്മിക-സദാചാര മേഖലകളിലെ ഭയാനകമായ പ്രതിസന്ധി നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഒരു നരേന്ദ്രൻ(വിവേകാനന്ദൻ) ലോകത്തിന് വഴികാട്ടിയതിന്റെ പേരിൽ ആദരിക്കപ്പെടുമ്പോൾ മറ്റൊരു നരേന്ദ്രൻ(നരേന്ദ്ര മോഡി) ഇന്ത്യയെ നയിക്കുന്നതിന്റെ പേരിൽ പ്രശംസിക്കപ്പെടുന്നുവെന്ന് ഒരു പ്രമുഖ ബംഗാളി പത്രം എഴുതുകയുണ്ടായി. ആരെ ആരുമായിട്ടാണ് ഉപമിക്കുന്നതെന്ന് ചിന്തിച്ചുനോക്കൂ! ഇത്തരം ഒരു അപകടകരമായ പ്രസ്താവനയെ ഒരു ബുദ്ധിജീവിയും എതിർത്തുകണ്ടില്ല. നമ്മുടെ രാജ്യത്തിന്റെ പതനം നോക്കൂ. തത്വചിന്താമേഖലയിൽ നമുക്ക് വിവേകാനന്ദനോട് വിയോജിപ്പുണ്ടെങ്കിലും നാം അദ്ദേഹത്തെ ഏറെ ബഹുമാനിക്കുന്നു. നമ്മൾ കമ്മ്യൂണിസ്റ്റുകളാണ്. വിവേകാനന്ദൻ അദ്വൈതവേദാന്തി ആയിരുന്നു.

(തുടരും)

## തീവില: എന്തുചെയ്യണം?

(4-ാം പേജിൽ നിന്നു തുടർച്ച)

അവശേഷിക്കുമ്പോൾ കർഷകർക്ക് കുത്തകകൾ നിശ്ചയിക്കുന്ന ഏറ്റവും താഴ്ന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കേണ്ടിവരും. പ്രധാനമായും ഈ ലക്ഷ്യം മുൻനിർത്തിയാണ് കോൺട്രാക്ട് ഫാമിംഗ് കൊണ്ടുവന്നിട്ടുള്ളത്. കോൺട്രാക്ട് ഫാമിംഗ് കർഷകർക്ക് മരണക്കെണിയൊരുക്കുന്നു എന്നത് ലോകത്തെല്ലായിടത്തുനിന്നും ഇപ്പോൾ നാം കേട്ടുകൊണ്ടിരിക്കുന്ന വാർത്തയാണ്.

സംഭരണവും ചില്ലറ വിൽപ്പനയും സംയോജിപ്പിച്ചുകൊണ്ട് കുത്തകകൾ രംഗം കൈയടക്കുന്നതോടെ ലക്ഷക്കണക്കിന് ചില്ലറ വിൽപ്പനശാലകൾക്ക് വിറ്റഴിക്കാൻ പച്ചക്കറിയോ ധാന്യങ്ങളോ ഇതര കാർഷിക ഉൽപ്പന്നങ്ങളോ ലഭ്യമല്ലാതെയാകും. ഒരു നിശ്ചിതമേഖലയിലെ കച്ചവടക്കാരുടെ വരുമാനം മുഴുവൻതകരുകയും അതപ്പാടെ വൻകിട കുത്തകകളുടെ പക്കൽ കുമിഞ്ഞുകൂടുകയും ചെയ്യുന്നത് സമ്പത്തികഘടനയെ കൂടുതൽ അസന്തുലിതമാക്കും.പ്രതിസന്ധി അത്യന്തം രൂക്ഷമാക്കുന്ന ഒന്നായി ചില്ലറവ്യാപാരരംഗത്തിന്റെ തകർച്ച മാറും.

പലകൈമറിഞ്ഞുള്ള കച്ചവടത്തെ നിരുത്സാഹപ്പെടുത്തുന്ന, കുത്തകകൾക്ക് ഏറ്റവും അനുയോജ്യമായ മൂല്യവർദ്ധിത നികുതി (വാറ്റ്) നടപ്പിലാക്കി. ഇന്ത്യ റീട്ടെയിൽ റിപ്പോർട്ട് 2005 ൽ കുത്തക ചില്ലറ വ്യാപാരത്തിന്റെ സാദ്ധ്യതകൾക്ക് ചൂണ്ടിക്കാണിക്കുന്ന 11 അനുകൂല ഘടകങ്ങളിൽ ഒന്ന് ഇന്ത്യയിൽ വാറ്റ് നടപ്പിലാക്കി എന്നുള്ളതാണ്. എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി തീരുവ ഉദാരമാക്കിക്കൊണ്ടുള്ള ഇറക്കുമതി നയം പടിപടിയായി നടപ്പിലാക്കി. നഗരഭൂസ്വത്തിന് പരിധി ഏർപ്പെടുത്തിക്കൊണ്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞു. വിദേശശക്തികൾക്ക് ഇന്ത്യയിൽ യഥേഷ്ടം ഭൂമി വാങ്ങിക്കൂട്ടുന്നതിനുണ്ടായിരുന്ന വിലക്കുകൾ ഇല്ലാതെയായി. അങ്ങനെ ചില്ലറ വിൽപ്പനമേഖല പൂർണ്ണമായും കുത്തകകൾക്ക് തുറന്നിട്ടുകൊടുത്തു.

ഈ നയങ്ങളൊക്കെത്തന്നെ കഴിഞ്ഞ യു.പി.എ സർക്കാരിന്റെ ഭരണ നേട്ടങ്ങളാണ്. അതിൽ ഇടതുപക്ഷങ്ങൾക്കുള്ള പങ്കും എടുത്തുപറയാതെ നിവൃത്തിയില്ല. കാരണം കഴിഞ്ഞ യു.പി.എ സർക്കാരിനെ നിലനിർത്തിയത് ഇടതുകക്ഷികളാണ്. കുത്തകകളുടെ കടന്നുവരവിനുവേണ്ടിയുള്ള സുപ്രധാനമായ മുന്നൊരുക്കമെന്നനിലയിൽ മൂല്യവർധിത നികുതി അഥവാ വാറ്റ് നടപ്പാക്കിയതും ഇടതു-വലതു-ബിജെപി ഭേദമെന്യേ ഏവരും ഒത്തുകളിച്ചാണ്.

ഭീകരമായ വിലക്കയറ്റമുൾപ്പെടെ ഗുരുതരമായ സാമൂഹ്യപ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്നതാണ് സർക്കാരിന്റെ ഈ നടപടികൾ. 400 ലക്ഷംപേരെങ്കിലും പണിയെടുക്കുകയും അത്രയും കുടുംബങ്ങളെ തീറ്റിപ്പോറ്റുകയും ചെയ്യുന്ന ചില്ലറ വ്യാപാരമേഖലയെ കുത്തകകൾ വിഴുങ്ങുന്നതോടെ കോടിക്കണക്കിനാളുകൾ വഴിയാധാരമാകും. ഭക്ഷ്യധാന്യങ്ങളുടെ കുത്തക സംഭരണം കർഷകരെയും ചതിക്കുഴിയിലകപ്പെടുത്തും. ഉപഭോക്താക്കൾ പിഴിഞ്ഞൂറ്റപ്പെടും.

ചില്ലറ വ്യാപാരരംഗത്തെ രാജാവായ വാൾമാർട്ടിന്റെ ചരിത്രം പരിശോധിച്ചാൽ മതി എന്താണ് നമ്മുടെ രാജ്യത്ത് തുടർന്ന് സംഭവിക്കാൻ പോകുന്നത് എന്നു മനസ്സിലാക്കാൻ. തൊഴിൽ നിഷേധത്തിനും തൊഴിലവകാശ ലംഘനത്തിനും വ്യാപാര നൈതികത തകർത്തതിനും അമേരിക്കയിൽ ഏറ്റവുമധികം കേസുകൾ നേരിടുന്ന കമ്പനി വാൾമാർട്ടാണ്. 1998ൽ ജർമ്മനിയിൽ പ്രവേശിച്ച വാൾമാർട്ട് ചെറുകിട സ്ഥാപനങ്ങളെ പൂട്ടിച്ചതുവഴി അവിടെ ഏഴര ലക്ഷം പേരുടെ ജോലി നഷ്ടപ്പെടുത്തി. വൻതോതിൽ വ്യാപാര നിയമലംഘനങ്ങൾ നടത്തി. ഒടുവിൽ ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് 2006ൽ ജർമ്മനി വിടേണ്ടിവന്നു. കൊറിയയിലും ഇതേ എതിർപ്പ് വാൾമാർട്ടിന് നേരിടേണ്ടിവന്നു.

കുത്തകകൾക്ക് കമ്പോളം സമ്പൂർണ്ണമായും തുറന്നുകൊടുക്കുന്നതിന്റെ ഭാഗമായി പൊതുവിതരണസംവിധാനത്തെ ചിട്ടയോടെ തകർത്തതും ഭീകരമായ വിലക്കയറ്റത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്.

വിലക്കയറ്റത്തിൽ ജനങ്ങൾ പൊറുതിമുട്ടുമ്പോഴാണ് യാതൊരു ന്യായീകരണവുമില്ലാതെ നിരന്തരം ജനങ്ങൾക്കുമേൽ ചാർജ്ജ് വർദ്ധനവുകൾ അടിച്ചേൽപ്പിക്കുന്നത്. കുടിവെള്ളക്കരത്തിന്റെ ഭീമമായ വർദ്ധനവ് കുടിവെള്ളം സ്വകാര്യവൽക്കരിക്കുവാൻ ലക്ഷ്യമിട്ട് നീങ്ങുന്ന പദ്ധതികളുടെ ഭാഗമായാണ്. 'കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ്' എന്ന കമ്പനി രൂപീകരിച്ച് 51% ശതമാനം ഓഹരികൾ സ്വകാര്യവ്യക്തികൾക്ക് കൊടുക്കുവാനാണ് നീക്കം നടത്തുന്നത്. കുടിവെള്ളത്തിന്റെ ചാർജ്ജ് 50 ഇരട്ടിയിലേറെ വർദ്ധിക്കാം എന്നതാണ് സാഹചര്യം. സാമൂഹ്യക്ഷേമബാദ്ധ്യതകളിൽനിന്നും സർക്കാർ പിൻവാങ്ങുകയും കുത്തകകൾക്ക് മേയാനായി ഈ മേഖലകൾ തുറന്നിടുകയുമാണ് ചെയ്യുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും പൊതുനിരത്തുകളും പൊതുവിതരണവും എല്ലാം തകർക്കപ്പെട്ടത് ഈ അടിസ്ഥാനത്തിലാണ്. വൈദ്യുതിയും കെഎസ്ആർടിസിയുമടക്കം സ്വകാര്യവൽക്കരിക്കപ്പെടുന്നതിന്റെയും കാരണം ഇതാണ്.

സാധാരണക്കാരന്റെ ജീവിതത്തെ സർവ്വാർത്ഥത്തിലും പിച്ചിച്ചീന്തുകയാണ് ആഗോളവൽക്കരണനയങ്ങൾ. ഇതിനെതിരെ അതിശക്തവും നീണ്ടുനിൽക്കുന്നതുമായ പ്രക്ഷോഭണങ്ങളാണ് ഉണ്ടാകേണ്ടത്. ജീവിതം വഴിമുട്ടുന്ന അസഹനീയമായ ഈ സാഹചര്യത്തിൽ, സ്വന്തം സമരക്കമ്മിറ്റികളിൽ സംഘടിക്കുക എന്നതല്ലാതെ മറ്റൊരു പോംവഴിയും ഇന്ന് ജനങ്ങളുടെ മുന്നിൽ അവശേഷിക്കുന്നില്ല. •

# ആറു വർഷം പിന്നിട്ട ചെങ്ങറ ഭൂസമരം



ചെങ്ങറഭൂസമരത്തിന്റെ ആറാംവാർഷികം ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു. സി.ആർ.നീലകണ്ഠൻ, ളാഹ ഗോപാലൻ, ഡോ. ഡി.സുരേന്ദ്രനാഥ് എന്നിവർ മുൻനിരയിൽ

**ഭൂ**സമരങ്ങളുടെ ചരിത്രം തിരുത്തിയ ചെങ്ങറ സമരം 6 വർഷം പിന്നിട്ടിരിക്കുന്നു. പത്തനംതിട്ട ജില്ലയിലെ കോന്നി, അതുമ്പുംകുളത്തുള്ള ചെങ്ങറ എസ്റ്റേറ്റിലാണ് 2007 ആഗസ്റ്റ് 4 ന് സമരം ആരംഭിച്ചത്. കുത്തക കമ്പനിയായ ഹാരിസൺ മലയാളം പ്ലാന്റേഷൻ വനഭൂമി കയ്യേറി തോട്ടം സ്ഥാപിച്ച സ്ഥലമാണ് സമരഭൂമിയാക്കി മാറ്റിയത്. അന്നത്തെ ഇടതു സർക്കാരും പോലീസും ഹാരിസണും സിപിഐ എം ഇം ട്രേഡ് യൂണിയനുകളും അവരുടെ പ്രചാരണ മാധ്യമങ്ങളും സമരത്തിനെതിരെ തങ്ങൾക്കാവുന്നതെല്ലാം ചെയ്തു. ഒന്നാം വാർഷിക വേളയിൽ ഉപരോധസമരമെന്നപേരിൽ ഭീകരമായ ആക്രമണമഴിച്ചുവിട്ടു. അഞ്ഞൂറിലേറെ കുട്ടികളുടെ ഒരു വർഷത്തെ പഠനം മുടക്കി. ചികിത്സയും ഭക്ഷണവും കുടിവെള്ളവും നിഷേധിച്ചു. സഞ്ചാരം തടഞ്ഞു. ഐക്യദാർഢ്യ പ്രവർത്തകരെയും ആക്രമിച്ചു. ഇതൊന്നും സമരത്തെയോ സഹായ പ്രവർത്തനങ്ങളെയോ തളർത്തിയില്ല. മനുഷ്യോചിതമായി ജീവിക്കുവാൻവേണ്ടി സ്വയം സമർപ്പിച്ചവർ ശക്തവും സത്യസന്ധവുമായ നേതൃത്വത്തിൻകീഴിൽ അണിനിരന്നു എന്നതാണ് ചെങ്ങറ സമരത്തിന്റെ വിജയം. സമരത്തിന് മുന്നിൽ ഇടതു സർക്കാർ അടിയറവു പറയുകയും കൃഷിഭൂമി നൽകാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് വാഗ്ദാനം പാലിക്കാതെ സർക്കാർ തന്നെ പ്രഖ്യാപിച്ച പാക്കേജ് അട്ടിമറിച്ചു. സമരക്കാർ ചെങ്ങറയിൽ തന്നെ അടിയുറച്ചു നിൽക്കുകയും ഓരോ കുടുംബവും അൻപത് സെന്റ് വീതം കൃഷിഭൂമിയാക്കി സ്ഥിരം ജീവിത സംവിധാനങ്ങൾ ഒരുക്കുകയും ചെയതു. മദ്യവിമുക്ത മാതൃകാ ഗ്രാമമായി സമരഭൂമി മാറി. ഒരു സർക്കാരിനും കുടിയിറക്കാൻ കഴിയാത്ത വണ്ണം ആ മണ്ണിനോടും പ്രകൃതിയോടും അവർ താദാത്മ്യപ്പെട്ടു കഴിഞ്ഞു.

കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചു പോകുന്നത് ഭയപ്പെട്ട, ഭരണം നഷ്ടപ്പെട്ട സിപിഐ എം സ്വന്തം അനുയായികളായ ഭൂരഹിതർ ളാഹഗോപാലൻ നയിക്കുന്ന ഭൂസമരത്തോടൊപ്പം പോകാതിരിക്കുവാൻ നിരവധി കപട പദ്ധതികൾ ആവിഷ്കരിച്ചു. പട്ടികജാതി കൺവൻഷനുകൾ കൂടി, പട്ടികജാതി കോളനി അസോസിയേഷനുകൾ രൂപീകരിച്ചു. അവസാനം ഭൂസമരവും നടത്തി. പേര് ഭൂസംരക്ഷണ സമരം. ഒരു ലക്ഷംപേർ കുടിൽ കെട്ടുമെന്ന് പ്രഖ്യാപിച്ചു. പത്ത് ദിവസം പിന്നിട്ടപ്പോൾ കുടിലുകൾ പൊളിച്ച് സമരം പിൻവലിച്ചു. ഉമ്മൻ ചാണ്ടി സർക്കാർ ഭൂരഹിതർക്ക് നൽകുമെന്ന് പ്രഖ്യാപിച്ച മൂന്ന് സെന്റിനുള്ള അപേക്ഷ നൽകാനുള്ള കാലാവധി നീട്ടി കിട്ടി എന്നതായിരുന്നു ഫലം. സമരത്തിന് മുന്നോടിയായി നടത്തിയ വമ്പൻ പ്രചാരണ കോലാഹലങ്ങളിൽ ഉടനീളം നേതാക്കൾ പ്രഖ്യാപിച്ചത് ഉമ്മൻ ചാണ്ടി സർക്കാരിനെ വെള്ളം കുടിപ്പിക്കുമെന്നാണ്. അതോടൊപ്പം പറഞ്ഞ മറ്റൊരു കാര്യം തോട്ടങ്ങൾ സംരക്ഷിക്കണമെന്നും തോട്ടങ്ങളാണ് കേരളത്തിന്റെ സുഖശീതളമായ കാലാവസ്ഥക്ക് കാരണമെന്നുമാണ്.

ഭൂസംരക്ഷണസമരം എന്ന് പേരിട്ടതിന്റെ അർത്ഥം ഇതിലൂടെ വ്യക്തമായി. ഇവരോടൊപ്പം കൂടിയ ഭൂരഹിതർ വിഡ്ഢികളുമായി. രണ്ടായിരത്തി അഞ്ഞൂറുകോടി രൂപ കേരള സർക്കാരിന് തോട്ടമുടമകൾ പാട്ടകുടിശ്ശിഖ വരുത്തിയിട്ടുണ്ടെന്നും അത് പിരിച്ചെടുക്കുന്നത് അപ്രായോഗികമാണെന്നും ഭരണകക്ഷി എം എൽ എ ആയ അഡ്വക്കേറ്റ് എൻ. ഷംസുദ്ദീൻ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ പറഞ്ഞതും, കുത്തകകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന 76000 ഏക്കർ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്ന ഹൈക്കോടതി ഉത്തരവും വന്നപ്പോൾ യുഡിഎഫ് സർക്കാർ ഒരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ കേരളത്തിലെ ഭൂരഹിതർ ചെങ്ങറ മോഡൽ സമരത്തിന് ഇറങ്ങി പുറപ്പെട്ടാൽ എന്തായിരിക്കും സംഭവിക്കുക എന്ന ഉറക്കം കെടുത്തുന്ന ചിന്തയാണ് ഭൂസംരക്ഷണസമരം എന്ന പേരിൽ ഒരു കപട സമരം നടത്താൻ സിപിഐ(എം)നെ പ്രേരിപ്പിച്ചത്. ഇരുമുന്നണികളും കുത്തകകൾക്ക് വേണ്ടി നിലകൊള്ളുന്നവരാണെന്ന് പകൽ പോലെ വ്യക്തമാണ്. ഈ സാഹചര്യത്തിൽ ചെങ്ങറ ഭൂസമരത്തിന്റെ രണ്ടാംഘട്ട സമരമെന്ന നിലയിൽ വില്ലേജോഫീസുകൾക്ക് മുന്നിൽ ആരംഭിക്കുന്ന സത്യാഗ്രഹ സമരത്തിൽ കേരളത്തിലെ ഭൂരഹിതർ അണിനിരന്നാൽ ജനജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ആഭാസ സമരം നടത്തുന്നവർക്ക് വെല്ലുവിളിയാകും എന്ന കാര്യത്തിൽ തർക്കമില്ല.

ചെങ്ങറ ഭൂസമരത്തിന്റെ ആറാം വാർഷിക സമ്മേളനവും വില്ലേജ് ഓഫീസുകളുടെ മുന്നിലെ അനിശ്ചിതകാല സത്യാഗ്രഹത്തിന്റെ ഉദ്ഘാടനവും ആഗസ്റ്റ് മൂന്നിന് പത്തനംതിട്ടയിൽ നടന്നു. ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി. ആർ. നീലകണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയും സമര സഹായ സമിതി കൺവീനറുമായ എസ്. രാജീവൻ സ്വാഗതം പറഞ്ഞു. ചെങ്ങറ സമര നായകൻ ളാഹ ഗോപാലൻ സമര പ്രഖ്യാപന പ്രസംഗം നടത്തി. ചെങ്ങറ സമര സഹായസമിതി കണ്ണൂർ ജില്ലാ ചെയർമാൻ ഡോ. ഡി. സുരേന്ദ്രനാഥ്, ഫാദർ ഏബ്രഹാം ജോസഫ്, സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി സലീം സേഠ്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന വൈസ് പ്രസിഡന്റ് മിനി കെ. ഫിലിപ്പ്, ജമാ അത്ത് കൗൺസിൽ സംസ്ഥാന സെക്രട്ടറി എം. എച്ച്. ഷാജി, പത്തനംതിട്ട പൗരസമിതി ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ നായർ, അഡ്വക്കേറ്റ് റ്റി.എച്ച്. സിറാജുദ്ദീൻ, എസ്‌വിഎസ്‌വി. രക്ഷാധികാരി എൻ. തങ്കപ്പൻ, ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ജോർജ്ജ് മാത്യു കൊടുമൺ, മുൻ ജില്ലാ കൗൺസിലർ കെ വൽസല, കലഞ്ഞൂർ പാറമട വിരുദ്ധ സമര സമിതി കൺവീനർ എൻ. ജി. സന്തോഷ് കുമാർ, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ. എം. രാജ, പി.ജെ.ജോൺസൺ, എസ്. രാധാമണി, ആർ. പാർത്ഥസാരഥി വർമ്മ, കെ. എൻ. ജോസഫ്, രവീന്ദ്രൻ മാങ്കൂട്ടം, അയ്യപ്പൻ കൈതക്കര, കുമ്പഴ ഗോപാലൻ, ബേബി ചെരിപ്പിട്ടകാവ്, രാജേന്ദ്രപാൽ, ശിവ സോമൻ എന്നിവർ പ്രസംഗിച്ചു. മാണികുളം അച്യുതൻ കൃതജ്ഞത രേഖപ്പെടുത്തി. സമ്മേളനത്തിന് മുന്നോടിയായി നഗരത്തിൽ ഉജ്ജ്വലമായ പ്രകടനം നടത്തി.



സമ്മേളന സദസ്സിന്റെ ഒരു ദൃശ്യം

ആഗസ്റ്റ് നാലിന് ചെങ്ങറ സമരഭൂമിയിൽ നടന്ന വാർഷിക സമ്മേളനത്തിൽ ളാഹ ഗോപാലൻ, എൻ. തങ്കപ്പൻ, എസ്. രാജീവൻ, എസ്.രാധാമണി, കൈതക്കര അയ്യപ്പൻ, മാണികുളം അച്യുതൻ, സോമരാജൻ, ബോസ് ചിറ്റാർ, തുടങ്ങിയവർ പങ്കെടുത്തു. ചെങ്ങറയിലെ സമരഭടന്മാരും കുട്ടികളും അവതരിപ്പിച്ച വിവിധ കലാപരിപാടികളും പായസവിതരണവും നടന്നു. •

## മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ്ചിന്ത പഠനക്യാമ്പ്

**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാർക്സിസം- ലെനിനിസം സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളെ ആധാരമാക്കിയുള്ള പഠന ക്യാമ്പുകൾ വിവിധ ജില്ലകളിൽ നടന്നുവരികയാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ഇതിനകം ക്യാമ്പുകൾ നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ്, സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ എന്നിവരാണ് ക്ലാസ്സുകൾ നയിക്കുന്നത്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം, ചരിത്രപരമായ ഭൗതികവാദം, കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടന, കമ്മ്യൂണിസ്റ്റ് പെരുമാറ്റച്ചട്ടം എന്നിങ്ങനെയുള്ള വിഷയങ്ങളായിത്തിരിച്ചാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ സൈദ്ധാന്തികമായും സംഘടനാപരമായും നേരിടാൻ കമ്മ്യൂണിസ്റ്റുകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠനക്യാമ്പുകൾ സംഘടിപ്പിക്കപ്പെടുന്നത്.






2013 ജൂലൈ 27,28 തീയതികളിൽ ആലുവ വൈഎംസിഎയിൽവച്ചു നടന്ന എറണാകുളം ജില്ലാ പഠനക്യാമ്പ്. സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു

# ചാലക്കുടി നീറ്റാ ജലാറ്റിൻ കമ്പനി സമരം: പോലീസ് അതിക്രമത്തിനെതിരെ പ്രതിഷേധം

**ചാ**ലക്കുടിപ്പുഴയിലേക്കും മറ്റും കമ്പനി വിഷമാലിന്യം തുറന്നുവിടുന്നത്തിനെതിരെ വർഷങ്ങളായി ബഹുജനങ്ങൾ സമരത്തിലാണ്. കശാപ്പുമൃഗങ്ങളുടെ അസ്ഥികളിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ ജലാറ്റിൻ നിർമ്മിക്കുന്ന കമ്പനി, ഈ നിർമ്മാണ പ്രക്യയയിൽ അവശേഷിക്കുന്ന മലിന വസ്തുക്കൾ സംസ്ക്കരിക്കാതെ നേരിട്ട് ചാലക്കുടിപ്പുഴയിലേക്കും മറ്റും തള്ളുകയാണ് ചെയ്തുകൊണ്ടിരുന്നത്. മലിനീകരണം തടയുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന ജനങ്ങളുടെ നിരന്തരമായ ആവശ്യത്തെ പരിപൂർണ്ണമായും അവഗണിച്ചുകൊണ്ടും മലിനീകരണ നിയന്ത്രണ ബോർഡിന്റെ പേരിൽ കള്ളരേഖകളും തട്ടിപ്പുവിദ്യകളുമായി ഇക്കാലമത്രയും പ്രവർത്തിക്കുകയായിരുന്നു കമ്പനി. കമ്പനി അനുദിനം ഉണ്ടാക്കുന്ന ലാഭത്തിന്റെ ചെറിയൊരംശം ചെലവിട്ടുകൊണ്ട് പരിഹരിക്കാവുന്ന ഒരു പ്രശ്നത്തെ ഇത്രമേൽ വഷളാക്കിമാറ്റിയത് ഇക്കൂട്ടരുടെ അനാസ്ഥയാണ്. ഈ പശ്ചാത്തലത്തിലാണ് സമൂഹത്തിനും പരിസ്ഥിതിക്കും ആഘാതമേൽപ്പിക്കുന്ന ഈ നടപടിക്കെതിരെ ജനങ്ങളുടെ പ്രതിഷേധങ്ങൾ വളർന്നുവന്നത്. സമരത്തെ നേരിടുവാൻ പലതന്ത്രങ്ങളും ഇവർ മെനഞ്ഞു. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടും എന്ന പ്രചരണം നടത്തി തദ്ദേശവാസികളായ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സമരക്കാർക്കെതിരെ തിരിച്ചുവിട്ടു. എവ്വിധവും സമരത്തെ അടിച്ചമർത്തുക എന്ന കമ്പനിയുടെയും സർക്കാരിന്റെയും ചില രാഷ്ട്രീയകക്ഷികളുടെയും നികൃഷ്ടമായ തീരുമാനത്തിന്റെ ഭാഗമായിരുന്നു പോലീസ് അതിക്രമം. കാതിക്കൂടത്തെ മാത്രമല്ല കേരളത്തിലെ ജനകീയ സമരങ്ങളെയെല്ലാം പോലീസിനെ ഉപയോഗിച്ച് ഇല്ലാതാക്കുവാനാണ് സർക്കാരിന്റെ നീക്കം. ഇതിനെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി സമരരംഗത്തിറങ്ങണം.

നീറ്റാ ജലാറ്റിൻ കമ്പനി സൃഷ്ടിക്കുന്ന മലിനീകരണത്തിനെതിരെ സമരം ചെയ്ത ജനങ്ങൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം അപലപനീയമാണെന്നും ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന സ്ഥിരം ശൈലിയിൽ നിന്നും ഉമ്മൻചാണ്ടി സർക്കാർ പിൻമാറണമെന്നും ജനങ്ങൾക്കുമേൽ മാരകരോഗം വിതക്കുന്ന ചാലക്കുടിയിലെ നീറ്റാ ജലാറ്റിൻ കമ്പനിക്കെതിരെ സർക്കാർ ഉടൻ നടപടി സ്വീകരിക്കണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്. പത്മകുമാർ അഭിപ്രായപ്പെട്ടു.

പാർട്ടി ജില്ലാക്കമ്മറ്റി കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനവും യോഗവും ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർട്ടി ജില്ലാക്കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാക്കമ്മിറ്റിയംഗം സഖാവ് ഇ.എൻ. ശാന്തിരാജ്, കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി എ.വി. ബെന്നി എന്നിവർ പ്രസംഗിച്ചു. സഖാക്കൾ എം. പ്രദീപൻ, സി.വി.പ്രേംരാജ്, സുജാആന്റണി, എ.എം.സുരേഷ് എന്നിവർ പ്രകടനത്തിന് നേതൃത്വം കൊടുത്തു. •



കാതിക്കൂടത്തെ സമരത്തിനുനേരെയുള്ള പോലീസ് നടപടിക്കെതിരെ കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച പ്രതിഷേധം: സഖാവ് ജി.എസ്.പത്മകുമാർ പ്രസംഗിക്കുന്നു

# അൺഎയ്ഡഡ് അദ്ധ്യാപകരുടെ തിരുവനന്തപുരം ജില്ലാ കൺവൻഷൻ



കൺവൻഷൻ കെ.ജി.സുകുമാരപിള്ള ഉദ്ഘാടനം ചെയ്യുന്നു.

**അ**ൺ എയിഡഡ് അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ സർവ്വീസിലേതിന് തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുക, ജുഡീഷ്യൽ അൺ എയിഡഡ് സ്റ്റേക്ക് ഹോൾഡേഴ്സ് കമ്മിഷൻ രൂപീകരിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് അൺ എയിഡഡ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തിരുവനന്തപുരംജില്ലാകൺവൻൻ ജൂലൈ 21–ന് അദ്ധ്യാപകഭവനിൽ ചേർന്നു.

കൺവൻഷൻ അൺഎയ്ഡഡ് അദ്ധ്യാപക കമ്മീഷൻ മുൻ ചെയർമാൻ ശ്രീ.കെ.ജി.സുകുമാരപിള്ള ഉദ്ഘാടനം ചെയ്തു. അൺ എയിഡഡ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിന് അങ്ങനെ അധിക കാലം മുന്നോട്ടുപോകാനാവില്ലെന്നും പ്രശ്ന പരിഹാരത്തിന് സർക്കാർ ഉടനടി തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

2007–ൽ നിയോഗിക്കപ്പെട്ട സുകുമാരപിള്ള–എ.എ.ബേബി കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാതെ ഇടതു–വലത് സർക്കാരുകൾ പൂഴ്ത്തിവച്ചതിനെതിരെ കൺവൻഷൻ ശക്തമായി പ്രതിഷേധിച്ചു. മിനിമം ശമ്പളംപോലും നടപ്പാക്കാത്ത മാനേജുമെന്റുകൾക്കെതിരെ സ്കൂൾ തലത്തിൽ പ്രക്ഷോഭം ശക്തിപ്പെടുത്താൻ കൺവൻഷൻ തീരുമാനിച്ചു. ആഗസ്റ്റ് 10–ന് തൃശൂരിൽ നടക്കുന്ന സംസ്ഥാന കൺവൻഷനിൽ ജില്ലയിൽനിന്ന് 100 പ്രതിനിധികൾ പങ്കെടുക്കും.

കെ.യു.എസ്.ടി.ഒ സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി. ബെന്നി ജോസഫ് സ്വാഗതവും വിജു.എൽ.എൻ നന്ദിയും പറഞ്ഞു.

ബി.ഗോപാലകൃഷ്ണൻ പ്രസിഡന്റായും ഷൈന മേബൽ.എൻ, വിജയൻ എസ്, ക്രിസ്റ്റഫർ, രമ.ആർ. എന്നിവർ വൈസ് പ്രസിഡന്റുമാരായും ബെന്നി ജോസഫ് സെക്രട്ടറിയായും ശ്രീജു. വി. എസ്, ഷാജി. ടി, വിജു.എൽ.എൻ, എമിൽഡ ലാലി ഗോമസ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു. 34 അംഗ ജില്ലാ കമ്മിറ്റിയേയും കൺവൻഷൻ തെരഞ്ഞെടുത്തു. •

# ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയതിനെതിരെ ബഹുജന മാർച്ചും ധർണ്ണയും

**കൊ**ല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്ത നടപടി ഉടൻ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമര സമിതി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് പടിക്കൽ ബഹുജനമാർച്ചും ധർണ്ണയും നടത്തി.

സമിതി കൊല്ലം ജില്ലാ വൈസ്പ്രസിഡന്റ് പി.ബി.രാജൻപിള്ള ധർണ്ണ ഉദ്ഘാടനം ചെയ്തു. പഴങ്ങാലം ബദ്ദറുദ്ദീൻ അദ്ധ്യക്ഷതവഹിച്ച ധർണ്ണയിൽ ഫാദർ ഗീവർഗ്ഗീസ് തരകൻ, എ. ജയിംസ്, സതീഷ് വർഗ്ഗീസ്, കുണ്ടറ സോമൻ, കോശി അലക്സ്, ജീ. മോഹനചന്ദ്രൻ, ഡോ. കുഞ്ചാണ്ടിച്ചൻ, വൈ.റോബർട്ട്, എസ്.രാഘവൻ, ടിങ്കിൾ പ്രഭാകരൻ, കരീപ്ര എൻ. രാജേന്ദ്രൻ, എസ്.രാധാകൃഷ്ണൻ, എൻ. വിജയകൃഷ്ണൻ, വി. ആന്റണി എന്നിവർ പ്രസംഗിച്ചു. •



മദ്യവിരുദ്ധ ജനകീയ സമരസമിതി കൊല്ലം ജില്ലാ വൈസ്പ്രസിഡന്റ് പി.ബി.രാജൻപിള്ള ഇളമ്പള്ളൂർ പഞ്ചായത്ത് ഓഫീസ് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

## സഖാവ് ജി.രവീന്ദ്രൻ അനുസ്മരണം

# ആണവോർജം ഒരു ജനപക്ഷ സമീപനം- സെമിനാർ



**ആ**ണവോർജം നാടിന്റെ വികസനത്തിന് അനിവാര്യമല്ലെന്നും സൗരോർജം പോലെയുള്ള ഊർജ്ജസ്ത്രോതസ്സുകളെ ആശ്രയിക്കുന്നതാണ് സുരക്ഷിതമെന്നും കെ.ഭാസ്കരൻ അഭിപ്രായപ്പെട്ടു. കുണ്ടറ ഗുരുദേവ ആഡിറ്റോറിയത്തിൽ ജി.രവീന്ദ്രൻ അനുസ്മരണത്തോടനുബന്ധിച്ച് നടന്ന ആണവോർജം ഒരു ജനപക്ഷ സമീപനം എന്ന സംവാദത്തിൽ പ്രബന്ധം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആണവോർജത്തിന്റെ വക്താക്കൾ കച്ചവട താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവരാണ്. ചെലവുകുറഞ്ഞ ഊർജമെന്ന വാദവും കാപട്യമാണ്. ആണവോർജത്തിന് എതിരെ ഉയർന്നുവരുന്ന ജനകീയ മുന്നേറ്റങ്ങളുടെ ഭാഗത്ത് നിലയുറപ്പിക്കേണ്ടത് തലമുറകളോടുള്ള കടമയാണെന്നും ഭാസ്കരൻ ഓർമ്മിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ സംവാദം ഉദ്ഘാടനം ചെയ്തു. ഡോ.പി.എസ്.ബാബു മോഡറേറ്റർ ആയിരുന്നു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന കോ–ഓർഡിനേറ്റർ ജി.എസ്.പത്മകുമാർ, പി.ജി. ശശികുമാർ എന്നിവരും പ്രസംഗിച്ചു.

സെമിനാറിനുമുമ്പ് നടന്ന സമ്മേളനത്തിൽ സഖാവ് സി.കെ.ലൂക്കോസ് അനുസ്മരണ പ്രഭാഷണം നടത്തി. ജനകീയ പ്രതിരോധ സമിതി കുണ്ടറ മേഖലാ പ്രസിഡന്റ് എ.ജെയിംസ് അദ്ധ്യക്ഷതവഹിച്ചു. വിവിധ ജനകീയ സംഘടനകളുടെ നേതാക്കളും സാംസ്കാരിക പ്രവർത്തകരും രവിമാഷിനെ അനുസ്മരിച്ചു. •

സെമിനാറിൽ കെ. ഭാസ്കരൻ പ്രബന്ധം അവതരിപ്പിക്കുന്നു.

# മിനിമംകൂലി നടപ്പിലാക്കുന്നതിനുവേണ്ടി മത്സ്യസംസ്കരണ തൊഴിലാളികൾ പണിമുടക്കിൽ



ആൾ ഇന്ത്യാ യുടിയുസിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ നടക്കുന്ന പണിമുടക്കിനുമുന്നോടിയായി മത്സ്യസംസ്കരണത്തൊഴിലാളികൾ ആലപ്പുഴ കളക്ട്രേറ്റിലേക്ക് ജൂലൈ 20-ാം തീയതി നടത്തിയ മാർച്ച് സംസ്ഥാന പ്രസിഡന്റ് സഖാവ് ഡി.സുന്ദരേശൻ ഉദ്ഘാടനം ചെയ്യുന്നു.

**2010**-ൽ സർക്കാർ പ്രഖ്യാപിച്ച മിനിമംകൂലി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പലപ്പുഴ താലൂക്കിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികൾ ആഗസ്റ്റ് ഒന്നാംതീയതി മുതൽ പണിമുടക്കാരംഭിച്ചിരിക്കുകയാണ്. ആൾ ഇന്ത്യാ യുടിയുസിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ (കെ.എം.എസ്.ടി.യു)വിന്റെ നേതൃത്വത്തിലാണ് പണിമുടക്ക്.

കഴിഞ്ഞ വർഷം ഇതേ സമയം നടത്തിയ പതിമൂന്നു ദിവസം നീണ്ടുനിന്ന സമരത്തിലൂടെ മിനിമംകൂലി നേടിയെടുക്കാനായില്ലെങ്കിലും കൂലിവർദ്ധനവും ബോണസും നേടിയെടുക്കാൻ തൊഴിലാളികൾക്ക് കഴിഞ്ഞിരുന്നു. അന്ന് അളവിനെപ്പറ്റി അനാവശ്യവും അവാസ്തവികവുമായ തർക്കങ്ങളുന്നയിച്ചുകൊണ്ട് മുതലാളിമാരുടെ അസോസിയേഷൻ മിനിമംകൂലി അട്ടിമറിക്കുകയായിരുന്നു. പിന്നീട് തർക്കംതീർത്ത് അളവ് വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവുണ്ടായി. എന്നിട്ടും, നിയമവിരുദ്ധമായി, മിനിമംകൂലി നൽകുകയില്ല എന്ന പിടിവാശിയിലാണ് മുതലാളിമാർ.

മിനിമംകൂലി ആവശ്യപ്പെട്ടുകൊണ്ട് ജൂലൈ 20-ാം തീയതി ആലപ്പുഴ കളക്ട്രേറ്റിലേക്ക് കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ രണ്ടായിരത്തിൽപരം തൊഴിലാളികൾ മാർച്ചു ചെയ്തു. കെഎംഎസ്ടിയു സംസ്ഥാനപ്രസിഡന്റ് സ. ഡി.സുന്ദരേശൻ കളക്ട്രേറ്റ് മാർച്ച് ഉൽഘാടനം ചെയ്തു.

ആഗസ്റ്റ് 1,2 തീയതികളിൽ സൂചനാ പണിമുടക്കാണ് ആദ്യം പ്രഖ്യാപിച്ചിരുന്നത്. എന്നാൽ സൂചനാ പണിമുടക്കിന്റെ പ്രചാരണസ്ക്വാഡ് പ്രവർത്തനം നടത്തിയ യൂണിയൻ ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രനടക്കമുള്ള വനിതാ നേതാക്കളെ ഷെഡ് ഉടമയും ഗുണ്ടകളും ചേർന്ന് മർദ്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് മർദ്ദകരെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നൂറുകണക്കിന് തൊഴിലാളികൾ അമ്പലപ്പുഴ എഎൽഒ ഓഫീസിനു മുമ്പിൽ കുത്തിയിരിപ്പു സമരവും 3-ാം തീയതി അമ്പലപ്പുഴ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലേക്ക് മാർച്ചും നടത്തി. എന്നാൽ സൂചനാ പണിമുടക്കും സമരപരിപാടികളുംകൊണ്ട് യാതൊരു പ്രയോജനവുമില്ലാതെ വന്നപ്പോൾ, മുതലാളിമാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കാത്ത അധികാരികളുടെ നടപടിയിൽ പ്രതിഷേധിച്ച് പണിമുടക്ക് അനിശ്ചിതമായി തുടരാൻ യൂണിയൻ തീരുമാനിച്ചു.

ആഗസ്റ്റ് 7-ാം തീയതി നൂറുകണക്കിന് തൊഴിലാളികൾ ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലേക്ക് മാർച്ചു ചെയ്തു. മാർച്ച് ഉദ്ഘാടനം ചെയ്തത് എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ ആണ്.

കെഎംഎസ്ടിയു സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്. സീതിലാൽ, ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രൻ, ജില്ലാ സെക്രട്ടറി ആർ. അർജ്ജുൻ, കെ.ജെ. ഷീല, സതിനി മനോഹരൻ, ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ കെ.പി. സുബൈദ, വസന്ത ബാലചന്ദ്രൻ, ജില്ലാ ട്രഷറർ സുഭദ്ര മുകുന്ദൻ, യു. ശോഭന, ആൾ ഇന്ത്യാ യുടിയുസി ജില്ലാ സെക്രട്ടറി പി.ആർ.സതീശൻ തുടങ്ങിയവരാണ് വിവിധ പ്രക്ഷോഭപരിപാടികൾക്ക് നേതൃത്വം നൽകുന്നത്. പണിമുടക്ക് തുടർന്നുകൊണ്ടിരിക്കുന്നു.

**ചേർത്തല താലൂക്കിലും കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ സമരം.**

മിനിമംകൂലി ആവശ്യപ്പെട്ടുകൊണ്ട് കെഎംഎസ്ടിയു അരൂർ മേഖലാകമ്മിറ്റിയുടെ നേതൃത്വത്തിൽ എരമല്ലൂരുള്ള ചേംബർ ഓഫ് കേരള സീ ഫുഡ് ഇൻഡസ്ട്രീസ് ഓഫീസിലേക്ക് ആഗസ്റ്റ് 2-ാം തീയതി തൊഴിലാളികൾ മാർച്ചും ധർണ്ണയും നടത്തി.

ധർണ്ണ കെ.എം.എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ ഉൽഘാടനം ചെയ്തു. അരൂർ മേഖലാ സെക്രട്ടറി കെ.പ്രതാപൻ അദ്ധ്യക്ഷത വഹിച്ചു. മേഖലാ പ്രസിഡന്റ് സിന്ധു മധു, വൈസ്പ്രസിഡന്റുമാരായ സുധർമ്മ, സിന്ധു വിശ്വംഭരൻ, ജോയിന്റ് സെക്രട്ടറി സരസി രാജൻ, ജി.രാഗിണി, ഫാക്ടറി വിഭാഗം സെക്രട്ടറി പി.കൃഷ്ണകുമാർ, പ്രസിഡന്റ് വി.കെ.ചന്ദ്രൻ, എം.പി.കാർത്തികേയൻ എന്നിവർ നേതൃത്വം വഹിച്ചു. •



ആഗസ്റ്റ് 7 ന് ആലപ്പുഴ ഡിഎൽഒ ഓഫീസ് മാർച്ച് സഖാവ് ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്യുന്നു.

# ജനകീയ സമരത്തെത്തുടർന്ന് പൊക്കാളിപ്പാടങ്ങളിൽ നെൽകൃഷി തിരിച്ചു വരുന്നു

**ക**ഴിഞ്ഞ കാൽനൂറ്റാണ്ടിലേറെയായി നെൽകൃഷി മുടക്കികൊണ്ട് ചെമ്മീൻ വാറ്റ് മാത്രം നടത്തിയിരുന്ന എഴുപുന്നയിലെ 165 ഏക്കർ വിസ്തൃതിയുള്ള പുത്തൻകരി പാടശേഖരത്തിൽ 2013 ജൂൺ 30ന് സമരസമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി പുനഃരാരംഭിക്കുന്നതിന്റെ ഭാഗമായി പൊക്കാളി നെൽവിത്ത് വിത ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ. എൻ. പത്മകുമാർ ഉദ്ഘാടനം ചെയ്തു. 365 ദിവസവും പാടശേഖരങ്ങളിൽ ചെമ്മീൻ വാറ്റിനായി ഉപ്പുവെള്ളം കയറ്റിടുന്നതിലൂടെ സൃഷ്ടിക്കപ്പെട്ട പാരിസ്ഥിതിക-സാമൂഹ്യപ്രശ്നങ്ങൾക്കെതിരെ നാളുകളായി വളർന്നു വികസിച്ച ജനജാഗ്രതയെത്തുടർന്ന് ചില നിലമുടമകൾ പാടങ്ങൾ നെൽകൃഷി ചെയ്യുവാൻ സമര സമിതിക്ക് വിട്ടുതരുവാൻ സന്നദ്ധമായതിനെ തുടർന്നാണ് കൃഷി പുനഃരാരംഭിക്കുന്നത്. ഇതിനോടനുബന്ധിച്ച് എഴുപുന്നയിൽ നടന്ന സമ്മേളനത്തിൽ ജസ്റ്റിസ് കെ. സുകുമാരൻ മുഖ്യപ്രസംഗം നടത്തി. പ്രമുഖ കൃഷി ശാസ്ത്രജ്ഞൻ കെ.ജി പത്മകുമാർ, ഫാദർ പ്രശാന്ത് പാലക്കപ്പള്ളി, ഫാദർ സെബാസ്റ്റ്യൻ പുത്തൻപുരക്കൽ, കൃഷി ഓഫീസർ കെ.എസ് മേരി മാർഗരറ്റ് എന്നിവരും പ്രസംഗിച്ചു.

ആലപ്പുഴ ജില്ലയിലുള്ള 5000 ഏക്കറോളം വരുന്ന പൊക്കാളി പാടങ്ങൾ അരൂർ, എഴുപുന്ന, കോടംതുരുത്ത്, തുറവൂർ, പട്ടണക്കാട് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു. പൊക്കാളി പാടങ്ങളിലെ നിരന്തര ചെമ്മീൻ വാറ്റിനെതിരെ ഉയർന്നുവന്ന ജനകീയ സമരം എഴുപുന്ന മേഖലയിൽ നിന്നാരംഭിച്ച് വ്യാപകമായതോടെ ജില്ലാഭരണകൂടം പ്രശ്നത്തിൽ ഇടപെടുകയും 2013 മാർച്ച് 27ന് ജില്ലാ കളക്ടർ ഉത്തരവിറക്കുകയും ചെയ്തു. നെൽകൃഷി സീസണിൽ മത്സകൃഷി പാടില്ലെന്നും പൊക്കാളിപ്പാടങ്ങളിൽ നെൽകൃഷിചെയ്യുന്നവർക്കുമാത്രമേ മത്സ്യകൃഷിക്കുള്ള ലൈസൻസ് ലഭ്യമാക്കാവൂ എന്ന് ഉത്തരവ് അനുശാസിക്കുന്നു.

കളക്ടറുടെ ഉത്തരവ് തടയണമെന്നാവശ്യപ്പെട്ട് വേനലവധിയിലായിരുന്ന ഹൈക്കോടതിയിലെ 3 വ്യത്യസ്ഥ സിംഗിൾ ബഞ്ചുകളിൽ ചെമ്മീൻ മുതലാളിമാർ സമീപിച്ചെങ്കിലും കോടതിയിൽ നിന്നു സ്റ്റേ ലഭിച്ചിരുന്നില്ല. എന്നാൽ നാലാമത്തെ ബഞ്ചിൽ കേസ് വന്നപ്പോൾ കളക്ടർക്കുവേണ്ടി സത്യവാങ്മൂലം സമർപ്പിക്കേണ്ടിയിരുന്ന ഗവൺമെന്റ് പ്ലീഡർ ഹാജരാകാതിരിക്കുകയും ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് വേണ്ടത്ര ധാരണയില്ലാത്ത ജൂനിയർ അഡ്വക്കേറ്റ് ഹാജരാകുകയും ചെയ്തു. അങ്ങനെ ബന്ധപ്പെട്ട പ്രദേശത്തിന്റെ പാരിസ്ഥിതിക-സാമൂഹ്യ പശ്ചാത്തലം കോടതി മുൻപാകെ വിശദീകരിക്കപ്പെടാതെ പോകുകയും മുതലാളിമാർക്കനുകൂലമായി താൽക്കാലിക സ്റ്റേ ഉണ്ടാകുകയും ചെയ്തു. അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖാന്തിരം ഉണ്ടായ ഇടപെടലിലൂടെ ഒരു പ്രദേശത്തെയാകമാനം നിരാശയിലാഴ്ത്തി താൽക്കാലിക സ്റ്റേ നിലവിൽ വന്നു. ഈ സ്റ്റേ നിലനിൽക്കെയാണ് ജനാഭിലാഷത്തെ മാനിച്ച് ചില നിലമുടമകൾ പാടശേഖരം സമരസമിതിക്ക് വിട്ടു നൽകുന്നത്.

പരമ്പരാഗതമായി രൂപപ്പെട്ടു വന്ന ഒരു 'നെല്ലും ഒരു മീനും' പ്രകൃതിയെ അടുത്തറിഞ്ഞ് നീണ്ട നാളത്തെ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ നമ്മുടെ പൂർവ്വികർ സൃഷ്ടിച്ചെടുത്തതാണ്. ഈ കൃഷിരീതി ഫലപ്രദമായി നിലനിന്നിരുന്ന കാലഘട്ടത്തിൽ ഈ പ്രദേശങ്ങൾ ഹരിതാഭമായ ഭൂപ്രദേശങ്ങളായി സംരക്ഷിക്കപ്പെട്ടിരുന്നു. ഈ സമ്പ്രദായം നിലനിൽക്കുന്ന എറണാകുളം ജില്ലയിലെ വരാപ്പുഴയിൽ നിന്നാണ് രണ്ടരടൺ പൊക്കാളി നെൽവിത്ത് സമരസമിതി എഴുപുന്നയിൽ എത്തിച്ചത്. കുട്ടനാട്ടിൽ നിന്നുള്ള വിദഗ്ധരായ കർഷക തൊഴിലാളികളുടെ നേതൃത്വത്തിൽ സമരസമിതിയുടെ നൂറിലേറെ പ്രവർത്തകർ ചേർന്നാണ് 140 ഏക്കർ നിലം ഒരുക്കി ജൂൺ 25ഓടു കൂടി വിത പൂർത്തിയാക്കിയത്.

പുത്തൻകരി പാടശേഖരത്തിന് സമീപം നടന്ന വിത ഉദ്ഘാടന സമ്മേളനത്തിൽ പൊക്കാളി സംരക്ഷണ സമരസമിതി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. എസ്. സീതിലാൽ, അഡ്വ.ഗാസ്പർ കളത്തുങ്കൽ, എം.ജി ശ്രീകുമാർ കമ്മത്ത്, രുഗ്മിണി ബോബൻ, ബെൻഷി ഷാജി, കെ.ജെ ഷീല, കെ.ആർ അജയകുമാർ, കെ.പി സ്മിനീഷ്, ഉമ്മച്ചൻ പോൾ, ടി.ശിവദാസൻ, കെ. പ്രതാപൻ, പി.എസ് മൈക്കിൾ, അനിതാബെന്നി,നിഷാ ബോബൻ, കെ.ആർ തോമസ്, കെ.കെ വിക്രമൻ, കെ ആർ ജോണി, എസ് പി ഷാലി, പി.കെ സാബു, വർഗ്ഗീസ്കുട്ടി മുണ്ടുപറമ്പിൽ, എൻ.ജെ സുബി, പി.എ മാനുവൽ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. കെ.എൽ ബെന്നി സ്വാഗതവും എൻ.കെ ശശികുമാർ കൃതജ്ഞതയും പറഞ്ഞു. •




ജൂൺ 30 ന് പൊക്കാളി നെൽവിത്ത് വിത ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ. എൻ. പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 1st day of every month.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

UNITY
MALAYALAM MONTHLY

Vol 40 No.5
Price : Rs 5.00
August 2013

# വിവിധ രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളുടെ ശരിയായ ദിശയിലുള്ള ഏകോപനം ആവശ്യം




ഇന്റർനാഷണൽ ആന്റി ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി(ഐഎസിസി) ജനറൽ സെക്രട്ടറി മണിക്മുഖർജി സംസാരിക്കുന്നു.വേദിയിൽ (ഇടതുനിന്ന് വലത്തേയ്ക്ക്) ഫ്രാൻസിസ് കളത്തുങ്കൽ, ഡോ.വി.വേണുഗോപാൽ, ഡോ.ഡി.സുരേന്ദ്രനാഥ്, സി.കെ.ലൂക്കോസ്, ജി.എസ്.പത്മകുമാർ.

**ഇ**ന്ന് ലോകത്തെ വിവിധ രാജ്യങ്ങളിൽ വളർന്നുവരുന്ന സമ്രാജ്യത്വവിരുദ്ധ ജനകീയപ്രക്ഷോഭങ്ങളെ ശരിയായ ദിശയിൽ ഏകോപിപ്പിക്കുകയെന്നത് ഇന്നത്തെ അടിയന്തിരാവശ്യകതയാണെന്ന് ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി(ഐഎസിസി) ജനറൽസെക്രട്ടറിയും എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗവുമായ സഖാവ് മണിക്മുഖർജി പറഞ്ഞു.

ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം(എഐഎഐഎഫ്) കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 7 ന് എറണാകുളം അച്യുതമേനോൻ ഹാളിൽ സംഘടിപ്പിക്കപ്പെട്ട പരിപാടിയിൽ വിവിധ രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധപ്പോരാട്ടങ്ങൾ-പ്രശ്നങ്ങളും സാധ്യതകളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്നുണ്ടായ സാർവ്വദേശീയ സാഹചര്യത്തിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികൾ ലോകജനതയുടെ സ്വാതന്ത്ര്യത്തിനും സമാധാനത്തിനുമെതിരെ ഉയർത്തുന്ന ഭീഷണിയെ ചെറുക്കാനുള്ള ഫലപ്രദമായ മാർഗ്ഗം അതാണെന്ന് അദ്ദേഹം പറഞ്ഞു. മുൻ അമേരിക്കൻ അറ്റോർണി ജനറലും ലോക പ്രശസ്ത സാമ്രാജ്യത്വവിരുദ്ധപ്പോരാളിയുമായ റാംസെ ക്ലർക്ക് പ്രസിഡന്റായുള്ള ഐഎസിസി ആ ദിശയിൽ നടത്തിവരുന്ന പ്രയത്നങ്ങൾക്ക് ആസ്ട്രേലിയ ഒഴികെയുള്ള എല്ലാ വൻകരകളിലുമുള്ള വിവിധ രാജ്യങ്ങളിൽ നിന്ന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

എഐഎഐഎഫ് സംസ്ഥാനചാപ്റ്റർ ജനറൽ സെക്രട്ടറി ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, എൻ.ആർ.മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു.

## ആന്ധ്രാപ്രദേശ് വിഭജിക്കുന്നതിനെതിരെ യോജിച്ചണിനിരക്കുക

**(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന)**

**1950** കളുടെ തുടക്കത്തിൽ വിശാല ആന്ധ്രാപ്രദേശിനുവേണ്ടി നടന്ന പ്രക്ഷോഭത്തിലൂടെയാണ് ഇന്നത്തെ ആന്ധ്രാപ്രദേശ് സംസ്ഥാനം നിലവിൽവന്നത്. ഇത് രണ്ടായി വെട്ടിമുറിക്കാൻ യുപിഎ നയിക്കുന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ജനങ്ങളുടെയിടയിൽ മനഃപൂർവ്വം ഭിന്നതയുണ്ടാക്കാൻ പോന്നതാണ് അന്യായവും ഏകപക്ഷീയവുമായ ഈ തീരുമാനം. അനാവശ്യവും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോന്നതുമായ ഈ തീരുമാനത്തെ എസ്‌യുസിഐ(സി) ശക്തമായി എതിർക്കുന്നു. സ്വാതന്ത്ര്യാനന്തരം പല സംസ്ഥാനങ്ങളും വെട്ടിമുറിച്ച് പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒടുവിലത്തേതാണ് ജാർഖണ്ഡ്, ഛത്തീസ്ഘട്ട്, ഉത്തരാഖണ്ഡ് എന്നിവ. ഇതുവഴി ഈ സംസ്ഥാനങ്ങൾക്ക് നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിൽ നിന്നും അടിച്ചമർത്തലിൽനിന്നും അൽപ്പംപോലും ആശ്വാസം ലഭിച്ചിട്ടില്ല. ജനങ്ങളനുഭവിക്കുന്ന എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയുമൊക്കെ മൂലകാരണം ഈ മുതലാളിത്ത വ്യവസ്ഥയാണ് എന്നുള്ളതിനാലും അത് ഒരു കോട്ടവും കൂടാതെ തുടരുമെന്നതിനാലും പുതുതായി രൂപീകരിക്കുന്ന സംസ്ഥാനത്തെ ജനങ്ങളുടെയും സ്ഥിതി ഇതുതന്നെയായിരിക്കും. പുതിയ സംസ്ഥാനം രൂപീകരിക്കപ്പെടുമ്പോൾ പഴയതുപോലെയുള്ള സ്വേച്ഛാവാഴ്ചതന്നെയാണ് അവിടെയും നടക്കുക. അതുകൊണ്ടുതന്നെ, അധികാര മോഹികളായ കുറെ രാഷ്ട്രീയക്കാർക്കും പോലീസ്-ഉദ്യോഗസ്ഥ പ്രമാണിമാർക്കും മാത്രമേ അതുകൊണ്ട് പ്രയോജനമുണ്ടാകൂ. ആന്ധ്രപ്രദേശ് വിഭജിച്ച് തെലുങ്കാന സംസ്ഥാനം രൂപീകരിച്ചാലും ഇതുതന്നെയാണ് സംഭവിക്കുക. വിലക്കയറ്റം, തൊഴിലില്ലായ്മ, പിരിച്ചുവിടൽ, ഫാക്ടറി അടച്ചുപൂട്ടൽ, കർഷകരുടെ കെടുതികൾ, അഴിമതി തുടങ്ങി ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെല്ലാം പഴയതുപോലെ തുടരുമെന്നുമാത്രമല്ല പുതിയ സാമ്പത്തിക ബാദ്ധ്യതകൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യും.

വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാമെന്ന കണക്കുകൂട്ടലോടെയാണ് ഭരണകക്ഷിയായ കോൺഗ്രസ്സ് ഹീനമായ ഈ നീക്കം നടത്തുന്നത്. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വിഘടനവാദ ശക്തികൾക്ക് സങ്കുചിതവും പ്രാദേശികവാദപരവുമായ കലഹങ്ങൾക്കും ഇത് പ്രോത്സാഹനം നൽകും. ജാതി, മതം, ഭാഷ, പ്രദേശം, വംശം എന്നിവയ്ക്കെല്ലാമുപരിയായി എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള യോജിച്ച ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് ഇത് അളവറ്റ ഹാനിവരുത്തിവയ്ക്കുകയും ചെയ്യും.

അതിനാൽ, മുതലാളിവർഗ്ഗത്തിന്റെ ഈ കെണിയിൽ അകപ്പെടരുതെന്നും എല്ലാ നിർണ്ണായക വസ്തുതകളും ക്ഷമാപൂർവ്വം പരിശോധിക്കണമെന്നും രായലസീമ പ്രദേശത്തെയും ആന്ധ്രയുടെ തീരപ്രദേശത്തെയും അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങളുമായി യോജിച്ചുനിന്നുകൊണ്ട് വിഘടനപരവും വഞ്ചനാപരവും ഗൂഢാലോചനാപരവുമായ ഈ നീക്കത്തെ തുരത്തണമെന്നും ജനജീവിതത്തിൽ ദുരിതംവിതയ്ക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ യോജിച്ചതും ശക്തവുമായ ജനാധിപത്യപ്രക്ഷോഭങ്ങളുടെ പാത സ്വീകരിക്കണമെന്നും നമ്മുടെ പാർട്ടിയുടെ കേന്ദ്രകമ്മിറ്റി ആന്ധ്രാപ്രദേശിലെ തെലുങ്കാനമേഖലയിലെ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. ഈ തീരുമാനം ഉടനടി റദ്ദാക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം ആന്ധ്രപ്രദേശിലെയും രാജ്യത്താകെയുമുള്ള ജനങ്ങളോട് ഈ ആവശ്യം ഏകസ്വരത്തിൽ ഉന്നയിക്കാൻ കേന്ദ്രകമ്മിറ്റി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാനകമ്മിറ്റിയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചു

**പു**തിയ ഇൻ്റർഫേസോടുകൂടി എസ്‌യുസിഐ(സി) കേരള സംസ്ഥാന കമ്മിറ്റിയുടെ വെബ്സൈറ്റ് പരിഷ്ക്കരിച്ചു. മൊബൈൽഫോണുകളിലും ടാബുകളിലുംവരെ വായിക്കാൻ കഴിയുന്നതരത്തിലുള്ള പുതിയ സാങ്കേതികവിദ്യയാണ് സൈറ്റിൽ ഉപയോഗിച്ചിരിക്കുന്നത്. വാർത്തകളും വെബ്സൈറ്റിന്റെ ലിങ്കും ഫേയ്സ്ബുക്ക് തുടങ്ങിയ സോഷ്യൽനെറ്റ് വർക്കുകൾവഴി ഷെയർ ചെയ്യാനുള്ള സൗകര്യവുമുണ്ട്.

kerala.sucicommunist.org എന്ന വെബ്സൈറ്റിന്റെ ഔപചാരികമായ ഉദ്ഘാടനം എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗം സഖാവ് മണിക്മുഖർജി നിർവ്വഹിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ്, സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ എന്നിവരും ഡോ.ഡി.സുരേന്ദ്രനാഥ്, എസ്‌യുസിഐ(സി) എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. പുതിയ വെബ്സൈറ്റിൽ ഉൾപ്പെടുത്താനാഗ്രഹിക്കുന്ന വാർത്തകൾ, ഫോട്ടോ, പരിപാടികളുടെ അറിയിപ്പുകൾ എന്നിവ editor@kerala.sucicommunist.org എന്ന മെയിലിലേക്ക് അയയ്ക്കേണ്ടതാണ്.

## ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ




**ആ**ൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷ(എഐഡിഎസ്ഒ)നും ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി(എഐഎസ്ഇസി)യും ചേർന്ന് ജൂലൈ 24 ന് കോഴിക്കോട് സംഘടിപ്പിച്ച ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ കൽപ്പറ്റ നാരായണൻ ഉദ്ഘാടനം ചെയ്യുന്നു, സർവ്വകലാശാലകളെ തകർക്കുന്ന, സർക്കാർ-എയ്ഡഡ് കോളേജുകളെ സ്വാശ്രയ സ്ഥാപനങ്ങളാക്കുന്ന സ്വയംഭരണ കോളേജുകൾ വേണ്ട എന്ന ഡിമാന്റുയർത്തിയാണ് കൺവൻഷൻ സംഘടിപ്പിച്ചത്. കൺവൻഷനിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷതവഹിച്ചു. എഐഎസ്ഇസി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ വിഷയാവതരണം നടത്തി. ഡോ. എം.ജ്യോതിരാജ്, ഡോ.കെ.എൻ.അജോയ്കുമാർ, അഡ്വ.ബി.കെ.രാജഗോപാൽ, പി. അൻസാർ, സി. ഷഫീർ, ബിനുബേബി, എ.ശേഖർ, പി.കെ.പ്രഭാഷ് തുടങ്ങിയവർ പ്രസംഗിച്ചു.

കൺവൻഷനുമുമ്പ് നഗരത്തിൽ വിദ്യാർത്ഥികളുടെ പ്രതിഷേധ പ്രകടനവും നടന്നു.

**കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിദ്യാഭ്യാസവിരുദ്ധ നയങ്ങൾക്കെതിരെ**
**എ.ഐ.ഡി.എസ്.ഒ സംഘടിപ്പിക്കുന്ന**
**8-ാം അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം**
**2013 ആഗസ്റ്റ് 26-29, ഭോപ്പാൽ, മദ്ധ്യപ്രദേശ്.**

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.